2 ADJOURNMENT MOTION

Mr. President : I have received notice of an adjournment motion. It is quite out of order, and it is therefore disallowed. We will now take up the Cochin Income Tax Act Amendment Bill.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Can I explain that it is tenable and convince you, Sir?

Mr. P. K. Dever *(Nominated):* The ruling is over.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Therefore it is,, Sir, that I place before the Chair my request, whether I can explain the matter and convince the Chair.

Mr. President: There was no difficulty on the part of the Chair to come to this conclusion, as it was a very simple matter. Usually, the Chair calls for an explanation; but in this particular instance the matter was so plain that the Chair does not think it necessary to spend the time of the House by calling for an explanation.

Choudhury G.S. Dhara Singh *(Mattancheri):* Is it Mr. Ezhuthassan's adjournment motion?

Mr. P. Kumaran Ezhuthassan *(Vadakkancheri):* It is mine, Sir. I have sent it.

Mr. President: Order, order.

3. LEGISLATIVE BUSINESS—GOVERNMENT BILLS

THE COCHIN INCOME-TAX ACT (AMMENDMENT) BILL (CONT.)

മിസ്റ്റർ പി. കെ. ഡിവർ : സർ, ഇന്നലെ ഞാൻ ഈ ബില്ലിനെ പിന്താങ്ങികൊണ്ട് ഇതിനെ എതിത്ത ആളുകളുടെ വാദമുഖങ്ങൾക്ക സാമാന്യമായ മറുപടി പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. ഇന്നത്തെ ഗവൺമെണ്ടിനു പുതിയതായി ടാക്സേഷൻ നടപ്പാക്കാൻ അധികാരമില്ലെന്നാണ നമ്മളുടെ ഈ സഭയുടെ പ്രതിപക്ഷ നേതാവായ മിസ്റ്റർ പറമ്പിലോനപ്പൻ പറഞ്ഞുകേട്ടതു്.

മിസ്റ്റർ പറമ്പിലോനപ്പൻ: ജനങ്ങളുടെ Sanction ഇല്ല; Representative character ഇല്ല എന്നാണു്പറഞ്ഞതു്.

മിസ്റ്റർ പി. കെ. ഡിവർ : ജനങ്ങളുടെ സാംക്ഷനും പ്രാതിനിദ്ധ്യവും ഇന്നത്തെ മന്ത്രിസഭക്ക ഉണ്ടൊ എന്നതു ഇതിനകം അറിഞ്ഞുകഴിഞ്ഞതാണു്. ഇല്ലെന്ന ഇവിടെ ചിലർ അക്രോശിച്ചതുകൊണ്ട അതു ഇല്ലാതെ പോകുന്നില്ല. ഒരു സംഗതി ഇവിടെ പറയാൻ ഞാൻ പ്രത്യകം ആഗ്രഹിക്കുന്നു. ജനക്ഷേമകരങ്ങളായ അത്യാവശ്യകാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനു വേണ്ടി നികുതി ചുമത്തുവാൻ എപ്പോഴെല്ലാം ശ്രമം ഉണ്ടായിട്ടുണ്ടൊ അപ്പോഴെല്ലാം സ്ഥാപിതതാല്പര്യക്കാർ അതിനെ എതിത്തിട്ടുണ്ടു്. സ്ഥാപിതതാല്പര്യക്കാരും അവരുടെ ശബ്ദം ഇവിടെ മുഴക്കുവാൻ കടപ്പെട്ടവരും ഈ ബില്ലിനെ ഇവിടെ എതിക്കുന്നതും അതുതന്നെ. പക്ഷെ ഇന്നത്തെ എതിപ്പിന്റെ രീതിയ്ക്ക് നാം ഒരു വ്യത്യാസം കാണുന്നുണ്ടു്. യഥാർത്ഥത്തിൽ സ്ഥാപിത താല്പര്യത്തിനു വേണ്ടിയാണ ഈ എതിപ്പുകളെല്ലാം എന്നിരുന്നാലും പാവങ്ങളുടെ—സാമാന്യജനങ്ങളുടെ പേരിലാണ ആ എതിപ്പിനു ഇന്നു അവർ രൂപം കൊടുത്തിട്ടുള്ളതു എന്നു ഒരു പ്രത്യേകത അതിനുണ്ടു്. സ്വന്തം താല്പര്യങ്ങളെ പരിരക്ഷിക്കുന്നതിനുള്ള യത്നവും സാമാന്യ ജനങ്ങളുടെ താല്പര്യമെന്ന വ്യാജേന വേണ്ടിവന്നിരിക്കുന്നു എന്നു സ്ഥാപിതതാല്പര്യക്കാക്കും അവരുടെകിങ്കരന്മാക്കും മനസ്സിലായിരിക്കുന്നു. പാവപ്പെട്ടവന്റെ—സാമാന്യജനങ്ങളുടെ പേരിലല്ലാതെ സ്വന്തം താൽപര്യം പരിരക്ഷിക്കയാൽ സംസാരിക്കാൻ നിവർത്തിയില്ലാത്തതായ ഒരു നിലയാണ ഇവിടെ സംജാതമായിട്ടുള്ളതു. അതുക്കു സാമാന്യജനങ്ങൾ ഇവിടെ ഉണർന്നു കഴിഞ്ഞിരിക്കുന്നു. സാമാന്യ ജനങ്ങളെ ഇവക്ക അതുക്കു ഭയവും ഉണ്ടായിട്ടുണ്ടു. പക്ഷെ സാമാന്യജനങ്ങൾക്ക തങ്ങളുടെ ബന്ധുക്കളെയും തങ്ങളുടെ പേരിൽ മുതലകണ്ണുനീർ പൊഴിച്ചു സ്വന്തം സ്ഥാപിതതാല്പര്യത്തെ ജനസാമാന്യത്തിന്റെ പൊതുതാല്പര്യത്തിനെതിരായി സ്ഥാപിക്കാൻ ശ്രമിക്കുന്ന സ്ഥാപിതതാല്പര്യക്കാരെയും അവരുടെ കിങ്കരന്മാരെയും മനസ്സിലാക്കാൻ, തിരിച്ചറിയാൻ സാധിക്കാതെക്കവിധം അവർ ഉയർന്നിരിക്കുന്നു. അതുകൊണ്ടു് ഈ കള്ളനാണയങ്ങൾ ഇനി ചിലവാകുകയില്ല, സർ. നെല്ലായി തിരഞ്ഞെടുപ്പു് ഈ പരമാർത്ഥം സുവ്യക്തമാക്കിയിരിക്കുന്നു.

Mr. President : It is not a general consideration. Please come to the principle of the Bill.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. K. Dever *(Nominated)* : I am going to discuss the principle of the Bill.

Mr. President : You are going, but do it.

Mr. P. K: Dever *(Nomniated)* : I was saying that this Government stands for the people and I am advancing arguments towards it.

Mr. President : Order, order. These are considerations remote from the principle of the Bill. The House must spend its time in discussing the principle of tbe Bill instead of general considerations like what the Hon'ble Member alludes to.

മിസ്റ്റർ പി. കെ. ഡീവർ : സാധാരണ ജനങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന, അവരുടെ സാക്ഷ്യത്തം പ്രാതിനിദ്ധ്യവുമുള്ള ഒരു ഗവമ്മേണ്ടാണ ഇന്നാത്തേതു് എന്നാണ ആ തിരഞ്ഞെടുപ്പു ഫലം പ്രഖ്യാനം ചെയ്യുന്നതു്. അവക്കുവേണ്ടിയുള്ള പുതിയ പദ്ധതികളും അവനടപ്പാക്കാൻ പുതിയ ടാക്കേഷനും എല്ലാം ഉണ്ടാക്കാനുള്ള അധികാരം ഈ ഗവമ്മേണ്ടിനുണ്ടു്. ഈ ഗവമ്മേണ്ടിനെക്കുറിച്ചു എന്തെല്ലാം അപഖ്യാതികളും അവഹേളനങ്ങളും പറഞ്ഞാലും ശരി ജനങ്ങൾക്കു അവരിൽ വിശ്വാസമുണ്ടു്. How many minutes can I have, Sir?

Mr. President: How manay minutes do you require?

Mr. P. K. Dever *(Nominated)*: I would like to get ten minutes.

Mr. President. You can have five minutes.

മിസ്റ്റർ പി. കെ. ഡീവർ: അതുകൊണ്ടു തീർച്ചയായും ഇത്തരം ബില്ലുകൾ കൊണ്ടുവരാൻ ഇന്നത്തെ ഗവമ്മേണ്ടിനു അധികാരമുണ്ടു് എന്നും, ജനങ്ങളുടെ പിന്തുണയുള്ള ഒരു ഗവമ്മേണ്ടാണു് ഇതെന്നും, ജനങ്ങളെ പ്രതിനിധീകരിക്കുന്ന ഗവമ്മേണ്ടായതു കൊണ്ടാണു് ഇത്തരം ബില്ലുകൾ കൊണ്ടുവരാൻ ധൈര്യപ്പെടുന്നതെന്നുമാണ ഞാൻ വാദിക്കുന്നതു"

Mr. President: What has that to do with this Bill? These are quite irrelevant observations.

Mr. P. K. Dever *(Nominated)* : If the Chair won't allow me, I will take another opportunity.

സർ, ഒരു സംഗതിക്കൂടി. ഈ ബില്ലിനെപ്പറ്റിയുള്ള വാദപ്രതിവാദാവസരത്തിൽ ഞങ്ങളുടെകൂട്ടുകക്ഷിയിൽ പെട്ട സ്നേഹിതന്മാരെ ഒരു സംഗതി ഓർമ്മപ്പെടുത്താൻ ഞാൻ വിചാരിക്കുന്നു. ഇന്നത്തെ കൂട്ടുഭരണ സമ്പ്രദായം പരാജയപ്പെടുത്താനും കൂട്ടുകക്ഷികൾ തമ്മിൽ വിടവു ഉണ്ടാക്കാനുമുള്ള പലപരിശ്രമങ്ങളും നടക്കുന്നുണ്ടു്. ആ ഉപജാപത്തിൽ നാം പെട്ടുപോകരുതു.

സർ, ഈ ബിൽ ജനക്ഷേമകരങ്ങളായ കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടിയുണ്ടാക്കീട്ടുള്ളതല്ലെന്നും, ഈ ഗവമ്മേണ്ടിനു പ്രാതിനിദ്ധ്യസ്വഭാവമില്ലെന്നും പറയുന്നതു അക്ഷരംപ്രതി അബദ്ധമാണെന്നു അടുത്ത കാലത്തുണ്ടായ പല ഇടക്കാല തിരഞ്ഞെടുപ്പു തെളിയിച്ചിട്ടുള്ളതുകൊണ്ടു് ആ വിതണ്ഡാവാദത്തിനു മറുപടി പറയാനായി ഞാൻ സമയം കളയണമെന്നു വിചാരിക്കുന്നില്ല.

ഇൻറിം ഗവമ്മേണ്ടു ഇത്തരം ബില്ലുകൾ കൊണ്ടുവരുന്നതു തെറ്റാണെന്ന ഒരു പുതിയ തത്വം നമ്മുടെ പണ്ഡിതനായ പ്രതിപക്ഷനേതാവു കണ്ടുപിടിച്ചിരിക്കുന്നു. ഞാൻ ചോദിക്കുന്നു ഇന്നു ഇന്ത്യയിലുള്ളതു മുഴുവൻ ഇൻറിം ഗവമ്മേണ്ടുകളെല്ലേ എന്നു? പ്രോവിൻസുകളിലും സെൻറിലും ഇൻറിം ഗവമ്മേണ്ടുകളല്ലെ ഇന്നു ഭരണം നടത്തുന്നതു? ഇൻറിം ഗവമ്മേണ്ടിനുവേണ്ടി മിസ്റ്റർ ലിയാക്കത്താലിഖാൻ സെൻറൽ അസംബളിയിൽ അവതരിപ്പിച്ചു ഫൈനാൻസു് ബില്ലിൻെറ കാര്യം പ്രതിപക്ഷനേതാവു വിസ്മരിച്ചുപോയോ എന്നു ഞാൻ ചോദിക്കുന്നു?

ഇനി ഈ ബില്ലിനെപറ്റി മറെറാരാക്ഷേപം ചാരിറ്റബിൾ ഇൻസ്റ്റിറ്റൂഷനുകളെ പിടിക്കുടിയിരിക്കുന്നുവെന്നതാണു്. എന്നാൽ ഈ ചാരിറ്റബിൾ ഇൻസ്റ്റിറ്റൂഷനുകളുടെ ഉള്ളിലേക്കു് കടന്നു നോക്കിയാൽ അവിടെ നടക്കുന്ന പല അഴിമതികളും നമുക്കു കാണാൻ കഴിയും. ധർമ്മസ്ഥാപനത്തിൻെറ പേരിൽ പിരിച്ചെടുക്കുന്ന പണത്തിൽ വളരെ വലിയ സംഖ്യ ശമ്പളമായും അലവൻസായും മറ്റും പറ്റുന്നതായി പലരും അതിനുള്ളിൽ നടക്കുന്നുണ്ടെന്നതു, നമുക്കു പലപ്പോഴും അനുഭവപ്പെട്ടിട്ടുള്ളതല്ലെ? എന്നിരുന്നാലും ചാരിറ്റബിൾ ഇൻറസിറ്റിറ്റൂഷനുകളിൽനിന്നു അവയുടെ നടത്തിപ്പിനു എത്ര സംഖ്യ ആവശ്യമുണ്ടോ അതു കഴിച്ചു ബാക്കിയുള്ള ആദായത്തിനുമേലെ ഈ നികുതി ചുമത്തുന്നുള്ളു. എറണാകുളം വനിതാമെമ്പർ ആ ഒരു വകുപ്പു ബില്ലിൽനിന്നു കളയാൻ നോട്ടീസ്സു കൊടുത്തിരിക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു. ശ്രീമതി മിസ്സിസ് ടി ഫ്രാൻസീസ്സു് ഉൾപ്പടെയുള്ള പ്രൊഹിബിഷൻ കമ്മിറ്റിയാണു ഈ നിർദ്ദേശം ഗവമ്മേണ്ടിനു ആദ്യമായി നൽകിയതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. President: Order, order. Will it not be more proper to discuss that point when the amendment is moved?

Mr. P. K. Dewer (*Nominated*): I hope, Sir, the Hon'ble Member may not at all move it when I say that. ഈ ബഹുമാന്യ മെമ്പറുൾപ്പെടെയുള്ള ഒരു കമ്മിറ്റി ഏകാഭിപ്രായത്തോടുകൂടി, യാതൊരു വ്യത്യസ്ത കുറിപ്പും ഇല്ലാതെയാണ് ഈ നികുതി ശുപാർശ ചെയ്തതെന്ന പരമാർത്ഥം എല്ലാവർക്കും അറിവുള്ളതാണ്. എന്നാൽ കഴിഞ്ഞ ദിവസം ഇതിനെക്കുറിച്ചു നടന്ന ഡിസ്കഷനിൽ അങ്ങിനെ ഒരു തീരുമാനമുണ്ടായിട്ടില്ലെന്നു അവർ പറകയുണ്ടായി. അങ്ങിനെയല്ലെന്നുള്ളതിനു അതിൽനിന്നു ഒരു ഭാഗം അവരുടെ അറിവിനായി ഇവിടെ വായിക്കാം.

"We recommend that the exemption from income-tax which religious and charitable institutions now enjoy be done away with as we see no reasons for preferentail treatment in their case. Surplus incomes accumulated by such institutions can in our opinion stand the strain of income-tax much better than private individuals.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ബഹുമാനപ്പെട്ട മെമ്പർ ഏതു റിപ്പോർട്ടു നോക്കിയാണു വായിക്കുന്നതു"?

Mr. P. K. Dewer (*Nominated*) It is the Prohibition Committee report of which Mrs. Francis was a member. ഈ കമ്മിറ്റി റിപ്പോർട്ടിൽ വേറൊരു വിശേഷതയുണ്ട്. Prohibition എപ്പോൾ വേണം, എങ്ങിനെവേണം നടപ്പാക്കാൻ എന്നതിനെക്കുറിച്ചല്ലാതെ പ്രൊഹിബിഷൻ മൂലമുള്ള നഷ്ടം നികത്താൻ എന്തെല്ലാം നികുതി എർപ്പെടുത്തണമെന്നതിനെക്കുറിച്ചു, അഭിപ്രായഭിന്നത കൂടാതെയാണ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതു. മിസ്സിസ്സ് ടി. ഫ്രാൻസീസ്സിന്റെ വ്യത്യസ്തക്കുറിപ്പു അതിലില്ല. അങ്ങിനെയിരിക്കെ, തീച്ചയായും അതിനെക്കുറിച്ചു ഇപ്പോൾ ഒരെതിരഭിപ്രായം പറയുന്നതു ന്യായീകരിക്കത്തക്കതല്ല. തെളിവെടുക്കുന്നതിനുവേണ്ടി എവിടെയെല്ലാം ഈ കമ്മിറ്റി പോയിട്ടുണ്ടോ അവിടെയുള്ള ജനങ്ങളുടെയെല്ലാം ധർമ്മസ്ഥാപനങ്ങളെ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനെപ്പറ്റി അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പൊതുജനാഭിപ്രായം പൊതുവെ അനുകൂലവുമായിരുന്നു.

സർ, ഈ ഗവൺമെണ്ടു ജനക്ഷേമകരങ്ങളായ കാര്യങ്ങൾക്കു ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടില്ലാത്ത കാരണത്താൽ പാവപ്പെട്ട ജനങ്ങളുടെ പേരിൽ എതിർക്കയുണ്ടായ പ്രതിപക്ഷത്തിന്റെ ഡെപ്യൂട്ടിനേതാവു ഇന്നത്തെ ഗവൺമെണ്ടു തോട്ടകളും റോഡുകളുമുണ്ടാക്കാനല്ലെ ശ്രമിക്കുന്നതെന്നു ചോദിച്ചുകേട്ടു. പക്ഷെ, തോട്ടകളും റോഡുകളും നാട്ടിലെ സാധാരണ ജനങ്ങൾക്കുവേണ്ടിയുള്ളതല്ലെന്ന ഒരു പുതിയ തത്വം ഇപ്പോൾ മാത്രമാണു എനിക്കു പഠിക്കാൻ സാധിച്ചതു". തോട്ടകളും, റോഡുകളും ഇവിടത്തെ കച്ചവടത്തെ വർദ്ധിപ്പിക്കുന്നതിനു, ഇവിടത്തെ സാധാരണ ജനങ്ങൾക്കു അവരുടെ ഉൽപന്നങ്ങൾ വിപണിയിലേയ്ക്കു കൊണ്ടുപോകാൻ ഉപകാരപ്രദമല്ലെ എന്നു ഞാൻ ചോദിക്കുന്നു.

Mr. President: It is time.

മിസ്റ്റർ പി. കെ. ഡീവർ: ഇന്നത്തെ ഗവൺമെണ്ടിനു പൊതുജനങ്ങൾക്കുപകാരമായ ഇതിനേക്കാൾ വലിയ പല പദ്ധതികളും ഇനിയും സ്വീകരിക്കേണ്ടതായിട്ടുണ്ടു. സാമൂഹ്യമായ വീക്ഷണഗതിയിൽ വളരെ മാറ്റം വരുത്തണമെന്നാഗ്രഹിക്കുന്നവരാണു ഞാനും ഞങ്ങളുടെ കക്ഷികളിൽ പെട്ടവരും. ഇതുപോലെയുള്ള നിയമനിർമ്മാണം വേണ്ടിവരുന്ന അവസരങ്ങളിൽ, ജനങ്ങളുടെ പേരും പറഞ്ഞു എതിർക്കുന്ന സ്ഥാപിത താല്പര്യക്കാരുടെ വക്താക്കൾ നിയമസഭയിലും പുറത്തും ഇന്നു ദുഷ്പ്രചരണങ്ങൾ നടത്തുമ്പോൾ ഈ കാര്യം അത്ര ക്ഷിപ്രസാദ്ധ്യമല്ലാതെ വന്നേക്കാം. എങ്കിലും അത്തരം പരിപാടികൾ ക്രമേണ നടപ്പിൽ വരുത്താൻ ഞങ്ങൾക്കു സാധിക്കുമെന്നും പൊതുജനങ്ങളുടെ പിന്തുണ തികച്ചും ഈ ഗവൺമെണ്ടിനു ആ കാര്യത്തിൽ ലഭിക്കുമെന്നും എനിക്കുറപ്പുണ്ടു. പരിപൂർണ്ണാധികാരം ജനകീയ ഹസ്തങ്ങളിലേയ്ക്കു പകരുമ്പോൾ ജനങ്ങൾക്കു വേണ്ടിയുള്ള നിയമങ്ങൾ കൊണ്ടുവരുന്നതിനും ഒരു സോഷ്യലിസ്റ്റു രീതിയിലുള്ള ഭരണം നടപ്പിലാക്കുന്നതിനും സാധിക്കാതെ വരികയില്ല. ആ കാലം അതിവിദൂരമല്ല.

Mrs. T. Francis (*Ernakulam-Women*): I oppose the Bill, not because I form a part of the opposition and think that I should oppose it as I happen to be on this side of the House—

LIBRARY ARCHIVES Kerala Legislative Assembly

[Mrs. T. Francis]

No, certainly not—but I oppose it because it is not time yet to enhance the income-tax and Sales-tax; I oppose it because it encroaches upon the freedom of activities of religious and other charitable institutions.

The Income-tax, as it is now, takes a good amount from the commercial classes from the professionalist, from Government and other officials and from landlords. The time to enhance the existing rate is not ripe yet. The Government have not introduced prohibition; on the other hand, by the auction of toddy and arrack shops for 1123 the Government is a gainer. Government are going to introduce prohibition only by about October in Chittur Taluk—the least drinking place and thereby the least loss of revenue on that account. So the Government could have waited for a while more and given due consideration before thinking of enhancing the Income-tax. Government are going to give a trial to prohibition at present. Then why should the Government, before the results of the trial are known, want to introduce heavier taxation and burden on the ordinary people?

The Sales-tax and its implications from the standpoint of commerce were well explained by the member representing Commerce and the member for Mattancheri. We hear that many merchants have left the place to the neighbouring State on account of this particular kind of taxation and now the Government want to amend and raise the present rates of sales-tax. The sales-tax under the misguiding name of sales-tax eats up the consumer at large. Very many petty trades, are hampered. The consumer pays more for the necessaries of life. As it now stands, the income-tax stands in the way of ordinary traders, the professionalists, land-owners etc. Even if a correct register is maintained you are not taxed according to that register. The Income-tax officer fixes his own rates and the ordinary man stoops his head and submits to the claim—lawful or unlawful. Enhancing sales-tax and income-tax will at this period when trade and other vocational professions are in a state of despair, when the land-owner is not able to spend money on construction or on repairs properly and also when he is restricted with all sorts of controls by the Government—under all these circumstances I think that the Government can give some more time for consideration and not hurry in getting this Bill passed. I know, Sir, that in spite of our oppositions and protests, if the Government are not prepared to heed to our reasonings, they could carry the day as they have now within their grip—29 horse-power speed—whereas the opposition is lacking in numbers. The Government are well knitted together to form that speed and weight at this moment and Government have taken the advantage of that power and want to burden the people with heavy taxation.

Now I come to agriculturists. The Agriculturists, I do not know, how many are here in Cochin State to be called agriculturists. I suppose the Government mean the big jenmies who receive pattam either in kind or money from their tenants.

Government may have included in the category the planters also. Government before taxing big agriculturists should have seen whether agriculturists are getting all facilities to bring a good crop for the consumer in the way of irrigation, protection from pests, etc.

A word about cocoanut plantation. After a series of downfalls, the cocoanut planters only saw a slight sunshine during the war period and when the price began to rise steadily, the small growers, especially who are mostly tenants, slowly became free from their difficulties. Then came the control. He was throttled and even now he is uncertain—he cannot be certain—of the price of his crops. The pest is eating up his plants; no manure; cooly rate is high to water the plants and to transport the plucked cocoanuts to boats, etc. The time is hopelessly abnormal. So at this hard time when people have to pay very high rates for cultivation expenses and for their very existence, Government have decided to impose tax on those peoples.

A word about Religious endowments, trusts and charitable institutions. Up till this day Government have been leaving them untouched to do their service for the good of the country, to impart education, to house the sick, the orphans, the dumb, the blind, the aged, the crippled, the widows and many more. The Christians were extending their philanthropic service all round without any discrimination of caste or creed. Now, the Government want to amend and cancel that exemption. Sir, it is not right or just to curtail their freedom of developing their activities. It is true the Government say that they are going to tax the surplus only after deducting all other expenses. Sir, however small or big a surplus means to these institutions they have guarded this surplus as a very valuable accumulation as such surplus can profitably be used to start a new activity or develop the existing one. So a pie taken from it will discourage, depress, the institution. No, Sir, let not Government touch these institutions. They

LIBRARY ARCHIVES Kerala Legislative Assembly

are playing their part and contributing a good deal for the betterment of the people at large. They are not sectarians, they are for all. So in the name of the aged, the diseased, infants. the blind, the deaf and the dumb and in the name of those who are hungering for knowledge, I appeal to this House and the Government of the day to delete clause 4 from the Bill.

Now, a word about the speeches made by the various Members of this House. The lack of spirit to view in different aspects the importance or disadvantages of the Bill in general is the tone of this House, especially from the Government side.

The Hon'ble Member for Planters said that it would be better to increase the land revenue than agricultural revenue. By that he did not mean to tax the ordinary petty agriculturists; what he meant was that there is enormous difficulty in keeping accounts and approaching the Income-tax officers and incurring more expense than the increased land revenue, and not to tax the ordinary karshakan who tills the land and brings out the produce. Another word about the remarks made by our Labour Member, our popular Deputy President. He was saying that to tax religious institutions was passed in the Committee appointed to consider ways and means to find out resources for the loss in revenue to the Government that may happen if prohibition is introduced in the State, in which I was also a member. Yes, it was passed by the Committee; but when I read the report I missed the para. But the Hon'ble Member knows very well, Sir, that I strongly opposed it. It is not my fault if the minutes were not recorded by the Secretary of that Committee on that particular day. I had promised to send a dissenting minute, but I did not do so. I thought this particular and all important item will be included, because in many things a single individual's objections were seriously being considered.

I appeal to the Government not to hurry this bill; due time must be given to it. So, I would suggest this Bill be referred to a Select Committee and final decision be taken only in the Vrischigam Session.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : സർ, കർഷകരുടെ രക്ഷാകർത്തൃത്വം സ്വയം ഏറെറടുത്തുകൊണ്ട് ഈ ബില്ലിനെ അനുകൂലിക്കുവാൻ ചിലർ കച്ചകെട്ടി ഇവിടെ വന്നിട്ടുണ്ടെങ്കിൽ ആ കർഷകരുടെ പേരിൽതന്നെ എനിക്കു ഈ ബില്ലിനെ എതിർക്കേണ്ടതായും അതിലെ ചില വ്യവസ്ഥകളുടെ ദുഷ്യങ്ങൾ തെളിയിക്കേണ്ടതായും വന്നിരിക്കുന്നു. സർ, ഈ ബിൽ കൊച്ചിയിൽ നടപ്പിൽ വന്നാൽ കൊച്ചിയിലെ കേരകർഷകർക്ക് അനുഭവിക്കേണ്ടതായിവരുന്ന നികുതിഭാരങ്ങൾ ഏതെല്ലാമാണെന്നു ആലോചിക്കേണ്ടതുണ്ട്. ഇപ്പോൾ ഭൂനികുതിയായിട്ടും, വില്പനനികുതിയായിട്ടും, കോക്കനട്ട് സെസ്സായിട്ടും ഇവിടെ ഒരു നിമിഷംപോലും ജനി വെച്ചുപുലർത്തുവാൻ പാടില്ലാത്ത നാളികേരപാട്ടം ആയിട്ടും ദുസ്സഹമുഖമായ ഭാരിച്ച നികുതിയാണ് കേരകർഷകർ കൊടുത്തു വരുന്നതു്. അതിനും പുറമെ അഞ്ചാമത്തെ ഒരു നികുതിയാണ് ഇപ്പോൾ ആവശ്യപ്പെടുന്നതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : നാളികേരത്തിന്റെ കൺട്രോൾ പോയില്ലേ ?

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : കാർഷികാദായ നികുതിയുള്ളതുകൊണ്ട് വില്പന നികുതി കൊടുക്കേണ്ടതില്ലെന്നു ഗവൺമെണ്ടു പറയുമായിരിക്കാം. എന്നാൽ അതൊരു തെറ്റിദ്ധാരണമാത്രമാണെന്നു ഗവൺമെണ്ടിനെ അറിയിച്ചുകൊള്ളുന്നു. അതായതു് നാളികേരം കൊപ്ര ഇതുകളിൽ വ്യാപരിക്കുന്ന കച്ചവടക്കാർ വില്പന നികുതി കൊടുക്കുവാൻ നിർബന്ധിതരായതുകൊണ്ട് അവർ വില്പന നികുതി കേരകർഷകരിൽനിന്നു വസൂലാക്കുകയാണ് ചെയ്യുന്നതു്. ഒരു നാളികേരം ഉള്ളവന്റെ അടുക്കൽനിന്നും ലക്ഷകണക്കിനു നാളികേരം ഉള്ളവന്റെ പക്കൽനിന്നും വില്പന നികുതി വാങ്ങുന്നുണ്ട്, ഇനി വാങ്ങുകയും ചെയ്യും. ഇതിനും പുറമെ ഒരു കൊല്ലത്തിൽ രണ്ടു ലക്ഷത്തോളം ഉറുപ്പിക കോക്കനട്ട സെസ്സ് പിരിച്ചെടുക്കുന്നുണ്ട്. ഇങ്ങിനെ പിരിച്ചെടുത്ത രണ്ടു ലക്ഷം ഉറുപ്പിക എന്തുചെയ്യുവെന്നു് ഞാൻ ഗവൺമെണ്ടിനോടു ചോദിയ്ക്കുന്നു ? ഈ സംഖ്യ പിരിച്ചെടുക്കുവാനും ബഡ്ഡാറിന്റെ ഒരു മൂലയിൽ കൊള്ളിക്കുവാനുമല്ലാതെ അതിൽനിന്നു ഒരു പൈപോലും തൊടുവാൻ ഗവൺമെണ്ടിനു അധികാരവുമില്ല. ഈ നിലയിൽ കേരകർഷകനു് നികുതിഭാരം വളരെ ദുസ്സഹമാണു്. സർ, ചില സഹോദരന്മാർ പറഞ്ഞുകേട്ടു. ഈ ബിൽ പാവപ്പെട്ട കർഷകനെ ബാധിക്കുകയില്ല എന്നു് ! അതൊക്കെയാണു് ആ പാവപ്പെട്ട കർഷകരെന്നാണു് എനിക്കു ചോദിക്കുവാനുള്ളതു്. മാസത്തിൽ ൬൫ ൦ക. അതായം കിട്ടുന്ന ഒരുത്തൻ പാവപ്പെട്ട കർഷകന്റെ ഇനത്തിൽ പെടുകയില്ലപോലും !! രാവും പകലും ബദ്ധപ്പെട്ടു കഷ്ടപ്പെട്ടു അനവധി ക്ലേശങ്ങൾ സഹിച്ചതിന്റെ ഫലമായിട്ടു് ൬൫ ൦ക. കിട്ടുന്നതു് വലിയ ഒരു സമ്പാദ്യമാണെന്നാണു് ഇവിടെ പറഞ്ഞുകാണുന്നതു്. ൬൫ ൦ക. അതായം കിട്ടുന്ന ഒരു കർഷകനു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. V. Sebastian]

അവന്റെ സ്വന്തം കുടുംബ ചിലവുകൾക്കും അവിചാരിതമായി നേരിടുന്ന മറ്റു ആവശ്യങ്ങൾക്കുമായി മാസത്തിൽ എത്രയാണു് എത്ര സംഖ്യ വേണ്ടിവരുമെന്നു ആലോചിക്കുവാനുള്ള ഒരു ചിത്രബോധമൊ സന്മനസ്സൊ കർഷകർക്കുവേണ്ടി ഈ ബില്ലിനെ അനുകൂലിക്കുന്ന എന്റെ സ്നേഹിതന്മാർക്കു ഇല്ലാതെ പോയതു അവരുടെ കുറ്റമെന്നു ഞാൻ പറയുന്നില്ല. ഈ നിലകളിൽ കൃഷിക്കാർക്കു വളരെ ബുദ്ധിമുട്ടു അനുഭവിക്കേണ്ടിവരുന്നുണ്ടു്. ഈ ഭേദഗതി വേണ്ടെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. പക്ഷെ നൂ, ൦ ൦ ൦ ക. എന്നുള്ളതു് മാറ്റി ഒരു നല്ല സംഖ്യ വെച്ചാലെ അതുകൊണ്ടു വല്ല രക്ഷയും കർഷകനു കിട്ടുകയുള്ളു എന്നു പക്ഷക്കാരനാണു് ഞാൻ.

ചൌധരി ജി. എസ്സു്. ധാരസിംഗു് : നൂ, ൦൦൦ ആക്കിയാലൊ ?

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : ഈ ബില്ലു സെലക്ടു കമ്മിറ്റിക്കയയ്ക്കുവാൻ ഗവണ്മെണ്ടിനു ഉദ്ദേശമുള്ളതുകൊണ്ടു് ചില നിർദ്ദേശങ്ങൾ ഞാൻ തരുന്നു എന്നേ വിചാരിക്കേണ്ടതുള്ളു.

മിസിസ്സു് കെ. എം. ആർ. മേനോൻ : സകല ചിലവും കഴിച്ചിട്ടല്ലെ ഈ നൂ,൦൦൦ ക.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : ഇപ്പോഴത്തെ വമ്പിച്ച ജീവിതത്തോതിന്റെ കാര്യം ബഹുമാനപ്പെട്ട തുശ്ശിവപേരൂർ വനിതമെമ്പർ മറന്നുപോയിരിക്കുമൊ എന്നു തോന്നുന്നു ഇവിടത്തെ ധർമ്മസ്ഥാപനങ്ങളേയും ആദായനികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തി അവയേയുംകൂടി ഞെക്കിപിഴിയുന്ന ഈ പുതിയ സമ്പ്രദായത്തെപ്പറ്റി ഇന്നലേയും ഇന്നുമായി പലെ സമുദായങ്ങളുടേയും തീവ്രമായ പ്രതിഷേധത്തെ ഇവിടെ പ്രകടിപ്പിച്ചിട്ടുണ്ടു്. ഈ സമ്പ്രദായം ഏർപ്പെടുത്തി ധാർമ്മികമായും വിദ്യാഭ്യാസപരമായും ഗവണ്മെണ്ടിന്റെ വ്യയഭാരത്തെ ലഘൂകരിക്കുന്ന ഈ സ്ഥാപനങ്ങളെ ഞെക്കിപ്പിഴിയേണ്ട ആവശ്യം ഇപ്പോഴുണ്ടൊ എന്നുകൂടി ആലോചിച്ചു തല്ക്കാലം അതിനെ ഒഴിവാക്കുകയായിരിക്കും നല്ലതു് എന്നു എനിക്കൊരഭിപ്രായമുണ്ടു്.

ഇനി സൂപ്പർടാക്സിനെപ്പറ്റിയും രണ്ടുവാക്കു പറയാം. ഇപ്പോഴത്തെ നിരക്കനുസരിച്ചു ഉറപ്പിക്കുക പതിനാലര അണ വീതം കൊടുക്കേണ്ടിവരുമെന്നാണു് കാണുന്നതു്. ഇപ്പോൾ ആലോചനയിരിക്കുന്ന മിനിമംവേജസു് ബിൽ അനുസരിച്ചു ആദായത്തിന്റെ ൪൦ ശതമാനം തൊഴിലാളിക്കു കൊടുക്കണം. ബാക്കിയുള്ളതിൽ പതിനാലരണവീതം സൂപ്പർടാക്സായി ഗവണ്മെണ്ടിനു കൊടുക്കണം. ഇതെല്ലാം കഴിച്ചു വ്യവസായ പ്രവർത്തകനു കിട്ടുന്ന ലാഭം തുച്ഛമായിരിക്കുന്നതുകൊണ്ടു് വ്യവസായവികസനത്തിനു എത്രത്തോളം ഇവിടെ പ്രോത്സാഹനം ഉണ്ടാകുമെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു.

ഗവണ്മെണ്ടിൽനിന്നു അവതരിപ്പിക്കുന്ന ഈ വക ബില്ലുകളേയും നിയമങ്ങളേയും അന്ധമായി അനുകൂലിക്കാതെ അതിനെപ്പറ്റി സ്വതന്ത്രമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമ്പോൾ അങ്ങിനെ ചെയ്യുന്നവരുടെ ആത്മാർത്ഥതയെപ്പറ്റി ചോദ്യം ചെയ്യുന്ന അപഹാസ്യമായ ആ പരിഹാസ്യമായ സമ്പ്രദായത്തെ ജനങ്ങൾ തിരെ അവജ്ഞയോടും വെറുപ്പോടും കൂടിയാണു് വീക്ഷിക്കുന്നതെന്നു എന്റെ മാന്യസ്നേഹിതന്മാർ അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പി. കെ. ഡിവർ : അതു് ജനങ്ങളെ അറിയാഞ്ഞിട്ടാണു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : നമ്മൾ ഓരോരുത്തരുടേയും ആത്മാർത്ഥതയെ പൊതുജനങ്ങൾ ഇതിനകം മനസ്സിലാക്കി കഴിഞ്ഞിട്ടുള്ളതുകൊണ്ടു് അതേപറ്റി കൂടുതൽ സംസാരിക്കാതെ, ഈ ബില്ലിനെ എതിർത്തുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

* മിസ്റ്റർ പി. നാരായണമേനോൻ: സർ, അത്യാവശ്യമായിട്ടുള്ള പൊതുകാര്യങ്ങൾക്കും പണമില്ലെന്നുള്ള ഏക കാരണംകൊണ്ടു് നടത്താതിരിക്കുകയെന്നുള്ളതു് ഒരു പരിഷ്കൃത ഗവണ്മെണ്ടിനു യോജിച്ചതല്ല. സാധാരണ പരിഷ്കൃത ഗവണ്മെണ്ടുകൾ രാജ്യത്തിന്റെ അഭ്യുന്നതിക്കു അത്യന്താപേക്ഷിതങ്ങളാണെന്നു വിചാരിക്കുന്ന പൊതുകാര്യങ്ങൾക്കും പണമില്ലെന്നു വന്നാൽ പണമുണ്ടാക്കി നിവർത്തിക്കുകയാണു് പതിവു്. അതിനു പൊതുജനങ്ങൾക്കു നികുതി ചുമത്തുക എന്ന സമ്പ്രദായവും അവർ അംഗീകരിക്കുന്നതായും കാണാവുണ്ടു്. നമ്മുടെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ ജനകീയഗവമ്മെണ്ടു് അങ്ങിനെയുള്ള അത്യാവശ്യകാര്യങ്ങൾ ഈ രാജ്യത്തിനുണ്ടു് എന്നു വിശ്വസിക്കുന്നു. ആ അത്യാവശ്യങ്ങളുടെ നിർവ്വഹണത്തിനു് എങ്ങിനേയെങ്കിലും പണം ഉണ്ടാക്കണമെന്നുള്ളതു് തീർച്ചയായ ഒരു സംഗതിയാണു്. അതുകൊണ്ടു് ഈ ബില്ലിനെക്കുറിച്ചാലോചിക്കുമ്പോൾ ഒന്നാമതായി അന്വേഷിക്കേണ്ടതു് ഈ രാജ്യത്തു് ഇങ്ങിനെയുള്ള പൊതുകാര്യങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നുള്ളതാണു്. ഒന്നിലധികം ഇങ്ങിനേയുള്ള ആവശ്യങ്ങൾ ഉണ്ടായിട്ടുണ്ടു്; ഇനി ചിലപ്പോൾ ഉണ്ടായേക്കാമെന്നും ഞാൻ വിശ്വസിക്കുന്നു. പ്രൊഹിബിഷൻ, ഇതു് ഒരു വലിയ അത്യാവശ്യമായ ഒരു പൊതുകാര്യമാണു്.

Mr. Shabdai S. Koder *(Nominated)*: Question.

മിസ്റ്റർ പി. നാരായണമേനോൻ: അനേകം ജനങ്ങളെ സദാചാരത്തിലേക്കു കൊണ്ടുവരുന്നതിനും അനേകലക്ഷം ജനങ്ങളെ സദ്വൃത്തന്മാരും മിതവ്യയം ചെയ്യുന്നവരുമാക്കിതീർക്കുന്നതിനുവേണ്ടിയും അനേകലക്ഷം ആളുകളെ വിണ്ടും മനുഷ്യത്വത്തിലേക്കു വരുത്തുന്നതിനുവേണ്ടിയും മദ്യനിരോധനം നടപ്പിൽ വരുത്തണമെന്നുള്ളതിനെ സംബന്ധിച്ചും ഈ കൌൺസിലിൽ മാത്രമല്ലാ ഈ രാജ്യത്തുതന്നെയും ഭിന്നാഭിപ്രായമുണ്ടാകുമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ ഒരു സംഗതിയിൽ രാജ്യത്തുള്ള എല്ലാമനുഷ്യരും ഒരേ അഭിപ്രായക്കാരായതുകൊണ്ടാണു് തല്ക്കാലം ഒരു താലൂക്കിൽ ഈ പ്രൊഹിബിഷൻ നടപ്പാക്കുവാൻ ഗവമ്മെണ്ടു തീരുമാനിച്ചതു്. അതിന്റെ ഫലമായി ൧൫ ലക്ഷത്തോളം ഉറുപ്പിക ഗവമ്മെണ്ടിന്റെ ആദായത്തിൽ കുറഞ്ഞുപോയിട്ടുണ്ടു്. മറ്റു അഞ്ചുതാലൂക്കുകളിൽനിന്നു് ഈ കൊല്ലത്തെ ആദായം ൭ ൫ ലക്ഷത്തോളം ഉറുപ്പികയാണു്. ആ കണക്കനുസരിച്ചു് ചിറവൂർ താലൂക്കിൽ പ്രൊഹിബിഷൻ നടപ്പിൽ വരുത്താതിരുന്നുവെങ്കിൽ അവിടെ നിന്നു ഒരു ൧൫ലക്ഷവുംകൂടി നമുക്കു ലഭിക്കുമായിരുന്നു. ഈ സംഖ്യ അവിടെനിന്നു ലഭിക്കാതെ ഗവമ്മെണ്ടിനു നഷ്ടപ്പെട്ടതു് പ്രൊഹിബിഷൻ അവിടെ നടപ്പാക്കിയതുകൊണ്ടാണു്. എന്നാൽ ഈ പ്രൊഹിബിഷൻ നടപ്പാക്കേണ്ട ഒരു സംഗതിയാണെന്നുള്ളതു ഗവമ്മെണ്ടു മാത്രമല്ല.....

Mr. President: We are on the Agricultural Income-tax please.

മിസ്റ്റർ പി. നാരായണമേനോൻ: അതിന്റെ ആവശ്യത്തിന്നാണു് പറയുന്നതു്. ഇങ്ങിനെ ൧൫ ലക്ഷത്തോളം ഉറുപ്പിക ആദായത്തിൽ കുറഞ്ഞുപോയിട്ടുണ്ടു്.

പിന്നീടു് ഇവിടെ അത്യാവശ്യമായി വേണ്ടിവന്ന ചിലവു് വിദ്യാഭ്യാസവകുപ്പിലേക്കാണു്. പ്രാഥമിക വിദ്യാഭ്യാസത്തെ കൂടുതൽ സുഗമമാക്കി തിക്കുന്നതിനുവേണ്ടി പത്തുലക്ഷത്തോളം ഉറുപ്പികവരെ ചിലവു ചെയ്യുന്നതിനു ഗവമ്മെണ്ടു് വകകണ്ടിട്ടുണ്ടു്.

വൈദ്യവകുപ്പിലേക്കു പത്തുലക്ഷം ഉറുപ്പിക കൊള്ളിച്ചിട്ടുണ്ടു്. വൈദ്യസഹായം കൂടുതൽ ജനങ്ങൾക്കുവേണ്ടി ചെയ്യുന്നതിനു ൧൦ ലക്ഷം ഉറുപ്പിക വകനിത്തിയിട്ടുണ്ടു്. ജീവിതത്തെ നിലനിത്തുവാൻ വകയില്ലാതെ വളരെയധികം വിഷമിക്കുന്ന നമ്മുടെ ഗവമ്മെണ്ടുസർവ്വീസ്സിൽപെട്ട അനേകം ജനങ്ങളുടെ, ഉദ്യോഗസ്ഥന്മാരുടെ സുഖസൌകര്യാദികൾ കുറച്ചെങ്കിലും കൂട്ടുന്നതിനുവേണ്ടി, അവരുടെ ശമ്പളവർദ്ധനക്കുവേണ്ടി, ൧൫ ലക്ഷം ഉറുപ്പിക നീക്കിവെച്ചിട്ടുണ്ടു്. ഇങ്ങിനെ നോക്കുകയാണെങ്കിൽ ഏതാണ്ടു് ഈ കൊല്ലത്തെ ബഡ്ജറിൽ ൪൫ ലക്ഷം ഉറുപ്പികയോളം ഈവക നല്ല നല്ല കാര്യങ്ങൾക്കുവേണ്ടി പോരാതെയാണു് വന്നിട്ടുള്ളതു്. ഈ ആവശ്യങ്ങൾ നിർവ്വഹിക്കേണ്ട എന്നു പറയുവാൻ ആരും ഒരുങ്ങുമെന്നും ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് ഈ തുക ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നാം കണ്ടുപിടിക്കണം. ഏതാനുംതുക നിയമനിർമ്മാണമൊന്നും കൂടാതെതന്നെ ഉണ്ടാക്കുവാൻ ഇടയുണ്ടെന്നുള്ളതു് എനിക്കറിയാം. ഈ പോരാതെവരുന്ന സംഖ്യയുടെ ഒരു വലിയഭാഗം നികത്തുന്നതിനു് മന്നാമതു മുന്നോട്ടുവരുന്നതു് നമ്മുടെ പൊതുമരാമത്തുവകുപ്പാണു്. കഴിഞ്ഞകൊല്ലം പല പൊതുമരാമത്തുവേലകൾക്കുമായി നീക്കിവെച്ചിട്ടുള്ള തുകയിൽ ഒരു വലിയതുകലാപ്സായി പോകുമെന്നുള്ളതു് തീർച്ചയാണു്. ഈവകയിലും ഏതാണ്ടു് എട്ടോ പത്തോ ലക്ഷം ഉറുപ്പിക വരുമെന്നാണു് എന്റെ വിശ്വാസം. അതു പൊതുമരാമത്തുമന്ത്രിയുടെ കുറ്റംകൊണ്ടാണെന്നു് ആരും തെറ്റിദ്ധരിക്കരുതു്. ആ വകുപ്പിന്റെ ദോഷംകൊണ്ടാണു്. (ചിരി). പല പല കമ്പനികളിൽനിന്നും വരുത്തിയതും പല പല കമ്പനികളിൽ നിർമ്മിക്കപ്പെട്ടതുമായ അനേകം ഭാഗങ്ങൾ കൂട്ടിച്ചേർത്തുണ്ടാക്കിക്കൊണ്ടു നടക്കുന്ന, എപ്പോഴും ഓടാത്തതായ ഒരു കാറുപോലെയാണു് ഇന്നു പബ്ലിക്ക് "വർക്സ് ഡിപ്പാർട്ടുമെണ്ടു്". ആ ഡിപ്പാർട്ടുമെണ്ടിന്നു അതാതുകൊല്ലം ചെയ്തീർക്കുന്നതിന്നായി ക്ലിപ്തപ്പെടുത്തുന്ന മരാമത്തുകൾ മുഴുവൻ ചെയ്തീർക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Narayana Menon]

വാൻ സാദ്ധ്യമല്ലെന്നും അങ്ങിനെ ചെയ്യുന്നതിക്കുറവിധം ആ ഡിപ്പാർട്ടുമെണ്ടിനു കാര്യക്ഷമതവേണമെങ്കിൽ ഒരു കംപ്ലീറ്റ്‌ഓവർഹാളിംഗ് ആവശ്യമാണെന്നും എനിക്കറിയാവുന്നതുകൊണ്ട് ഈ ഇനത്തിൽ നമുക്കു പോരാതെവരുന്ന സംഖ്യയുടെ ഒരു വലിയഭാഗം ലിപ്പായി കിട്ടും എന്നുപറയുവാൻ .....

റാവു സാഹിബ് കെ. അയ്യപ്പൻ: വരുന്നകൊല്ലം അതിനു ശ്രമിക്കേണ്ട.

മിസ്റ്റർ പി. നാരായണമേനോൻ: നമ്മുടെ അനാവശ്യച്ചിലവുകൾ ചുരുക്കിയും കൈസംഖ്യ നമുക്കുണ്ടാക്കണമെന്നു ഞാൻ ഗവൺമെണ്ടിനോട് അപേക്ഷിക്കുന്നു. എവിടേയോ ഞാൻ പറഞ്ഞുകേട്ടിട്ടുണ്ട് "plain living and high thinking" ആയിരിക്കണമെന്ന്. ഇതിനെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ നമ്മുടെ ഗവൺമെണ്ട് അക്ഷരംപ്രതി അതു അംഗീകരിച്ചിട്ടുണ്ടെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. എപ്പോഴും നമ്മുടെ ഗവൺമെണ്ട് പ്ലെയിനിലാണ്. അതുകൊണ്ട് അങ്ങിനെ പ്ലെയിനിലിരിക്കുന്ന ഗവൺമെണ്ടിനു high thinking കൂടാതെ സാദ്ധ്യമല്ല. (ചിരി). ഇവിടെ ഞാൻ ഉദ്ദേശിക്കുന്നതു് ഇങ്ങിനേയുള്ള plain leaving-ം ഇങ്ങിനെയുള്ള high thinking-ംഅല്ലെന്നും നേരേമറിച്ചു് നമ്മുടെ ആഡംബരത്തിനുവേണ്ടി വിനിയോഗിക്കുന്ന സംഖ്യയിൽ മിച്ചംപിടിച്ചു് ലാഭമുണ്ടാക്കി അതു് പൊതുനന്മക്കുവേണ്ടി ചിലവു ചെയ്യുന്നകാര്യത്തിൽ ഗവൺമെണ്ട് എപ്പോഴും ജാഗരൂകമായിരിക്കണമെന്നുമാണ്. അതിൽ ഒരു നഷ്ടമുള്ളഇനം ഞാൻ പറയാം. എന്തിനാണു് ഇത്രയധികം കാറുകൾക്കു് ആഡർകൊടുത്തിരിക്കുന്നതു്. ഇതിനുമുമ്പു് ഗവൺമെണ്ടിനെ പിൻതാങ്ങിയ ചിലർ പറഞ്ഞു കേട്ടു ഗവർമ്മെണ്ടിൽനിന്നു കരമായി പിരിക്കുന്നസംഖ്യ ജനങ്ങളിൽതന്നെ ചേന്നുചേരുന്നു; അതുകൊണ്ട് എത്രയെത്ര നികുതി പിരിച്ചാലും അതിൽ ജനങ്ങൾക്കു് യാതൊരു നഷ്ടവും വരാനില്ലെന്നു്. അങ്ങിനേയുള്ള ഗവർമ്മെണ്ടുകളെസംബന്ധിച്ചു് അതു പരമാർത്ഥമാണ്. നമ്മുടെ ഗവർമ്മെണ്ട് അങ്ങിനെയല്ല. ഇവിടേനിന്നു പിരിച്ചെടുക്കുന്ന സംഖ്യയിൽ വലിയൊരുഭാഗം പുറത്തേക്കുപോകുന്നു. കാറുകളും മറ്റും വാങ്ങുന്നതിനു ചിലവാക്കുന്നപണം പുറംരാജ്യങ്ങളിലുള്ള കമ്പനികൾക്കാണു് കിട്ടുന്നതു്. അതു മനസ്സിലാക്കാതെയാണ് നികുതിയായി ജനങ്ങളുടെ കയ്യിൽനിന്നു പിരിച്ചെടുക്കുന്നസംഖ്യ ജനങ്ങളിലേക്കുതന്നെ വന്നുചേരുന്നു എന്നു പറഞ്ഞതു്. ഞാൻ ചോദിക്കുന്നു വലിയ വലിയ ശമ്പളക്കാരുടെ ശമ്പളത്തിൽ എത്ര ശതമാനമാണ് അവർ ഈ നാട്ടിൽതന്നെ ചിലവാക്കുന്നതെന്നു്? അവരുടെ ശമ്പളത്തിൽ ഭൂരിഭാഗവും കാറുകൾ മേടിക്കുന്നതിനും മറ്റു ആഡംബരങ്ങൾക്കുമായി അന്യരാജ്യങ്ങളിലേക്കാണു് പോകുന്നതു്. അതുകൊണ്ട് ഇങ്ങിനേയുള്ളസംഖ്യ പുറത്തേക്കു പോകാതിരിപ്പാൻ വേണ്ടമാർഗ്ഗം ഗവർമ്മെണ്ടു ചെയ്യണം.

Mr. President: The Hon'ble Member will kindly conclude.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ നോക്കിയാൽ എട്ടുപത്തുലക്ഷം ഉറുപ്പിക ഉണ്ടാക്കാൻ സാധിക്കും. മിലിട്ടറിക്കുവേണ്ടിയും നല്ല ഒരു സംഖ്യ ഗവർമ്മെണ്ട് ചിലവാക്കുന്നുണ്ട്. ഇതെല്ലാം കഴിഞ്ഞു് ഒരു പത്തോ പതിനഞ്ചോലക്ഷം രൂപാ യഥാർത്ഥത്തിൽ പോരാതെയുണ്ടാകും. ആ സംഖ്യ ഉണ്ടാക്കേണ്ടതിനു ഈ നിയമമാണോ വേണ്ടതെന്നാണ് നമുക്കു തീരുമാനിക്കാനുള്ള ഏറ്റവും വലിയ പ്രശ്നം ഇങ്ങിനെ ഒരു നിയമം, കൂടുതൽ പണം കൈവശം വെച്ചിരിക്കുന്നവരോടു് നികുതിയായി പിരിക്കണമെന്ന ധാരണയോടുകൂടിയാണു് ഇവിടെ അവതരിപ്പിക്കുന്നതു്. ഓപ്പോസിഷൻ പാർട്ടിയിൽനിന്നു ഇതിനെസംബന്ധിച്ചു് പല എതിർപ്പുകളും വന്നു. ആ എതിർപ്പുകൾ എതിർപ്പുകൾക്കുവേണ്ടി മാത്രമല്ല എന്നു പറഞ്ഞതു് ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. എതിർപ്പിനുവേണ്ടിമാത്രം അവർ എതിർക്കുകയാണെങ്കിൽ ഈ നിയമം എളുപ്പത്തിൽ അവരുടെ എതിർപ്പുകൂടാതെ പാസ്സാക്കുവാൻ സാധിക്കും. നമുക്കു് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് വേണ്ടാ എന്നു പറഞ്ഞാൽ അതു വേണമെന്നു് അവർ പറയും. അതുപോലെ നമുക്കാവശ്യമുള്ളതു് വേണമെങ്കിൽ തല്ക്കാലം വേണ്ട എന്നു പറഞ്ഞാൽമതി. എന്നാൽ അവരുടെ ആനുകൂല്യത്തോടുകൂടി പാസ്സാക്കുവാൻ സാധിക്കും. ആ ഒരു ധാരണയിൽ ഞങ്ങൾ കൊണ്ടുവന്ന ബില്ലാണ് അതിൽ തെറ്റുണ്ടാകുവാൻ ന്യായമില്ല; അതു ശരിയാണെന്നു വിശ്വസിച്ചു് പാസാക്കണമെന്നു പറയുന്നതു് തെറ്റാണ്. അതിനുള്ള ന്യായങ്ങൾ, ഞങ്ങൾ നേതൃത്വം വഹിക്കുന്ന കൂട്ടരാണ്, അങ്ങിനേയുള്ള നേതാക്കന്മാരായ ആളുകൾ കൊണ്ടുവന്ന സംഗതി പാസാക്കേണ്ടതാണ്, എതുക്കേണ്ടകാര്യമില്ല എന്നു വിചാരിച്ചാൽ അതു വാസ്തവത്തിൽ ഏറ്റവുംവലിയ മണ്ടത്തരമാണ്. അതുകൊണ്ട് അതും ന്യായമാണെന്നു ഞാൻ വിചാരിക്കുന്നില്ല. വാസ്തവത്തിൽ .....

LIBRARY ARCHIVES Kerala Legislative Assembly

Mr. President: Please conclude. That is too much, You have already taken more than 10 minutes.

മിസ്റ്റർ പി. നാരായണമേനോൻ: അഞ്ചു മിനിട്ടുകൂടി അനുവദിക്കണം.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I rise to a point of order, Sir, and the point of order is this. It is for the first time in the 22 years life of this Council that a time limit is attempted to be enforced by the Chair in discussions on Legislation. The Proceedings will show, Sir, that on important Bills like the present Bill, the Presidents have been allowing time for discussion for individual members for two and a half hours and more and.....

Mr. President: Order, order.

Mr. P. Kumaran Ezhuthassan *(Vadakkancheri)* And therefore raise this point of order, Sir, that as far as legislation is concerned, the time limit has no place, in the scheme of things.

Mr. President: This question has been answered yesterday.

മിസ്റ്റർ പി. നാരായണമേനോൻ: എനിക്കു ഇനിയാണു് ഇതിനെ സംബന്ധിച്ചു ഔദ്യോഗികമായി ചില കാര്യങ്ങൾ പറയുവാനുള്ളതു്. ഈ ബിൽ വേണോ വേണ്ടയൊ എന്നു ഔദ്യോഗികമായിട്ടു പറയുവാനുള്ളതു് ഇനിയാണു്. അതുകൊണ്ടു് ചുരുങ്ങിയതു് ഏ ാ മിനിട്ടു് കൂടി എനിക്കു അനുവദിച്ചു തരുവാൻ ദയവുണ്ടാകണം.

Mr. P. Kumaran Ezhuthassan (*Vadakkancheri*): The Member has got a right ....

Mr. President: Well, that is for the Chair to decide. I have given the ruling on that matter yesterday.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Therefore I am raising this question again, Sir, now. Point of order can be raised time after time, hour after hour, and minute after minute.

Mr. President: No.

Mr. P. Kumaran Ezhuthassan (*Vadakkancheri*): If that is your ruling, Sir, there it ends. We are helpless while in this House.

മിസ്റ്റർ പി. നാരായണമേനോൻ: ഒരുണ്ടചിലവിനു പോരാതെ വരുന്നതുകൊണ്ടാകുന്നതിനു ഗവർമ്മേണ്ടു പിടിക്കുടിട്ടുള്ളതു് കൃഷിക്കാരെയാണു്. കൃഷിക്കാരിൽ വലിയ വലിയ ജന്മികൾ, വലിയ വലിയ മുതലാളികൾ, വലിയ വലിയ ജന്മി സ്ഥാപനങ്ങൾ ഇവരെല്ലാം ഈ നിയമത്തിന്റെ പരിധിയിൽ പെടും. അങ്ങിനെയുള്ള സ്ഥാപനങ്ങൾക്കു വലിയ ആദായമുണ്ടായിട്ടുണ്ടു്. ആ ആദായത്തിൽ നിന്നു ഒരു ഭാഗം നികുതിയായിട്ടു പിരിച്ചെടുക്കുന്നപക്ഷം അതിൽ അവർക്കു വലിയ ബുദ്ധിമുട്ടൊന്നും ഉണ്ടാകുവാനില്ല. ഏറ്റവും സ്തുത്യർഹമായ ചില അത്യാവശ്യങ്ങൾ, പൊതുക്കാര്യങ്ങൾ അതുകൊണ്ടു് നിവ്വഹിക്കയും ചെയ്യാം. അതുകൊണ്ടു് ഈ ബിൽ സ്വീകാര്യമാണെന്നാണു് എന്റെ അഭിപ്രായം.

ചിലബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പറയുകയുണ്ടായി കൃഷിക്കാരെ നികുതിചുമത്തി വിഷമിപ്പിക്കുന്നു എന്നു്. ഞാൻ ആ അഭിപ്രായത്തോടുകൂടി യോജിക്കുന്നു. കൃഷിക്കാരെപ്പോലെ നികുതി ഭാരംകൊണ്ടു വിഷമിപ്പിക്കുന്ന ഒരു വർഗ്ഗക്കാർ നമ്മുടെ രാജ്യത്തില്ല. എതു തരത്തിലുമുള്ള നികുതിയാണു് ഇന്നു അവർ കൊടുത്തുകൊണ്ടിരിക്കുന്നതു് എന്നു ഗവർമ്മേണ്ടു ആലോചിച്ചു നോക്കേണ്ടതാണു്. കാർഷികോല്പന്നങ്ങളുടെയെല്ലാം വിലനിയന്ത്രിച്ചുവെങ്കിലും കൃഷിക്കാവശ്യമായ ഉപകരണങ്ങളുടെ വില ആ തോതനുസരിച്ചു നിയന്ത്രിച്ചിട്ടില്ല.

Mr. President: How many minutes more the Hon'ble Member would take? The Hon'ble Member asked for five minutes and that five minutes have passed. I think it is disproportionate. The Chair has some sort of discretion, some sort of inherent power in this matter.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I am not questioning Sir, the authority of the Chair regarding the time limit and everything else under S. O. 74 referred to yesterday. My humble suggestion, Sir, is that in a discussion like this viz. an important taxation measure, a very great laxity has to be exercised as used to be the practice for over 22 years now.

Mr. President: Order, order. For example yesterday when a closure was moved I found that it was a serious infringement upon the rights of reasonable debate. The Chair is allowing reasonable time. So, have some confidence in the Chair. Thinking that it is in the interest of

LIBRARY ARCHIVES Kerala Legislative Assembly

[Mr. President]

public good I am mentioning this to this House—not that I am anxious to get through the business; nor to show a quantum of work. I presume and I hope that the Hon'ble Members have a sense of proportion.

Mr. M. K. Raja *(Mulakunnathukavu):* What is the time you allow to each Members, Sir?

Mr. President: I don't want to fix any time. I closely watch the speeches and according to the exigencies of the moment I allow reasonable time. Absolutely there is no strict time limit.

Mr. P. Kumaran Ezhuthassan *(Vadakkancheri):* In the light of what has been observed by the Chair, just now can I make a suggestion? Now, Sir, you have been pleased to say that the Hon'ble Members should use their discretion. That of course will be adjusted and respected. Well, as far as the time limit is concerned unless we know that we get a particular number of minutes for a discussion, we will not be able to make adjustments. When I advance my points in a way and come to the most crucial thing, as was just mentioned by a friend, when the time comes in, the whole arrangement of the argument is upset by being suddenly called to time by the Chair. Therefore if the Hon'ble Chair is of opinion that time must be restricted, it may be restricted at the beginning, so that we may know in how many minutes we have to finish making our observations. If we know that at the upset we will be able to arrange our ideas first in the allotted time some such thing may be done, Sir, instead of being called upon at the fag end that the time is over.

Mr. President: Usually the Chair gives the warning a few minutes in advance. I do it usually. I think the Hon'ble Members have observed it.

മിസ്റ്റർ പി. നാരായണമേനോൻ: അതുകൊണ്ടു ശരിക്കു സാവധാനമായി പരിശോധിക്കുന്നപക്ഷം കർഷകന്മാരുടെ പേരിൽ പ്രത്യക്ഷമായും പരോക്ഷമായും, അവരുടെ ഉല്പന്നങ്ങളുടെ വില നിയന്ത്രിച്ചതോടുകൂടി അവർക്കു ചുമക്കുവാൻ വയ്യാത്തവിധം നികുതി ചുമത്തിക്കഴിഞ്ഞു എന്നുള്ള സംഗതി വ്യക്തമാണു". അതിനു പുറമെ സെയിൽസ്സ് ടാക്സ് അവരിൽ ചുമത്തിയിട്ടുണ്ടു". ലാൻറ് ടാക്സ് അവർ കൊടുക്കണം. ഇങ്ങിനെ അവരിൽ ചുമത്തീട്ടുള്ള നികുതി എത്രയാണെന്നും ഓരോ കർഷകനും ഗവർമ്മെണ്ടിലേക്കു ആ കർഷകനുണ്ടാകുന്ന ആദായത്തിന്റെ എത്ര ശതമാനമാണു" നികുതി കൊടുത്തുവരുന്നതെന്നും കണക്കാക്കുന്നപക്ഷം ഇനി അവരിൽ നികുതി ചുമത്തുക എന്നുള്ളതു് ഒരിക്കലും സമ്മതിക്കുന്നതും സഹിക്കത്തക്കതുമായ ഒരു സംഗതിയല്ലെന്നു വിശദമാണു". അതുകൊണ്ടു അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ബിൽ ഇവിടെ അവതരിപ്പിക്കുന്ന കാര്യത്തിൽ ഞാൻ എതിർക്കുന്നു.

Mr. M. K. Raja *(Mulakunnathukavu):* Sir, many arguments have been advanced from various sections of this House on the Bill which is under consideration now. I do not want to take the valuable time of this House by answering all those criticisms, some of them very weighty, but some of them bordering on ludicrousness. I would just like to place before this House for its consideration some of the fundamental facts regarding the taxation structure of our State, which I hope will be of some advantage, or some help to many of the members of this House in looking at this Bill from its correct perspective. Sir, as was pointed out by the leader of the Prajamandal Party yesterday, criticisms can come from two points of view. One is from the political stand-point. I think it was the Hon'ble Member from Cheruthuruthi who took up that position and said that on political grounds the opposition was not prepared to countenance such a measure.

Mr. K. Balakrishna Menon *(Cheruthuruthi):* I am sorry, Sir, you have not understood me correctly.

Mr. President: The Hon'ble Member can go on.

Mr. M. K. Raja *(Mulakunnathukavu):* If I have understood him correctly, it was his point of view, Sir, that since we had forfeited the confidence of the general public .....

Mr. Parambi Lonappen *(Irinjalakkuda):* That is mine.

Mr. M. K. Raja *(Mulakunnathukavu):* Anyway that was what I understood; because we have forfeited the confidence of the public, we do not deserve any pie from the public coffers.

Mr. Parambi Lonappen *(Irinjalakkuda):* Not you, but the Ministry.

Mr. M. K. Raja *(Mulakunnathukavu):* Well, I do not question the right of any Member to hold his own views about these things or his right to express them in whatever way he likes;

LIBRARY ARCHIVES Kerala Legislative Assembly

but I really feel, Sir, that it was an unfortunate position which any responsible Member of this House should take. It is usual in democratic Parliaments to deny the Government the means of carrying on the Administration. It is usual in democratic parliaments to vote down taxation measures, because the opposition believes that the Government of the day do not enjoy the confidence of the public. But I submit, Sir, that it is only in a very serious case. It is in a very serious emergency that the opposition takes the responsibility of denying supplies —that is the technical term used—to Government that is carrying on the Administration. Now if this Bill is opposed on political grounds, because the Government do not deserve the support of the Public I say the Hon'ble Member must realise that it was in reply to a speech made by the Leader of the Prajamandal that we are advancing arguments for opposition's sake. That is the ground on which the Hon'ble Members in the opposition take their step. I am entitled to say, Sir, that on that very argument, on that very basis, we, on this side, so long as we are saddled with the responsibility for running the administration, so long as we are not ousted from position of Governmental authority by a vote of no-confidence, so long as we are not deprived of Governmental power by constitutional means, we will be justified, we will be entitled to see that this Bill is placed on the statute book, irrespective of any opposition from whatever quarter it comes. (Hear, Hear.) Therefore, I say that it was an unfortunate position, for any Hon'ble member to have taken on this Bill. But as one who wants that the discussion on this Bill should not proceed on those lines, I entreat the Hon'ble Members, I implore the Members of the opposition, to take a more reasonable view, a constructive approach to this Bill and I assure that if they are prepared to adopt that attitude and if they are prepared to resist the temptation of finding every point on which to hang a political grievance upon, I tell them honestly that we, on this side, are prepared to meet them. We are prepared to make any reasonable amendments on this proviso that they do not propose anything which will have the effect of defeating the very purposes of this Bill.

The House rose for lunch at 1-30 p.m. and reassembled at 2-30 p.m. with the Hon'ble President in the Chair

Mr. M. K. Raja *(Mulakunnathukavu)*: Sir, I was saying that political opposition to the present Bill should be entirely out of place. I was told that that was not the attitude of the majority of the members of the opposition. I said, Sir, that so long as the Government is in power, it is their constitutional right to ask this Legislature to vote "Supplies money" to carry on the Administration and if the opposition says that that won't be done, the Government will be entitled to take it as a challenge and they will take it as a challenge. The Government is here to carry on the Administration, to work out the developmental schemes and to finance various other schemes they have in contemplation and naturally they require money for that and if the opposition says that the Government cannot have the money for that, that must be treated only as a constitutional issue and extraneous to the consideration of the present Bill.

Now if the protests from the opposition—some of the members of the opposition benches were to be taken seriously—that they did not intend to oppose this Bill on political grounds—I am only happy about it. And from the speeches that I could hear on the other side, Sir, atleast some of the members are prepared to take a more responsible attitude towards this Bill—I particularly refer to the speech of the Hon'ble Member for Vadakancheri and he made one on two very important points—It will merit the consideration of the Government. For example, he referred to the need for regularising the Land Revenue system in this State. I entirely agree with him on that point. It will be found, Sir, if we examine the taxation structure of not only our State but the Government of India as well as some of the British Indian Provinces that Land Revenue for some reason or other has found almost a permanent place in the scheme of the budgeting of the State. So far as Government of India is concerned, in 1945 for example Customs revenue stands out at 3,70,089, lakhs of rupees, Excise 1315 lakhs of rupees, Central as well as Provincial Income-tax 2,501 lakhs and Land Revenue fetch a Revenue of 2773 lakhs of rupees. There were very sound historical reasons for Land Revenue assuming such a disproportionate importance in the Budget of the Government of India because when the British authority was established in India, Land Revenue was the most apparent, was the most natural source upon which the Government could lay its hands upon. They took the line of least resistance and year after year, even after 150 years of British Rule in India Land Revenue has always found an abiding place in the Budget of the Government of India. Now coming to Cochin also, you will find, Sir, that Land Revenue only a few years back used to fetch about 10 to 15 per cent of the revenues of this

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Raja]

State, when our revenues stood something between 90 lakhs and one crore of rupees. Land Revenue which is budgeted this year—12 lakhs of rupees—even then it was 12 lakhs of rupees. Thus we find that the financial structure, the final structure of most of our British Indian Provinces and the States hinges upon Land Revenue. Now, so far as I am concerned I personally believe that there is a very good case for regularising Land Revenue and bringing it in consonance with well understood principles of taxtation. Land revenue as it is assessed and collected at present often do against many of these canons. For example the first objection which may be taken to the assessment of land revenue as it stands at present is that it has no equity in principle. There is no basic land revenue as such. Every land-holder is assessed at a particular rate and that rate has no connection at all with the income derived from the property. I submit that that system stands in need of re-organisation at the earlist moment possible.

Mr. P. Kumaran Ezhuthassn *(Vadkkancheri)*: If need be, abolish it.

Mr. M. K. Raja *(Mulakunnathukavu)*: That can also be considered. Moreover, another well understood canon of taxation is the ease or convenience of taxation and considered fron that point of view also, land revenue collection is a most cumbersome procedure. We have to go through periodical assessment at very great cost, tedious process of measurement, fixation, assessment, mapping out and all that sort of thing; and considered from the point of view of the turn-over, of that tax, if you work out the total cost of assessment and the total turn-over, it will work out very very poor results, and after all this trouble, after all this laborious process of settlement, which is conducted periodically, after all, what are we going to get? It is only a mere pittance of 12 lakhs of rupees. It will be found, Sir, that land revenue, as at persent stands, has lost all importance in our Budget; because as I pointed out when our revenue was about 90 or 96 lakhs of rupees then also the land revenue was 12 lakhs of rupees. Now our revenue has gone up by leaps and bounds and it stands now at the colossal figure of 4 crores of rupees. Even now the land revenue stands at about 12 lakhs of rupees. You will find from a perusal of the various revenue heads under taxation about 2 crores and 60 lakhs of rupees are collected direct as well as indirect, out of which we are getting only a small amount of 12 lakhs of rupees and that by itself has made it a very strong case, if not abolition all at once, at least regularization of land revenue in our State. Now something at this laudable purpose was attempted in Travancore about two years back when the present Agriculture Income-tax Act in Travencore was passed. What they attempted to do was to fix basic land revenue and then to assess the income-tax of those people who had a minimum of Rs. 2,000 or Rs. 2,500 income every year. Now that is worth copying in our State also. (Hear, hear) I don't say it can be done all at once because this is a taxation measure and probably the Government will not find it possible to incorporate all these details at once into the Bill, but this can be considered even at a later stage and with profit to the taxation structure of our State.

Now it was said that this tax is going to affect a veast majority of agriculturists in our land. I beg to differ from that. It was pointed out, Sir, in the Sreemulam Assembly in those days by the Diwan President that the Agricultural Income-tax in Travancore with its vast areas and with its large number of holders of big landed property, that would have affected only between 500 and 1000 people. Now Cochin is about 1/5th of the area of Travancore; and here it has to be remembered, that the number of land holders who hold big holdings are comparatively few and even on a liberal computation, it will be found that this taxation is going to affect not more than 250 or 300 people. Now are we to take it that members of the opposition want that in order to oblige 230 or 250 people, in order to exempt them from the new levy, this Government has to forego one of the most equitable, one of the just, fair and reasonable taxation on our Statute Book? I hope, Sir, that the opposition does not take that point of view also.

Another aspect I would like to bring to the notice of the Government is the need for giving some sort of relief to people whose only source of income is agriculture. We can conceive of a case, Sir, where a big land-holder will be at the same time engaged in some other profession. For, example, there are land-lords who might be professors of Colleges, there might be people in Government employment, or land-holders will be engaged in so many other vocations, but there are so many people whose sole income will be agriculture, and I submit that it will be necessary when the Bill is taken into consideration in detail to give some sort of relief to that category of people.

LIBRARY ARCHIVES Kerala Legislative Assembly

Lastly, Sir, before concluding, I would just like to refer to the very hard case of some of the families which may be affected by this Bill. I am referring particularly to the big Marumakkathayam families or joint families in the State. They may not be large in number, but even then consistent with the principles and purpose of this Bill, some sort of relief has to be given to them. For example many of these families, though technically and legally they are called joint families, are a conglomeration of a number of Thavazhies. Now in computing the taxable minimum of income, the whole income of the family is taken into consideration without any referance to the number of members of each family. That will work great hardship upon them.

That would be by passing some of the laws which are already on the Statute Book. For example according to the Marumakathayam Act of Cochin, now some of these Marumakkathayam families are not allowed to ask for individual partition. They can have only Thavazhi partition and the effect of the present Bill will be to bypass that temptation, because the natural temptation would be to split up the families into a number of small units if only to escape taxation. Therefore I submit that some provision may be included in the Bill to meet that situation also. With these words I support the Bill.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, എനിക്കും ഈ ബില്ലിനെ വളരെ സന്തോഷത്തോടുകൂടി അനുകൂലിക്കേണ്ട കാര്യമുണ്ട്. ഇതു് വാസ്തവത്തിൽ വളരെ ന്യായമായ ഒരു ബില്ലിണ്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരിപ്പോഴും നിലനികുതി കൊടുക്കുന്നുണ്ടെന്നും അങ്ങിനെ പല വിധത്തിലുള്ള നികുതിഭാരംകൊണ്ടു കഷ്ടപ്പെടുന്നവരിലാണ് ഈ ബിൽ പ്രകാരമുള്ള നികുതിയും ചുമത്തുവാൻ പോകുന്നതെന്നും ഇവിടെ നടന്ന വാദപ്രതിവാദത്തിൽനിന്നു മനസ്സിലാകുന്നു. എന്നാൽ നാം ശ്രീമാൻ ചേലൂർ ഇട്ടിരവി നമ്പൂതിരി അവർകൾ പറഞ്ഞതുപോലെ പണ്ടത്തെ ന്യ ങിക. ലക്ഷം ഉറപ്പിക മാത്രം വരവുണ്ടാക്കി പേരിനു മാത്രമുള്ള ഭരണം നടത്തിയാൽ മതിയൊ അതൊ കൊച്ചിരാജ്യത്തെ തൊഴിലാളികളുടേയും സാമാന്യമായി എല്ലാവരുടെയും എല്ലാ കാര്യങ്ങളും നോക്കുവാൻ പര്യാപ്തമായ ഒരു ഭരണമാണൊ നടത്തേണ്ടതു് എന്നുള്ള കാര്യം നാം ആലോചിക്കണം. ന്യ ങി ലക്ഷം ഉറപ്പികയുടെ ഒരു ബഡ്ജറ്റുണ്ടാക്കി നാമിരുന്നാൽ മതിയൊ എന്നാണ് ഞാൻ ചോദിക്കുന്നതു്. കൊച്ചീരാജ്യത്തെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷിക്കാരാണു്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: എത്ര ശതമാനമുണ്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ഫ ൦ ൦-ക്കു ൽ ൦ ശതമാനവും കൃഷിക്കാരാണ്. ഈ കൃഷിക്കാരെ സംബന്ധിക്കുന്നകാര്യങ്ങളാണു്, പുതിയതായികൊണ്ടുവരുന്ന ഏതു കാര്യങ്ങളായാലും ഗവൺമെണ്ടിനു കൊണ്ടുവരുവാനുള്ളതു്. ധനവാന്മാരായ കർഷകന്മാരുടെ പണമെടുത്തു് രാജ്യത്തെ പൊതുവേയുള്ള കാര്യങ്ങൾക്കു ചിലവാക്കിയാൽ അതിലെന്താണു് തെറ്റെന്നു ഞാൻ ചോദിക്കുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എന്തിനാണു് ചിലവാക്കുവാൻ പോകുന്നതെന്നു വിശദമാക്കണം?

മിസ്റ്റർ കെ. ടി. അച്യുതൻ: എത്രകാര്യങ്ങൾക്കാണു് ഈ സംഖ്യ പ്രധാനമായി ചിലവാക്കുവാൻ പോകുന്നതെന്നുനോക്കാണം. ഗവൺമെണ്ടിൽനിന്നു പൊതുജനങ്ങൾക്കു വളരെ ഉപകാരപ്രദമായ കാര്യങ്ങൾക്കാണു് ഈ സംഖ്യ ചിലവാക്കുവാൻ പോകുന്നതെന്നു ഗവൺമെണ്ടു അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റു നോക്കിയാൽ അറിയാവുന്നതാണു്. അതൊക്കെ മറച്ചുവെച്ചുകൊണ്ടു് രാജ്യത്തെ ധനവാന്മാരായ വളരെ ചുരുക്കം പേരുടെ വരവിൽ ഒരുഭാഗം നല്കാര്യങ്ങൾ നടത്തുന്നതിലേക്കായി ഗവൺമെണ്ടു ട്രഷറിയിലേക്കു പോകുന്നതിനെപ്പറ്റി കൊച്ചിരാജ്യത്തുള്ള സകല ആളുകളേയും പേടിപ്പിക്കുന്നതരത്തിൽ സംസാരിച്ചുപോകരുതു്. ഇതു് എത്രയും നിസ്സാരമായ ഒരു കാര്യമാണു്. ചിലവുകഴിച്ചു ന, ൦ ൦ ൦ക.യുണ്ടെങ്കിൽ മാത്രമേ നികുതികൊടുക്കേണ്ടതുള്ളു. എല്ലാ ചിലവുകളും കഴിച്ചു ന, ൦ ൦ ൦ക. നിക്കിവെച്ചാൽ അതിനുമാത്രമേ നികുതി കൊടുക്കേണ്ടതുള്ളു. ഈ കാര്യങ്ങളൊക്കെ മറച്ചുവെച്ചുകൊണ്ടു് കൊച്ചിരാജ്യത്തുള്ള എല്ലാ കൃഷിക്കാരുടെമേലും നികുതി ചുമത്തി ഗവൺമെണ്ടു് അവരെ ബുദ്ധിമുട്ടിക്കുന്നു. ജനങ്ങൾക്കു താങ്ങുവാൻ സാധിക്കാത്ത നികുതിയാണു് ജനപ്രതിനിധികളാൽ നടത്തപ്പെടുന്ന ഗവൺമെണ്ടും അവരുടെ മേൽ ചുമത്തുന്നതു് എന്നൊക്കെ പറയുന്നതു് വളരെ കഷ്ടമാണു്. ബഹുമാനപ്പെട്ട പെരുന്തുരുത്തിമെമ്പർ പറഞ്ഞു ന്യായമായ കാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. T. Achuthan]

യ്ങ്ങൾക്ക നികുതി പിരച്ചെടുക്കുക; അതു ന്യായമായ കായ്ങ്ങൾക്കുവേണ്ടി ചിലവാക്കുക എന്നു്. അതു വളരെ ന്യായമാണു്. വീടുകളുണ്ടാക്കുന്നതിനുവേണ്ടി ചിലവുചെയ്യുക, വളരെ ഇറിഗേഷൻപണികൾ നടത്തേണ്ടതുണ്ടു്, അതിനു പണംവേണം, ഈവക കായ്ങ്ങൾക്കായി ഈ സംഖ്യ വിനിഗോഗിക്കണം എന്നു പറഞ്ഞാൽ അതു ന്യായമാണു്. അങ്ങിനെയാണു് പറയേണ്ടതു്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം എത്ര ഒഴിവുകളാണു് ഈ ബില്ലിലുള്ളതു്? വളരെ കുറച്ചാളുകളേമാത്രമേ ഇതു ബാധിക്കയുള്ളു. മിസ്റ്റർ രാജാ പറഞ്ഞതുപോലെ മരുമക്കത്തായം തറവാടിനു ഈ ബില്ലുമൂലം ദോഷം തട്ടുന്നുണ്ടെങ്കിൽ അതിനുള്ള സമാധാനം ചെയ്യണം. ആ വക സൌകര്യങ്ങൾ ചെയ്തുകൊടുക്കരുതെന്നു ഗവൺമെണ്ടു പറഞ്ഞുവൊ? ഇന്നയിന്ന വിഷമങ്ങളാണു് ഇതിലുള്ളതെന്നു ചൂണ്ടിക്കാണിച്ചാൽ ന്യായമായിട്ടുള്ള വ്യത്യാസങ്ങൾ ഇതിൽവരുത്തുന്നതിനു വിരോധമുണ്ടായിരിക്കയില്ല.

പിന്നെ എറണാകുളം ലേഡിമെമ്പർ ധർമ്മസ്ഥാപനങ്ങളെപ്പറ്റി പറഞ്ഞു. ധർമ്മസ്ഥാപനങ്ങൾ വളരെ മഹനീയമായ കായ്ങ്ങളാണു് നടത്തുന്നതു്. വളരെ ഉപകാരങ്ങൾ അതിൽനിന്നു ജനങ്ങൾക്കു കിട്ടുന്നുണ്ടു്. അതിനു ആരു തെറ്റുപറയുന്നു. ഒരുകൊല്ലം ₹ ൦, ൦ ൦ ൦ക. വരവുണ്ടെങ്കിൽ ₹ ൫, ൦ ൦ ൦ക. നിങ്ങൾ ചിലവുചെയ്തുകൊള്ളുക. ₹ ൦, ൦ ൦ ൦ക. വരവുണ്ടെങ്കിൽ ൫, ൦ ൦ ൦ക. ചിലവുചെയ്യ ൫, ൦ ൦ ൦ക. ബാക്കിയിരുപ്പുണ്ടെങ്കിൽ അതിൽ ഒരുഭാഗം ജനങ്ങൾക്കുവേണ്ടി ചിലവുചെയ്യുവാൻ ഗവൺമെണ്ടിലേക്കു തരണമെന്നുപറയുന്നു. അതിൽ എന്താണു് തെറ്റു? ഇങ്ങിനേയുള്ളസ്ഥാപനങ്ങളിലുണ്ടാകുന്ന വരവു ചിലവു ചെയ്യാതിരുന്നാൽ അതു ആ സ്ഥാപനങ്ങൾക്കുതന്നെ ഒരു കളങ്കമാണു്. കൊല്ലന്തോറുമുണ്ടാകുന്ന വരവിനേക്കാൾ കൂടുതൽ ചിലവുചെയ്യുന്നതിനു ഈ ബിൽ പ്രേരകമാകുന്നതാണു്. അപ്പോൾ ഒരു പൈപോലും ഗവൺമെണ്ടിനു ഈവക സ്ഥാപനങ്ങളിൽ നിന്നു കിട്ടുവാനുണ്ടാകയില്ല.

ഇനി Capital gains-ന്റെ കായ്മാണുള്ളതു്. അതിൽ കഴിഞ്ഞകായ്ത്തെപ്പറ്റി നോക്കീട്ടകായ്മില്ല. ഇനിമേലാൽവരുന്ന കായ്ത്തിനെ അതു ബാധകമാകയുള്ളു. യുദ്ധത്തിനുമുമ്പു് വസ്തുകൾ കൈമാറ്റം ചെയ്തതിനെപ്പറ്റി പറയുവാൻ പാടില്ല. യുദ്ധത്തിനു ശേഷം വസ്തു കൈമാറ്റം ചെയ്തിട്ടുള്ളവർക്കു സ്വന്തമായ യാതൊരു പ്രയത്നവും കൂടാതെ വസ്തു കൈമാറ്റം ചെയ്തു വളരെ സംഖ്യ സമ്പാദിക്കുവാൻ സാധിച്ചിട്ടുണ്ടു്. അതിൽ ഒരു വീതം ഗവൺമെണ്ടിനു കൊടുക്കുക. അതുകൊണ്ടു് ഈ ബില്ലിന്റെ നാനാവശങ്ങളേയും കൂലങ്കുഷമായി ചർച്ചചെയ്തു്, എല്ലാവരും ഒരു പരിഷ്കൃതമനോഭാവത്തോടുകൂടിയ ഒരു നിലയെടുത്തു് ഈ ബില്ലിനെ പാസാക്കിത്തരണമെന്നു അപേക്ഷിക്കുന്നു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: സർ, എനിക്കും ഈ ബില്ലിനെക്കുറിച്ചു രണ്ടു വാക്കു പറയേണ്ടതായ ആവശ്യം വന്നിരിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർമാർ പലരും ബില്ലിനെക്കുറിച്ചു അനുകൂലമായും പ്രതികൂലമായുംഉള്ള പ്രസംഗങ്ങൾ ഇവിടെ നടത്തിയതിന്റെശേഷം എനിക്കു എന്റെ ഏളിയ ബുദ്ധിയിൽ തോന്നിയതായ രണ്ടു മൂന്നു സംഗതികൾ മാത്രം ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ വെക്കുവാൻ വലിയ ആഗ്രഹമുണ്ടു്. വില്പനനികുതി ബില്ലവതരിപ്പിച്ചുകൊണ്ടു് കഴിഞ്ഞകൊല്ലം ഇവിടെ പ്രസംഗങ്ങൾ നടന്ന അവസരത്തിൽ അതിനെ അനുകൂലിച്ച ബഹുഭൂരിപക്ഷം അംഗങ്ങളും പറഞ്ഞിരുന്ന ഒരു സംഗതി അതു് സാധുക്കളെ ബാധിക്കുവാൻ പോകുന്നില്ല എന്നാണു്. കച്ചവടക്കാരനുള്ള ലാഭത്തിൽ നിന്നും നൂറ് രൂപക്കു് ഒരുരൂപവീതം ഗവൺമെണ്ടിനും കൊടുക്കുന്നതിനു് എന്താണു് തടസ്സം എന്നുള്ള വാദമുഖംമാത്രമാണു് ആ അവസരത്തിൽ അധികംപേരും ഇവിടെ ഉന്നയിച്ചതു്. അന്നു അപ്രകാരം പറഞ്ഞ അംഗങ്ങൾതന്നെ സമ്മതിക്കുന്നു കച്ചവടനികുതികൊണ്ടു് ഇവിടത്തെ, പ്രത്യേകിച്ചു് നമ്മുടെ മട്ടാഞ്ചേരി പട്ടണത്തിലെ, കച്ചവടം തിരുവിതാംകൂറിലേക്കു് എങ്ങിനെയൊ ആരുമറിയാതെ നമ്മെവിട്ടുപിരിഞ്ഞു എന്നും, പല ഇനങ്ങളിലുമായി നമുക്കു് വരേണ്ട വരുമാനം നമ്മെ കൈവെടിഞ്ഞു് പോയിരിക്കുന്നു എന്നും എന്റെ ഒരു മാന്യസ്നേഹിതൻ മി. ധാരാസിംഗ് ഈ സഭയിൽ ആ പരമാർത്ഥം ഉറക്കെപറഞ്ഞിട്ടുള്ളതിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. അതേ അടിസ്ഥാനത്തിലാണു് ഈ ബില്ലിനെയും ഇവിടെ പല ബഹുമാനപ്പെട്ട അംഗങ്ങളും അനുകൂലിക്കുന്നതു് എങ്കിൽ അതിനെ എതിർക്കാതിരിക്കാൻ എനിക്കു് നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ഈ നികുതി യഥാർത്ഥത്തിൽ സാധുക്കളെ ബാധിക്കുന്ന മന്നാണു് എന്നു തീർച്ചയാണു്. ബഹുമാനപ്പെട്ട പല അംഗങ്ങളും പറയുകയുണ്ടായി, ഈ ബിൽ സാധുക്കളെ ബാധിക്കുകയില്ല, നേരെമറിച്ചു് പണംകൂ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രാരമായി കൂട്ടുന്ന ഏതാനും ചില ജന്മികളെമാത്രമെ ഇതു് ബാധിക്കാൻപോകുന്നുള്ളു എ ന്നു്. ഞാൻ അതിനോടു് യോജിക്കുന്നില്ല. യഥാർത്ഥത്തിൽ ഇന്നു് ഈ സഭതന്നെ സമ്മതി ച്ചിട്ടുണ്ടു് ഇവിടെ പണം ക്രമ്പാരമായി കൂട്ടുന്ന ജന്മികളും കേവലം കൈവിരൽകൊണ്ടു് എ ണ്ണാൻ മാത്രമേയുള്ളു എന്നു്. ഒരുപക്ഷെ നിങ്ങളും പറയുമായിരിക്കും മുപ്പായിരം രൂപ ചിലവു കഴിച്ചു് ബാക്കിയുണ്ടു് എങ്കിൽ മാത്രമെ, അതിൽ ഒരു പങ്കു് ഗവമ്മെണ്ടിലേക്കു് കൊടുക്കേണ്ട തുള്ളു എന്നു്. ഞാൻ ചോദിച്ചുകൊള്ളട്ടെ, സകല ചിലവുംകഴിച്ചു് മുപ്പായിരം ഉറപ്പിക കെ ട്ടിയിരിപ്പുള്ള കൃഷിക്കാർ എത്രപേർ നമ്മുടെ നാട്ടിലുണ്ടെന്നു് ഒരു കണക്കു് നിങ്ങളും തയ്യാ റാക്കീട്ടുണ്ടൊ? അതു് തയ്യാറാക്കിട്ടില്ലെന്നു് ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ഈ സഭയെ അറിയിക്കുകയും ഉണ്ടായിട്ടുണ്ടു്. ഇന്നു് രാവിലെ ബഹുമാനപ്പെട്ട വിഭവവിദ്യാഭ്യാസ മ ന്ത്രി അവർകളും പറഞ്ഞതുപോലെ പണത്തിന്റെ വില ഇടിഞ്ഞതുകൊണ്ടു് സാധനങ്ങളുടെ വില കയറിയതിനാൽ അല്പം പണം ഈ അവസരത്തിൽ കൃഷിക്കാരുടെ കയ്യിൽവരുന്നു ണ്ടു് വാസ്തവംതന്നെ. അതിൽനിന്നും ഒരു പങ്കു ഗവമ്മെണ്ടിലേക്കു കൊടുക്കണമെന്നു പറ യുന്നതിനോടു യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. ക്ഷണഭംഗുരമായ ഈ വിലക്കൂടുത ലിനെകണ്ടു നമ്മുടെ കൃഷിക്കാരെ ഇനിയും ചൂഷണംചെയ്യുന്നപക്ഷം അതു് ഏറ്റവും വലി യ അനീതിയായിരിക്കും. മുതലക്കണ്ണുനീരോടു് കൂടിയല്ല. ഒരു യഥാർത്ഥകർഷകമനോഭവ ത്തോടുകൂടിയാണു് ഞാൻ പറയുന്നതു്; ഇന്നു് കൊടുങ്ങല്ലൂരിലെതന്നെ സ്ഥിതിയെടുത്താൽ അ റിയാൻ സാധിക്കും. മുപ്പായിരത്തിൽ കൂടുതൽ കൃഷിച്ചിലവു കഴിച്ചു നു, ൦ ൦ ൦-ൽകൂടു തൽ ആദായം ഉണ്ടാകുന്നവർ ഒന്നൊ, രണ്ടൊ, ഇതിൽ കൂടുതൽ ഉണ്ടാകയില്ലഎന്നു.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: അവരോടെ പിരിക്കുകയുള്ളു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: പക്ഷെ മുമ്പത്തെ കണക്കു് വെച്ചുകൊ ണ്ടാണു് നാളെയും പിരിക്കുവാൻ പോകുന്നതു്. നമുക്കെല്ലാവക്കും അറിയാം നാളെ നാളികേരം മുതലായ കാർഷികോൽപന്നങ്ങളുടെ വില നേരെ ഇടിയുമെന്നു. അയ്യായ രമൊ ആറായിരമോ ചിലവാക്കി കൃഷിചെയ്തശേഷം ഈ മുപ്പായിരം ഉറപ്പിക സമ്പാ ദിച്ചു് അതിൽനിന്നു് ഒരു പങ്കു തരണമെങ്കിൽ ഒരു കൃഷിക്കാരൻ എത്ര നട്ടെല്ലുപൊ ടിയണമെന്നു നിങ്ങളൊന്നു് ആലോചിച്ചുനോക്കണം. ഇന്നു കൃഷിക്കാരെ പലവിധത്തി ലും ചൂഷണം ചെയ്യുന്നുണ്ടു്. ഈ ഗവമ്മെണ്ടു ചൂഷണം ചെയ്യുന്നു എന്നതന്നെ ഞാൻ പ റയുന്നു. ഗവമ്മെണ്ടിലേക്കു തൊഴിലാളികളും കൃഷിക്കാരും നികുതിതരാൻ തയ്യാറാണു്; പക്ഷെ അവരുടെ രക്ഷക്കു പറ്റിയ രീതിയിൽ ഒരു പദ്ധതി സഭയുടെ മുമ്പാകെയുണ്ടെ കിൽ ഞങ്ങളും അതിനെ സ്വാഗതംചെയ്യുതന്നെ ചെയ്യും. ഞങ്ങളും എന്നു പറയുമ്പോൾ ഒരുവിശദീകരണം തരുവാനുണ്ടു്. ഞാൻ ഒരു പാട്ടിയിലും പെടാത്ത ഒരംഗമാണു്. (ഹിയർ, ഹിയർ). യഥാർത്ഥത്തിൽ എട്ടുലക്ഷം രൂപയാണു് ഈ ഇനത്തിൽ ഗവമ്മെ ണ്ടിലേക്കു ഉണ്ടാകാൻ പോകുന്നതെന്നു് ഈ ബഡ്ജറ്റിൽ കാണിച്ചിരിക്കുന്നു. ഈ എട്ട ലക്ഷം രൂപ കൃഷിക്കാരുടെ ഉന്നമനത്തിനുവേണ്ടി ചിലവാക്കാമെന്നു വാദത്തംചെയ്യുന്നപ ക്ഷം ഞാൻ തീച്ചയായും ഈ ബില്ലിനെ സ്വാഗതംചെയ്യും. നിങ്ങൾക്കു ഇതിനു് ഒരു പ ദ്ധതിയുണ്ടോ? പദ്ധതിയില്ലെങ്കിൽ ഇനിയെങ്കിലും ഒരു പദ്ധതി തയ്യാറാക്കുക. ഇന്നു വ ർഷിച്ചുവരുന്ന കൃഷിച്ചിലവിനു നിങ്ങൾക്കു് എന്തൊരു പരിഹാരമാണു് കാണുവാൻ സാധി ച്ചിട്ടുള്ളതു്? മുന്നുനാലു വർഷങ്ങൾക്കു മുമ്പുവരെ കാർഷികോല്പന്നങ്ങൾക്കുള്ള സീമാതീതമാ യ വിലയിടിവുമൂലം കൊടുംയാതനകൾ അനുഭവിച്ചിരുന്ന കൃഷിക്കാരനു നിങ്ങൾ അന്നു് എന്തു രക്ഷചെയ്തു? ഇന്നു് ഒരു യുദ്ധംമൂലം ഉറപ്പികയുടെ വിലയിടിയുകയാൽ അവനു ചി ല കടലാസുതുണ്ടങ്ങൾ കയ്യിൽ വരുന്നുണ്ടെങ്കിൽ അതിന്റെ മറുഭാഗം അവനു വർദ്ധിച്ചുവരുന്ന ജീവിതച്ചിലവും കൃഷിച്ചിലവും നികത്തുവാൻ സാധിക്കുന്നുണ്ടോ എന്നു നിങ്ങൾ അറിയണം. ഇന്നു മുപ്പായിരം ഉറപ്പിക മിച്ചമുണ്ടാക്കണമെങ്കിൽ അയ്യായിരമോ ആറായിരമോ കൃഷിക്കു വേണ്ടി ചിലവുചെയ്താൽ മാത്രമേ സാദ്ധ്യമാകയുള്ളു. ക്രൂരതെ അവനു വലിയ ഒരു കുടുംബത്തെ പുലർത്തേണ്ട ഭാരംകൂടിയുണ്ടു്. അതുകൊണ്ടു ഞാൻ പറയുന്നതു കർഷകരെ അധികം ബുദ്ധി മുട്ടിക്കരുതെന്നാണു്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സഭ ഗാഢമായി ആലോചിക്കേണ്ട തുണ്ടു്. ഇന്നത്തെ വരുമാനം കണ്ടു കൃഷിക്കാരെ ബുദ്ധിമുട്ടിക്കുന്നപക്ഷം ഈ രാജ്യത്തെ കൃഷിയും തൊഴിലും കച്ചവടവും നശിച്ചുപോലെതന്നെ നശിക്കാനിടയുള്ളതാണു്. പണം ക്രമ്പാരമായിക്കൂട്ടുന്ന അഞ്ചൊ പത്തോ ആളുകളെയല്ല, ഇതധികവും സാധുക്കളായ കൃഷി

[Mr. P. A. Muhamed Ashrof]

ക്കാരെയായിരിക്കും വീഴ്ത്തുകയെന്ന നിങ്ങൾ മനസ്സിലാക്കണം. അതെ, അഹോരാത്രം പരിശ്രമിക്കുന്നവരെ മാത്രമായിരിക്കും ഇതു കൂടുതൽ ബാധിക്കുക എന്നാണ് എന്റെ അഭിപ്രായം. ഈ ബിൽ ബഹുമാനപ്പെട്ട മെമ്പർമാർക്ക് കിട്ടിയതുതന്നെ വളരെ വൈകിയിട്ടാണ്. ഇങ്ങിനെയുള്ള ബിൽ, പ്രത്യേകിച്ച് Taxation measures-നെപ്പറ്റിയുള്ള ബിൽ വരുമ്പോൾ മെമ്പർമാർക്ക് അതു വായിച്ചു പഠിക്കാൻ കുറച്ചുസമയം കൊടുക്കേണ്ട ചുമതലയുണ്ട്. ഏറ്റവും ശക്തിയോടുകൂടി മലവെള്ളം ഒഴുകുന്നപോലെ കൌൺസിലിൽ കൊണ്ടുവരുക, പാസ്സാക്കുക എന്നുവന്നാൽ അതിൽ ഔചിത്യക്കുറവുണ്ട്. ക്ഷുദ്രകൃമായി ചിന്തിച്ചതിനുശേഷമേ ഇതിനെക്കുറിച്ച് ഒരു തീരുമാനം ഈ സഭ എടുക്കുവാൻ പാടുള്ളൂ. ഈ ബിൽ ഒരു സിലക്ട് കമ്മിറ്റിയെ ഏല്പിച്ചു കഴിയുന്നതും ആലോചിച്ചിട്ടുവേണം ഇതു പാസ്സാക്കുവാൻ. താമസം നേരിടുന്നപക്ഷം retrospective effect വെച്ചു പാസ്സാക്കുവാൻ വിരോധമില്ല. ഇതിനെക്കുറിച്ചു ജനങ്ങളെ മനസ്സിലാക്കിയശേഷം വേണ്ടിവന്നാൽ വരുന്ന വൃശ്ചികം സെഷനിൽ ഒരു discussion നടത്തിയിട്ടു മാത്രമേ ഈ ബിൽ നിയമസഭയിൽ പാസ്സാക്കുവാൻ പാടുള്ളൂ. ഇപ്പോൾതന്നെ ഫ ഫ മുതല്ക്കുള്ള വരവിനാണ് നികുതി പിരിക്കാൻ പോകുന്നതു്.

Mr. P. Govinda Menon *(Minister for Food and Education)*: That is the nature of every Income-tax Legislation.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: It is true. അങ്ങിനെയാണെങ്കിൽ ഈ സംഖ്യ എവിടെപ്പോയിരിക്കുന്നു എന്നാലോചിക്കണം. അവൻ പട്ടിണികിടന്നു ബാക്കിവെച്ചിട്ടുണ്ടെങ്കിൽ അതെവിടെയെങ്കിലും കാണുമെന്നു തീർച്ചയാണ്. ആദായനികുതി ഉദ്യോഗസ്ഥന്മാർക്ക് അതു കണ്ടുപിടിക്കുവാൻ യാതൊരു പ്രയാസവുമില്ല. യഥാർത്ഥത്തിൽ ക്ഷണമെന്നു പറഞ്ഞാൽ ഏറ്റവും വലിയ ക്ഷണമാണ് ഇന്നു് ആ ഡിപ്പാർട്ട്മെണ്ടു നടത്തുന്നതു്. ഞാൻ ഡിപ്പാർട്ട്മെണ്ടിനെ കുറ്റം പറയുന്നതല്ല. ഇന്നത്തെ എക്സിക്യൂട്ടീവും ജൂഡീഷ്യറിയും തമ്മിലുള്ള ബന്ധത്തെയാണു മനസ്സിലാകാത്തതു്. ഈ വകുപ്പിൽ എക്സിക്യൂട്ടീവും ജൂഡീഷ്യറി അധികാരവും ഒരാളാണു നടത്തുന്നതു്. ഇന്നു നികുതി പിരിച്ചു് എട്ടലക്ഷം ഉറപ്പിക ഉണ്ടാക്കണമെന്നു നിങ്ങൾ പറയുന്നു. ഈ എട്ടലക്ഷം പിരിഞ്ഞുകിട്ടീട്ടില്ലെങ്കിൽ explanation ചോദിക്കും. അതു കിട്ടിയാൽ കണ്ണിൽ കണ്ടവരെയെല്ലാം പിടിച്ചു കഷ്ടപ്പെടുത്തി ഈ എട്ടലക്ഷം ഉറപ്പിക എങ്ങിനെയെങ്കിലും ഒപ്പിക്കും. അവരുടെ ക്ഷണത്തെപ്പറ്റി നമ്മുടെ പത്രങ്ങൾ മുറവിളികൂട്ടീട്ടുള്ളതു ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അങ്ങിനെയുള്ള ക്ഷണത്തിനു് ഇടംവെച്ചുകൊടുക്കരുതു്. ഒരു അപ്പീലോറ്റ് ട്രിബ്യൂണൽ വെച്ചു് ആക്ഷേപങ്ങൾ കേൾക്കാനുള്ള സൌകര്യം ഉണ്ടാക്കിത്തീർത്താൽ മാത്രമേ പാവപ്പെട്ട കൃഷിക്കാർക്കും മറ്റു സാധുക്കൾക്കും ഈ ഡിപ്പാർട്ട്മെണ്ടിൽനിന്നും ന്യായം കിട്ടുവാൻ സാധിക്കയുള്ളൂ എന്നാണ് എനിക്കു പറയാനുള്ളതു്. ഇതു കഷ്ടകരമായി ബാധിക്കുന്ന ഒരു ബില്ലായതുകൊണ്ടു ധൃതിക്കൂട്ടി ഈ സെഷനിൽതന്നെ പാസ്സാക്കണമെന്നുള്ള നിർബ്ബന്ധമില്ല. ശരിയായ ആലോചന നടത്തിയതിനുശേഷം മാത്രമേ ഇതു പാസ്സാക്കാൻ പാടുള്ളൂ എന്നാണ് എന്റെ അഭിപ്രായം.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: എനിക്ക് ഈ ബില്ലിനെക്കുറിച്ചു് വളരെ അധികം സംസാരിക്കാനുണ്ട്. അതുകൊണ്ടു കുറച്ചു സമയം അനുവദിച്ചു തരുവാനപേക്ഷ. അധികം സമയം അനുവദിക്കാൻ നിവൃത്തിയില്ലെങ്കിൽ, അനുവദിക്കാവുന്നതോളം സമയം എത്രയാണെന്നറിഞ്ഞാൽ എനിക്ക് പറയാനുള്ളതു് ആ സമയംകൊണ്ടു് പറഞ്ഞു തീർത്തുകൊള്ളാം. വളരെയധികം പറയാനുണ്ടു്. എന്റെ പ്രസംഗം തന്നെ സാമാന്യമായി സഭയിലെ മെമ്പർമാർക്ക് ഇഷ്ടപ്പെടാത്ത ഒന്നായിരിക്കും. ഇവിടെ കർഷകരുടെ പേരിൽ സംസാരിച്ച ആളുകളാരും യഥാർത്ഥ കർഷകരല്ല; ഈ നികുതി കൊടുക്കാൻ ചുമതലപ്പെട്ട വരുമല്ല. എന്നാൽ ഈ നികുതി കൊടുക്കാൻ ചുമതലപ്പെട്ടവരുടെ പ്രാതിനിദ്ധ്യം വഹിച്ചുകൊണ്ടാണ് ഞാൻ പ്രസംഗിക്കുന്നതു്. ഈ നികുതി കൊടുക്കുവാൻ ചുമതലപ്പെട്ടവർ യഥാർത്ഥത്തിൽ കൃഷി ചെയ്യാത്ത ആളുകളാണ്. ഇവിടെ പലരും പറയുന്നതു കേട്ടു, കൊച്ചി രാജ്യത്തിൽ തൊണ്ണൂറു ശതമാനവും കൃഷിക്കാരാണെന്നു്. ആ ആളുകൾ എത്ര കണക്കു വെച്ചാണാവോ പറയുന്നതു്! ഞാൻ ഫ൯ ര ഫ-ലെ സെൻസസ് റിപ്പോർട്ടു നോക്കി. അതുപ്രകാരം കൊച്ചി രാജ്യത്തിൽ ഫ ര¼ ലക്ഷം ജനങ്ങൾ ആണ് ഉള്ളതു്—ഇപ്പോൾ ഫ൫ ലക്ഷത്തോളം ഉണ്ടത്രെ—ഇതിൽ ഫ ര ലക്ഷം ആളുകളും കൃഷിക്കാരല്ല. പിന്നെ എന്തെങ്കു

LIBRARY ARCHIVES Kerala Legislative Assembly

ലും പറയുക എന്നേ ഇതിനർത്ഥമുള്ളൂ. ഒന്നാമതായി എനിക്ക് പറയുവാനുള്ളതു് ഇപ്പോൾ ഈ ബില്ല് കൊണ്ടുവന്നതു് അസമയത്താണെന്നാണു്. ക ക ഒ ന ചിങ്ങത്തിലെ നികുതി പിരിക്കാൻ ക ക ഒ ഒ കൽക്കടകം ന ഒ -ാംന-യാണൊ ബില്ലുകൊണ്ടുവരിക!! ഇതു് കുറെ കാലെ അറിഞ്ഞിരുന്നുവെങ്കിൽ കുറെ ആളുകൾക്കെങ്കിലും രക്ഷപ്പെടുവാൻ സാധിക്കുമായിരുന്നേനെ. ഒന്നും നിവൃത്തിയില്ലെങ്കിൽ ആലോചിക്കുകയെങ്കിലും വേണ്ടേ; പിന്നെ ഈ നികുതി ചുമത്തുന്നതു് എന്തെങ്കിലും ഒരു പ്രത്യേക ആവശ്യത്തിന്നാണെങ്കിൽ അതനുവദിക്കാം. ആവശ്യത്തിനു് നികുതി ചുമത്തുന്നതിൽ ആക്ഷേപമില്ല. എന്നാൽ ആ ആവശ്യം ഇന്നതാണെന്നു് നിശ്ചയിക്കുന്നതിലാണു് അഭിപ്രായവ്യത്യാസം. കൊച്ചി രാജ്യത്തു് സഹികവയ്യാത്തവിധം ഭരണച്ചിലവുകൾ വർദ്ധിച്ചു കഴിഞ്ഞു എന്നു ഇന്നത്തെ ഗവർമ്മെണ്ടു സമ്മതിച്ചു കഴിഞ്ഞു. അതു് ഏതു വിധത്തിലാണു് ചുരുക്കേണ്ടതു് എന്നു നിശ്ചയിക്കാനാണെന്നു് പറഞ്ഞു് ഒരു കമ്മിറ്റിയെയും വെച്ചു കഴിഞ്ഞു. ആ കമ്മിറ്റിയുടെ റിപ്പോർട്ടു എന്താണെന്നറിയുന്നതിന്നു് മുമ്പു് ഈ നികുതി ചുമത്തുന്ന ബില്ലു് കൊണ്ടുവന്നാൽ ആ കമ്മിറ്റിക്കു് റിപ്പോർട്ടെഴുവാൻ യാതൊരു പ്രയാസവുമില്ല—ഇതു് പാസ്സായാൽ മതി; ആ റിപ്പോർട്ടു് എന്തായിരിക്കുമെന്നു് നമുക്കൊന്നു് ആലോചിച്ചാൽ അറിയാനൊപ്പമുണ്ടു്. ഇതൊക്കെ മനങ്ങാക്കു് ആവശ്യമാണു്; യാതൊരു ചിലവും ചുരുക്കേണ്ടതില്ല എന്നു എളുപ്പത്തിൽ കമ്മിറ്റിക്കു് റിപ്പോർട്ടയക്കാമല്ലോ. പിന്നെ നിവൃത്തിയില്ലെന്നു് വെച്ചാൽ ഇങ്ങിനെ ഒരു നികുതി ചുമത്തുവാൻ ഒരു ബില്ലുകൊണ്ടുവരിക എന്നേ ഇതിന്നർത്ഥമുള്ളൂ. ഇതു് "ഏട്ടുപടവലങ്ങ കൂട്ടാൻ പാടില്ല" എന്നു് പറഞ്ഞപോലെയാണു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : അതെന്താണെന്നു് കേട്ടാൽ കൊള്ളാം.

മിസ്സർ സി. എൻ. ഇട്ടിരവി നമ്പൂതിരി : അതൊരു പഴയ കഥയാണു്. ശാസ്ത്രത്തിൽ പറഞ്ഞിട്ടുണ്ടത്രെ ഇന്ന മാസത്തിൽ പടവലങ്ങക്കൂട്ടാൻ പാടില്ലെന്നു്. അതനുസരിച്ചു് ഒരാൾ ഇല്ലത്തു് ഉണ്ണാൻ ചെന്നപ്പോൾ, അവിടെ പടവലങ്ങ ധാരാളം ഉണ്ടായിട്ടും കൂട്ടാൻ വെയ്ക്കാൻ പടവലങ്ങ ഉപയോഗിച്ചു കാണായ്കയാൽ ചോദിച്ചു, എന്താണു് പടവലങ്ങ ഒന്നും കൂട്ടാൻ വെയ്ക്കാത്തതെന്നു്. അവർ പറഞ്ഞു ആ മാസത്തിൽ പടവലങ്ങ കൂട്ടാൻ പാടില്ലെന്നല്ലെ ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നതു്, അതുകൊണ്ടാണു് കൂട്ടാൻ വെയ്ക്കാഞ്ഞതെന്നു്. അപ്പോൾ അദ്ദേഹം പറഞ്ഞുവത്രെ, കൂട്ടാൻ വെയ്ക്കാൻ പാടില്ല എന്നു് പറഞ്ഞിട്ടുള്ളതു് 'ഏട്ടു പടവലങ്ങയാണു്', ശരിയായ പടവലങ്ങ നമുക്കു കൂട്ടാൻ വെയ്ക്കാമെന്നു്—(ചിരി) അതുപോലെയാണു് ഈ നികുതിയുടെ ആവശ്യകതയെ ന്യായീകരിക്കുന്നതും. കൊച്ചീരാജ്യത്തിൽ കൈക്കൂലി ഇല്ല എന്നു് എല്ലാവരും വിശ്വസിക്കുന്നില്ലെ?

മിസ്റ്റർ ചെയർമാൻ ജി. എസ്സ് ധാരാസിങ്ങ് : ഇല്ല എന്നല്ലെ വിശ്വസിക്കേണ്ടതു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ . കൈക്കൂലി ഇല്ലെന്നു് വിശ്വസിക്കുന്നില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി : ഉണ്ടെന്നു് വിശ്വസിക്കാമൊ? അത്ര വലിയ ആളല്ലെ ഇല്ലെന്നു് തീർച്ചു പറഞ്ഞതു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ : അതല്ലെ ആ ആളെ വേഗം പിരിച്ചയച്ചതു്.

Mr. President : The Hon'ble Member has taken half-an-hour. How much more time does he require?

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി : സർ, ഇതിനെപ്പറ്റി പറയുകയാണെങ്കിൽ കുറച്ചു് വിസ്തരിച്ചു പറയേണ്ടതുണ്ടു്. ഈ നികുതിയെപ്പറ്റിമാത്രം പറയുകയാണെങ്കിൽ നികുതി കൂട്ടേണ്ട എന്നുമാത്രം പറഞ്ഞാൽ അവസാനിച്ചു. എന്റെ അഭിപ്രായത്തിൽ ഇങ്ങിനെ നികുതി കൂട്ടുവാനുള്ള അവസരം ഇതല്ല. എന്റെ ഉത്തമ വിശ്വാസത്തിൽ retrenchment കമ്മിറ്റി വിചാരിച്ചാൽ പലേ ചിലവും ചുരുക്കാൻ സാധിക്കും. പത്തുപന്ത്രണ്ടു കൊല്ലങ്ങളായിട്ടു് ഉദ്യോഗങ്ങൾ ആവശ്യത്തിലധികം വർദ്ധിച്ചിട്ടുണ്ടു്. ഇന്നുള്ള ഉദ്യോഗങ്ങൾ മുഴുവനും ആവശ്യത്തിന്നുള്ള ഉദ്യോഗമല്ല; നേരെമറിച്ചു് ആളുകൾക്കുള്ള ഉദ്യോഗമാണു്. അതിന്നു് എത്രയൊ ഉദാഹരണങ്ങൾ വേണമെങ്കിൽ പറയാൻ സാധിക്കും. ആളുകളെ കുറക്കുക എന്നല്ലാതെ ഇതിന്നു വേറെ യാതൊരു നിവൃത്തിയുമില്ല. ഇന്നു ഏതെല്ലാം ഡിപ്പാർട്ടുമെണ്ടുകൾ ഉണ്ടാക്കാനുള്ള പെണ്ടിങ്ങു് ഫയലുകളാണു് സെക്രട്ടറിയേറ്റിലുള്ളതെന്നറിഞ്ഞുകൂടാ. ചിങ്ങമാസത്തിൽ അനവധി ഉദ്യോഗങ്ങൾ ഇവിടെ ഉണ്ടാകുമെന്നാണു ഞാൻ വി

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Ittiravi Nambudiri]

ശപിക്കുന്നതു്. അപ്പോൾ നികുതി കൂട്ടണോ കുട്ടേണ്ടയോ എന്നു ആലോചിക്കാനുള്ള അവസരം ഇതല്ല. നാം രണ്ടുദിവസംമുമ്പു് ലക്ഷത്തിൽ ചിലചാനം ഉറപ്പിക്കു് സപ്ലിമെൻററി ബഡ്ജറു പാസ്സാക്കിക്കൊടുത്തു. ചിങ്ങം പിറന്നതിൽപിന്നെ ഇതുവരെ നമ്മൾ ലക്ഷം ഉറപ്പിക്കയുടെ സപ്ലിമെൻററി ബഡ്ജറു നാമിവിടെ പാസ്സാക്കിക്കൊടുത്തു കഴിഞ്ഞു. ആ നിലക്കു ഇപ്പോൾ ഇതു പാസ്സായാലും ഇല്ലെങ്കിലും, പണത്തിൻെറ ആവശ്യത്തിനു് ബഡ്ജറിലുള്ള വിഷമമില്ല. പിന്നെ സാധാരണയായി നല്ല നല്ല വിഷയങ്ങൾക്കു ചിലവാക്കുവാൻവേണ്ടി ബഡ്ജറിൽ കൊള്ളിക്കുന്ന പണം ലാപ്സായിപ്പോകുകയാണു പതിവു്. അപ്പോൾ ഈ ബില്ലു് പെട്ടെന്നു പാസ്സാക്കാത്തതുകൊണ്ടു് അബദ്ധമൊന്നുമില്ല. ഇപ്പോഴത്തെ ട്രേനികുതി തോതു നോക്കുമ്പോൾ ഇതൊരു പുതിയ നികുതി കൂട്ടലല്ല. ഇപ്പോൾത്തന്നെ പലവിധത്തിലായും വേണ്ടതിലധികം നികുതി കൂട്ടിയിട്ടുണ്ടു്. ആദ്യംതന്നെ ട്രേനികുതി ചുമത്തി, പിന്നെ അതിനുതന്നെ ഒരു തിരുമൂൽക്കാഴ്ച, പിന്നെ ഒരു അഗ്രിക്കൾച്ചറൽ ഇൻകം ടാക്സു്, പിന്നെ ഒരു സൂപ്പർ ടാക്സു്—ഇങ്ങിനെ പലവിധത്തിലും വേണ്ടതിലധികം നികുതി! വല്ലതും സാമ്പത്തമെന്തെങ്കിലും പുതിയതായി ഒരു നികുതി കൂട്ടുതൽ പിരിക്കുകയാണെങ്കിൽ എന്തെങ്കിലുമാകട്ടെ എന്നു വെയ്ക്കാം. ഇതു അങ്ങിനെ ഒരു നികുതിയൊന്നുമല്ല. ഒരു രാജ്യത്തൊഴികെ മറേറതൊരു രാജ്യത്തും ഇത്തരം ഒരു നികുതി സമ്പ്രദായമില്ല. ഈ ഒരു സംഗതിയിൽ മാത്രം തിരുവിതാംകൂറിനെ അനുകരിക്കാൻ നമ്മുടെ ഗവമ്മെണ്ടു ഒരുങ്ങിയിരിക്കുകയാണു്. എന്നാൽ അവിടെ വേറെ ചില നല്ല ഗുണഭോഗങ്ങളുണ്ടു്. അതിവിടെ പകർത്താൻ നമ്മുടെ ഗവമ്മെണ്ടു തയ്യാറില്ല. കുറഞ്ഞ നികുതിയുള്ള ദിക്കിലെ വർത്തമാനത്തെക്കുറിച്ചു് ഈ ഗവമ്മെണ്ടിനു ചെവിടുപോലും കേൾക്കുകയില്ല. ഇവിടുത്തേതിലും പകുതിയൊ മുക്കാലൊ ഭാഗമേ തിരുവിതാംകൂറിൽ Land tax ഉള്ളു. അതൊന്നും കാണാൻ നമ്മുടെ ഗവമ്മെണ്ടിനു കണ്ണില്ല. ഇവിടെ ഇനി രണ്ടു നികുതി കൂടിയെ ചുമത്താനുള്ളു. ഒന്നു മരണ നികുതി, മറെറാന്നു ജനന നികുതി. ഒരാൾ ജനിച്ചാൽ ഇത്ര രൂപ കെട്ടണമെന്നു് ഒരു നിയമം ഉണ്ടാക്കുകയാണെങ്കിൽ അതും ഒരു തരത്തിൽ ന്യായമല്ലെ! അയാൾ ജനിച്ചതിനുശേഷം അയാളുടെ ചുമതലകളുടെ ഭാരവാഹിത്വം ഗവമ്മെണ്ടിനല്ലെ; അപ്പോൾ അതിനും ഒരു നികുതി ആയിക്കൊള്ളട്ടെ. അങ്ങിനെ ഒരു നികുതി ചുമത്തുക എന്നു വന്നാൽ അധികം ജനനമുണ്ടാകാതിരിക്കാൻ അച്ഛനമ്മമാർ ഒന്നു മനസ്സിരുത്തിക്കൊള്ളുകയും ചെയ്യും!! (ചിരി).

ഇവിടെ income tax തുടങ്ങിയിട്ടു് പതിനാലൊ പതിനഞ്ചൊ കൊല്ലമേ ആയിട്ടുള്ളു. അതു തുടങ്ങിയപ്പോൾ രൂപക്കു് നാലുപൈ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ അതു് പൈ ആയിട്ടുണ്ടു് എന്നിരുന്നാലും ഫർ കൊല്ലംകൊണ്ടു് മാത്രമേ അതു ഇരട്ടിക്കാൻ സാധിച്ചിട്ടുള്ളു. എന്നാൽ ഈ നികുതി അങ്ങിനെയല്ല. ഇതു് പെട്ടെന്നുള്ള ഒരു കൂട്ടലാണു്. ഏതു നികുതിക്കുള്ള ബില്ലു പാസ്സാക്കിയാലും പിന്നെയും പിന്നെയും amendment കൊണ്ടുവന്നു കൂട്ടാത്ത ഒരു ബില്ലുമില്ല. Amendment-നു് ഇവിടെ ക്ഷാമമില്ലല്ലൊ. ഇതു് ആദ്യം ഒരു ർ പൈ ആക്കി, പിന്നെ അതു ന പൈ ആക്കി, അങ്ങിനെ കുറേശ്ശെ കുറേശ്ശെ കൂട്ടിക്കൊണ്ടുവരുകയാണെങ്കിൽ ആളുകൾക്കു കൂട്ടുതൽ കൂട്ടുതൽ കൊടുത്തു അങ്ങിനെ ഒരു പരിചയമാകും. ഇതൊക്കെ ഒന്നു ആലോചിച്ചുകൊണ്ടു് ഈ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സു് ചുമത്തണമെന്നാണു് ഞാൻ പറയുന്നതു്. ആവശ്യത്തിനു് പണം പോരാതെവന്നാൽ അതിനു ഇതുപോലെ ഏതെങ്കിലും ഒരു നികുതി ചുമത്തണമെന്നുള്ളതിനെ മുമ്പൊരിക്കൽ ഒരു വാദം ഇവിടെവന്ന അവസരത്തിൽ ഇന്നത്തെ ഗവമ്മെണ്ടു എതിർത്തതാണു്. ഇന്നു് ആ മട്ടൊക്കെ മാറി. ഇന്നു് അവരല്ലെ ബില്ലു കൊണ്ടുവന്നിരിക്കുന്നതു്. എന്താണു ഇതിൻെറയൊക്കെ താല്പര്യം! ഇപ്പോൾ ഗവമ്മെണ്ടിനു ഒരു policy യുമില്ല. അപ്പപ്പോൾ തോന്നിയതു അപ്പപ്പോൾ ചെയ്യുക എന്നേ ഉള്ളു. ഇതാണു്, പൂർണ്ണമായിട്ടല്ലെങ്കിലും, ഉത്തരവാദ ഭരണം കിട്ടിയതിൻെറ ഗുണം! ഈ നിലക്കു പരിപൂർണ്ണ ഉത്തരവാദ ഭരണം കിട്ടിയാൽ എന്തായിരിക്കും സ്ഥിതി! (ചിരി).

മിസ്റ്റർ കെ. ഐ. വേലായുധൻ: ജന്മികളുടെ സ്ഥിതി എന്തായിരിക്കും?

മിസ്റ്റർ സി. എൻ. ഇട്ടരവി നമ്പൂതിരി: ജന്മികളുടെ സ്ഥിതിയെന്താ? നിങ്ങളെപ്പോലെതന്നെയാക്കുക; അല്ലാതെകണ്ടു് യാതൊരു നിവൃത്തിയുമില്ല. എനിക്കു അതിനും വിരോധമില്ല. ഇപ്പോൾ എല്ലാം ഒപ്പമാകണമെന്നല്ലെയുള്ളു. പക്ഷെ ആദ്യം ഇവിടെയുള്ള ആളുകളെ ഒന്നൊപ്പമാക്കി നോക്കുക. അതാണു് ഉദ്ദേശമെങ്കിൽ അതു തുറന്നു പറയരുതോ? എല്ലാവരും ഒന്നുപോലെ ആയിക്കൊള്ളും. ഈ നികുതി ഇപ്പോൾ ചുമത്തുന്നതു് അന്യായ

LIBRARY ARCHIVES Kerala Legislative Assembly

മാണ്. ആദ്യമായി ഇങ്ങിനെ ഒരു നികുതി ചുമത്തുവാൻ ആവശ്യമുണ്ടെന്നു് തെളിയിക്കണം. ഇത്ര പെട്ടെന്നു യാതൊരു ആവശ്യവും പറയാതെ ഇങ്ങിനെ ഒരു നികുതി ചുമത്തണമെന്നു പറഞ്ഞാൽ അതിനു് അനുകൂലിക്കാൻ ഞാൻ തയ്യാറില്ല. ഈ നികുതി ചുമത്തൽ അസമയത്തും അന്യായവുമാണു് എന്നേ ഞാൻ പറയുന്നുള്ളൂ.

പിന്നെ ഈ നികുതി, കഴിഞ്ഞ കാലത്തേക്കുകൂടി ചുമത്തുന്നുണ്ടെന്നാണു് കേട്ടതു്. അതായതു് ൧൯-ലെ നികുതി ൧൯-ൽ പിരിക്കുമത്രെ. എന്നാൽ ഇതു് ൧൯ മുതല്ലോ ൧൭ മുതല്ലോ തുടങ്ങാം. എന്നാൽപിന്നെ പണം പോരാതെ വരികയില്ലല്ലൊ. ഇപ്പോൾ റേഷൻ നടത്താൻ ഈമാതിരി ഒരു സൂത്രമുണ്ടു്. റേഷൻ ഏർപ്പാടു വരുന്നതിനു മുമ്പു് ൧൯ ഔൺസും ൧൭ ഔൺസും കഴിച്ചിരുന്നതുകൊണ്ടു് ഇപ്പോൾ അന്നു് അധികം കഴിച്ചതു് adjust ചെയ്തുകൊള്ളാൻ ഒരു order പാസ്സാക്കിയാൽ മതി. എന്നാൽ പിന്നെ, ഇവിടെ ഇന്നലെ നടന്ന വാദപ്രതിവാദംപോലെ കല്ലുക്കാക്കും ലാല്ലുക്കാക്കും ആക്ഷേപമുണ്ടാകുമെന്നുള്ള ഒരു ബുദ്ധിമുട്ടുണ്ടാകയില്ല. (ചിരി). അതുകൊണ്ടു് ഞാൻ പറയുന്നതു് ഈ policy ശരിയല്ലെന്നാണു്.

ഈ നികുതി വ്യവസ്ഥയനുസരിച്ചു്, ഒരാൾക്കു് ൫ ലക്ഷം രൂ. ആദായമുണ്ടായി എന്നു വിചാരിക്കുക; അതിൽ ൩,൭ ൫,൦൦൦ ഉറപ്പികയോളം tax കൊടുക്കണം. ഇതു് എന്തൊരു ന്യായമാണു്. സാധാരണ കക്കാൻ പോകുകയാണെങ്കിലുംകൂടി രണ്ടാൾക്കും ഒപ്പം പങ്കുവെയ്ക്കുക എന്നമാത്രമേയുള്ളൂ. "തവവ്യഥാം മമ വ്യഥാം" എന്നല്ലെ; ഇതെന്തൊരു ഭരണമാണു"! ഈതരം ഭരണം ഇട്ടിക്കണ്ടപ്പന്റെ ഭരണകാലത്തേ ഉണ്ടായിരുന്നതായി ഞാൻ കേട്ടിട്ടുള്ളൂ. ൫ ലക്ഷക്കാരനു് മുന്നു ലക്ഷവും ൨ ലക്ഷക്കാരനു് അതിലധികവും നികുതി കൊടുക്കണമെന്നുവന്നാൽഅതുക്കെങ്കിലും വല്ല ലാഭവുമുണ്ടാകുന്നുണ്ടൊ? ഇതിനൊക്കെ ഒരു അതൃത്തിവേണം. ബ്രിട്ടീഷു് മലബാറിൽ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സു് വരുത്തണമെന്നു് ആലോചനയുണ്ടു്. അതിൽകവിഞ്ഞ ടാക്സു് ർണ. യാണു്. അതിനൊന്നും സൂപ്പർ ടാക്സും ഇല്ല. പക്ഷേ അധികം ടാക്സായി ചുമത്തുവാനും വയ്യ. കോൺഗ്രസ്സു് ഗവമ്മെണ്ടിനെ അനുകരിക്കുന്ന നമ്മുടെ ഗവമ്മെണ്ടു് ഈ സംഗതികൾ കണ്ടുപഠിക്കരുതെ? എന്റെ സ്നേഹിതൻ മിസ്റ്റർ എം. കെ. രാജാ പറഞ്ഞതുപോലെയുള്ള വിധത്തിൽ നികുതിപിരിവു നടത്തുകയെന്നവന്നാൽ അതു വലിയ അക്രമമാണു്. ഏതാണ്ടു് ബ്രകന്റെ കഥപോലെയാണു് ഈ ഏർപ്പാടു്. ബ്രകനു് ചോറു കൊണ്ടുപോകാൻ ഇന്നൊരാൾ, നാളെ വേറൊരാൾ എന്നപോലെ ഏർപ്പാടു ചെയ്തപ്പോൾ ഉപദ്രവത്തിനു കുറെ ഭേദം കിട്ടി. അതുപോലെ ഞങ്ങളാകെ കുറച്ചാളുകളെ ഉള്ളൂ. അതിൽ ആരെക്കെങ്കിലും ഒരാൾക്കു ടാക്സു് ചുമത്തിയാൽ ഇതിലും ഭേദമായിരുന്നു. എന്നാൽ പിന്നെ ഒരാൾ മതിയല്ലൊ ഈ വിഷമം അനുഭവിക്കാൻ. അതു് ഞങ്ങളിൽ ആരെയെങ്കിലും, വല്ല നറുക്കിട്ടെടുത്തൊ മറ്റൊ ആരാണ വേണ്ടതെന്നു് തീർച്ചയാക്കിയെന്നുവെച്ചാൽ ബാക്കിയുള്ളവക്കെങ്കിലും കുറെനാൾ സൈ്വരമായിരിക്കാമല്ലൊ. അതല്ല എങ്കിൽ ഈ ബഡ്ഡറ്റിൽ ൫ ലക്ഷം രൂപയുടെ കുറവുണ്ടു്, അതു നിങ്ങൾ തരണമെന്നു പറഞ്ഞാൽ ഞങ്ങൾ അതു പിരിച്ചു തന്നുകൊള്ളാം. അങ്ങിനെയായാൽ അസംഖ്യം ആളുകൾക്കു് സൈ്വരം കിട്ടും. അതല്ലാതെ ഈ സാധുക്കളെ വിഷമിപ്പിക്കരുതെന്നാണു് എന്റെ അപേക്ഷ.

ഒരാൾക്കു് ൫ ലക്ഷം രൂപാ ആദായമുണ്ടെങ്കിൽ—അഞ്ചു ലക്ഷം രൂപാ പാലിയത്തു ആദായമുണ്ടാകും എന്നാണു് വിചാരിക്കുന്നതു്—ആ അഞ്ചു ലക്ഷത്തിൽ മുന്നേമുക്കാൽ ലക്ഷത്തോളം രൂപയും ഗവമ്മെണ്ടിന്നും ബാക്കി ഒന്നിൽചിലവാനം ലക്ഷം രൂപാ ആ ആൾക്കും ആയിരിക്കണമെന്നാണു് ഈ നികുതിവ്യവസ്ഥകൊണ്ടു വരുന്നതു്. ഈ ഒന്നിൽചിലവാനം ലക്ഷം രൂപകൊണ്ടാണു് പത്തുമന്നൂറ അംഗങ്ങളുള്ള, പാലിയത്താണെങ്കിൽ, അവർ ചിലവു കഴിക്കേണ്ടിവരുന്നതു്. ഇതിനു് ആരെങ്കിലും തയ്യാറുണ്ടായിരിക്കുമൊ? ഇങ്ങിനെയാണെങ്കിൽ നമ്മുടെ നാട്ടിലെ ഇന്നത്തെ റേഷൻ സമ്പ്രദായം വളരെ ഭംഗിയായി നടക്കും. ആദായം കിട്ടുന്നുണ്ടെന്നുവെച്ചു്, ചിലവു കഴിച്ചു ബാക്കിയുള്ളതു് നികുതിയായി കൊടുക്കാൻ ആരെങ്കിലും തയ്യാറുണ്ടായിരിക്കുമൊ? ഞാൻ ചോദിക്കുന്നു, മുപ്പായിരം ഉറപ്പിക ശമ്പളമുള്ള ഒരാൾ, അല്ലേഹത്തിന്റെ ചിലവു കഴിച്ചു ബാക്കിയുള്ളതു് നികുതിയായി കൊടുക്കാൻ സമ്മതമുള്ള ആളായിരിക്കുമൊ എന്നു്. ഇവിടെ പലരും പറഞ്ഞു തൊണ്ണൂറൊമ്പതു ശതമാനവും കൃഷിക്കാരാണെന്നു്. അങ്ങിനെയാണെങ്കിൽ ഗവമ്മെണ്ടു ഒരു കാര്യം ചെയ്തുകൊള്ളട്ടെ. ഈ കൃഷിക്കാരുടെ കയ്യിൽനിന്നും അവരുണ്ടാക്കുന്ന നെല്ലും നാളികേരവുമെല്ലാം ഒരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Ittiravi Nambudri]

ക്ലിപ്ത വിലയ്ക്ക് ഗവൺമെണ്ടതന്നെ വാങ്ങട്ടെ. എന്നിട്ട് അതു എത്രയെങ്കിലും കൂടുതൽ വിലക്കു് പുറമെ വിറ്റ് ആ ലാഭം എടുത്തുകൊള്ളട്ടെ. പോരാത്ത പണത്തിന്നു് അതാണ നല്ലതു്.

കഷ്കർ നികുതിഭാരംകൊണ്ടു് ഇപ്പോൾതന്നെ വളരെ കഷ്ടപ്പെടുന്നുണ്ടു്. പോരെങ്കിൽ കൃഷി ചെയ്യുന്നതിന്നുള്ള സൌകര്യങ്ങളൊ, സാഹചര്യങ്ങളൊ വേണ്ടത്ര ലഭിക്കുന്നില്ല. ഇന്നത്തെ കൂലിക്ക വല്ല നിയന്ത്രണവുമുണ്ടൊ? ഇരുമ്പിന്നപേക്ഷിച്ചാൽ വന്നിട്ടില്ല എന്നു പറയും; വന്നു എന്നു കേട്ടു് പോയി ചോദിച്ചാൽ വേറെ ആളെ കൊണ്ടുപോയി എന്നും പറയും. പിന്നെ കൃഷിക്കുവേണ്ടിത്തന്നെ ഇക്കൊല്ലത്തിൽ എത്ര നികുതി പിരിച്ചു. മുള്ളർ കായൽ കൃഷിക്കു് ആദ്യം ഒരു നികുതി ചുമത്തി. പിന്നെ ആ നികുതി പിരിച്ചശേഷം അതു് മടക്കിത്തരാമെന്നൊക്കെ പറഞ്ഞു. എന്നോടു് രണ്ടായിരത്തിൽപരിലധികം ഉറപ്പിക നികുതി പിരിച്ചു. ആദ്യം ഞാൻ കൊടുക്കുകയില്ല എന്നൊക്കെ പറഞ്ഞു. പിന്നെ താലൂക്കിൽനിന്നും മറ്റും വന്നു പറഞ്ഞു നിർബ്ബന്ധിച്ചപ്പോൾ ഞാൻ വേഗം കയ്യിൽ വെച്ചുകൊണ്ടു. ഇന്നേതിയ്യതിവരെ ഈ രൂപ എനിക്ക മടക്കി തന്നിട്ടില്ല. അതു് മടക്കിക്കിട്ടാൻ എവിടെയാണു് പോകേണ്ടതു്; ആരോടാണ ചോദിക്കേണ്ടതു് എന്ന നിലയിലാണിരിക്കുന്നതു്. അടുത്തഅവസരത്തിൽ പറയുന്നതുകേട്ടു; ഒരു കൊല്ലത്തെ ആദായനികുതി ഇപ്പോൾ കൊടുക്കണമെന്നുപറഞ്ഞു ചിലക്കെല്ലാം നോട്ടീസ്സ് കിട്ടീട്ടുണ്ടെന്നു്. കണക്കെല്ലാം പിന്നീടു സൌകര്യംപോലെ നോക്കി തിട്ടപ്പെടുത്താമെന്നും, നികുതി ഇപ്പോൾ കൊടുക്കണമെന്നുമാണത്രെ! എന്തൊരു ന്യായമാണിതു്. നിങ്ങൾ ഇങ്ങിനെ രൂപ പിരിക്കാൻ തുടങ്ങിയാൽ എന്താണർത്ഥം!!

ഈ നികുതികൊണ്ടു് വരാനിരിക്കുന്ന ദോഷം കുറച്ചു് സ്വത്തൊക്കെ ഉള്ള ആളുകൾ ഒന്നിച്ചിരിക്കാൻ പാടില്ല എന്നതാണു്. ഒന്നിച്ചു താമസിച്ചാൽ നികുതി കൊടുത്തുകൊള്ളണം എന്നാണു് ഇതിന്റെ അർത്ഥം. എന്താണു് ഇതിന്റെ ആവശ്യം. ഒന്നിച്ചിരുന്ന എന്നുള്ള കുറ്റത്തിന്നു് അവർക്ക പിഴയിടുകയാണൊ? ഇത്രയ്ക്കാന്നും വൈഷമ്യമില്ല. ഇപ്പോൾ കൂട്ടുകുടുംബമായി താമസിക്കുന്ന ഞങ്ങൾ ഭാഗത്തിന്നു് ഒരു വ്യവസ്ഥചെയ്യണമെന്നു് പറഞ്ഞു. ഈ കൌൺസിലിൽ പാസ്സാക്കിയ ബിൽ മൂന്നൊ നാലൊ തവണ തള്ളിക്കളഞ്ഞു.

ഈ ബിൽ കൊണ്ടു വന്നുചേരുന്നതു നാളെ നമ്മൾ മുദ്രപത്രം വാങ്ങിച്ചുകൊള്ളുക; ഭാഗപത്രമോ, തീറോ ഏതു വേണമെങ്കിലും നടത്തികൊള്ളുക എന്നാണു്. ആർക്കു് ആക്ഷേപമുണ്ടെങ്കിലും നികുതി ചുമത്തുവാൻ എന്താണു വൈഷമ്യം? നമ്പൂതിരിസമുദായത്തിന്റെ കൂട്ടുകുടുംബകാര്യത്തിൽ ഭാഗം നിശ്ചയിക്കുവാനുള്ള നാലു ബിൽ നാലു തവണയായിട്ടു ഈ കൌൺസിൽ പാസ്സാക്കി. അന്നു് ആ ബില്ലൊക്കെ തള്ളിക്കളഞ്ഞു. പിന്നീടു് ഒരു ബിൽ ഇവിടെ പാസ്സാക്കി തന്നു. ആ ബില്ലിൽ ഭാഗവ്യവസ്ഥ ഇല്ല. ഒരു വീട്ടിലെ കാരണവർക്കൊ, അപ്പനൊ ഉള്ള വിചാരം അവനവന്റെ കുട്ടികൾക്ക ജീവിക്കുവാൻ മതിയായതും, ശാശ്വതമായതുമായ ഒരു സ്വത്താണ ഭൂമിയും അതിലെ അവകാശങ്ങളും എന്നാണു്. എന്നാൽ ഇത്രയും വ്യവസ്ഥയില്ലാത്ത ഒന്നാണു് ഇതെന്നു് ഈ നിയമനിർമ്മാണങ്ങളെകൊണ്ടു തെളിയിച്ചുകഴിഞ്ഞു. "വായ കല്ലിച്ചിട്ടുണ്ടെങ്കിൽ ഇരയും കല്ലിച്ചിട്ടുണ്ടു്" എന്നുള്ളതല്ലാതെ ഇതിൽ വേറെയൊന്നുമില്ല. ഇൻകംടാക്സ് ബില്ലിനോടു്, അഗ്രിക്കൾച്ചറൽ എന്തിനാണ കൂട്ടിച്ചേർത്തിരിക്കുന്നതു്? അതിനും വേറെ ഒരു ബില്ലാക്കിയിരുന്നുവെങ്കിൽ അതും പ്രത്യേകിച്ചു് ഒരു ഡിപ്പാർട്ടുമെണ്ടു് ഹെഡ്ഡിന്റെ കീഴിലാക്കാമായിരുന്നു. അല്ലെങ്കിൽ പ്രത്യേകിച്ചു് ഒരു അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെണ്ടു് ഉണ്ടാക്കാമായിരുന്നു. അതിന്നും വേണമെങ്കിൽ രണ്ടു ഡെപ്യൂട്ടി കമ്മീഷണർമാരെ വെക്കാമായിരുന്നു. എല്ലാവരും ചെയ്യുന്നതൊക്കെ ശരിയാണെന്നുള്ള വിശ്വാസമാണ മനുഷ്യർക്കുള്ളതു്. ഇന്നത്തെ ഗവൺമെണ്ടും ഇന്നത്തെ കാബിനറ്റും ചിലവു പോരാ, ശമ്പളം പോരാ, ക്ഷാമബത്ത പോരാ എന്നൊക്കെ പറയുന്നുണ്ടു്. ൪൦൦ക. ശമ്പളം ഉള്ളതിന്നും പുറമെ ൧൦൦ക. ക്ഷാമബത്തയും മേടിക്കുന്നുണ്ടു്. ഈ ക്ഷാമബത്തയുംകൂടി മേടിച്ചിട്ടില്ലെങ്കിൽ ൪൦൦ക. കൊണ്ടു് അവരുടെ ചിലവു കഴിയുകയില്ലേ? ഈമാതിരി മനസ്ഥിതിയാണു് അവരവരുടെ കാര്യങ്ങൾക്കുള്ളതു്.

ഈ ബില്ലിലെ വ്യവസ്ഥ നോക്കുകയാണെങ്കിൽ ഈശ്വരനുംകൂടി ടാക്സ് ചുമത്താവുന്ന നിലയിലുള്ള വ്യവസ്ഥകളാണു് ഇതിലുള്ളതു്. ഈശ്വരനെ അവരവരെപ്പോലെ കണക്കാക്കണം. ചില സ്ഥലങ്ങളിലുള്ള ഈശ്വരനു മത്സ്യവും മാംസവുമായിരിക്കും കൊടുക്കുക. ചില ദിക്കുകളിലുള്ള ഈശ്വരനു് അപ്പവും പഴവുമായിരിക്കും കൊടുക്കുക. അങ്ങിനെയു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ള്ള ഈശ്വരനംകൂടി നികുതി ചുമത്താനാണോ പോകുന്നതു്. എനിക്കു് ഒരു ഈശ്വരനുണ്ടു്. ആ ഈശ്വരനു പ്രത്യേകിച്ചു് ഒരു സ്വത്തുമില്ല. അവിടെ സാധാരണ മറ്റു ക്ഷേത്രങ്ങളിൽ നടക്കുന്നതുപോലെയുള്ള കമ്മങ്ങളും നടക്കുന്നുണ്ടു്. അവനവന്റെ സ്വത്തിനു സ്വാതന്ത്ര്യമില്ലെങ്കിൽ പിന്നെ ഈശ്വരൻ എന്തിനാണു്. ഇങ്ങിനെയുള്ള ഒരു ക്യാബിനറിനു വിദേനമസ്സാരം ചെയ്യാനെ നിവൃത്തിയുള്ളു. ഇതു മുഴവനും കേൾക്കുവാനായിട്ടു് ആ ഭാഗത്തു ദിവാൻജിയുംകൂടി വേണ്ടതായിരുന്നു. യാതൊരു ഉത്തരവാദിത്വവുമില്ലാതെ അപ്പപ്പോൾ പറയുന്നതൊക്കെ ശരിയാണെന്നു സമ്മതിച്ചാൽ എന്താണതിനർത്ഥമുള്ളതു്? ഭരണപരിഷ്കാരം ആവശ്യമാണു്. അതു് ആളുകൾക്കു നന്മയാണു് എന്നൊക്കെയുള്ളതിൽ സംശയമില്ല. എന്റെ കുടുംബത്തിൽ രണ്ടു മെമ്പർമാർ മാത്രമേ ഉള്ളു എന്നു വെച്ചാൽ ൧½ ഇടങ്ങഴി അരിയുണ്ടായാൽ ഒരു ദിവസം കഴിയും. അങ്ങിനെയാണെങ്കിൽ ൪ പറ അരിയും ൧൦ പറ അരിയും ഒന്നും ആവശ്യമില്ല. ഞാൻ ചെയ്യുന്ന feeding പബ്ലിക്ക സേവനമല്ല, മന്ത്രിമാരുടെ ചാർജ്ജിലുള്ള ആസ്പത്രിയിൽ ചികിത്സിച്ചാൽ മാത്രമേ രോഗം മാറുകയുള്ളു എന്നു പറയുന്നതുപോലെയാണിതു്. ൧½ക. വിലയുണ്ടായിരുന്ന ഉപ്പിനു പറക്കു നൂറാക്കി. അതും സാധുക്കൾക്കു് ഒരു ബുദ്ധിമുട്ടായിട്ടതീർന്നു. പിന്നെ ഏതെല്ലാം വിധത്തിലുള്ള നികുതിയാണു് ഗവമ്മെണ്ടു പിരിക്കുന്നതു്? ചുരുക്കം പറഞ്ഞാൽ ഒരു കാറു മേടിച്ചാൽ പെട്രോളിനു്, ഇൻഷുറൻസിനു് ഇങ്ങിനെ പലതരത്തിലുള്ള നികുതി ഗവമ്മെണ്ടിനു് ഒന്നുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ വന്നുചേരുന്നുണ്ടു്. അതൊന്നും നികുതിയല്ലെന്നോ? അമേരിക്കയിൽനിന്നു വരുന്ന ഒരു ബ്ലെയിഡിനു് അവിടെ കാലണയാണു്. അതിവിടെ കിട്ടുമ്പോൾ മുന്നണയായി. ൪൦൦ക. ശമ്പളം മേടിക്കുന്നവർക്കു നൂ, ൦൦൦ക. ട്രാവലിംഗു് അലവൻസു്! നിങ്ങൾക്കു് ഇന്നു പരമാധികാരമാണുള്ളതു്. പിന്നെയെന്തിനാണു നിങ്ങളുടെ താഴെയുള്ളവർക്കൊക്കെ കുറുക്കുവാൻ പോകുന്നതു്?

Mr. President : I would like to draw the Hon'ble Member's attention that he has been taking too much time?

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി : ഇതു് ഇന്നുതന്നെ വേണമെങ്കിൽ വോട്ടിനിടുവാൻ എന്റെ തടസ്സമില്ല.

Mr. President : If he is pleased to conclude, he may do so.

മിസ്റ്റർ കെ എസ്സു്. പണിക്കർ : ബഹുമാനപ്പെട്ട ജന്മിമെമ്പർ, ജന്മിതാല്പര്യത്തെ രക്ഷിക്കേണ്ട ഒരാളായതുകൊണ്ടു് അദ്ദേഹത്തിനു പ്രസംഗിക്കുവാൻ കൂടുതൽ സമയം കൊടുക്കണം.

മിസ്റ്റർ സി എൻ. ഇട്ടിരവിനമ്പൂതിരി : നിങ്ങളെ ഉപദ്രവിക്കണമെന്നു് എനിക്കു് ഉദ്ദേശമില്ല. നേരെമറിച്ചു് എന്നെ നശിപ്പിക്കുവാനുള്ള ഒരു ബില്ലായതുകൊണ്ടു് അതിനെപ്പറ്റി ചിലതു പറയണമെന്നു മാത്രമേ ഉദ്ദേശമുള്ളു.

Mr. President : The Hon'ble Member may be pleased to conclude soon.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി : ആഗസ്റ്റു് ൧൫-ാംനു- ഉത്തരവാദിത്വഭരണം കിട്ടിക്കഴിഞ്ഞാൽ ൧൬-ാംനു-മുതൽ ഇവിടേയും നടപ്പിലായില്ലേ? അപ്പോൾ നമ്മുടെ രാജ്യവും പരിപൂർണ്ണഉത്തരവാദിത്വമുള്ളതായി. ഈ ബിൽ ഒരു സിലക്ടു കമ്മിറ്റിക്കു് അയക്കുകയെങ്കിലും വേണ്ടതാണു്. എത്രനിലക്കായാലും പേരു കിട്ടണം എന്നാണു് ഉദ്ദേശമെങ്കിൽ ഞാൻ ഒരു കഥ പറയാം. യാതൊരു പേരുമില്ലാത്ത ഒരുത്തൻ പേരു കിട്ടാനായിട്ടു് ഒരു വഴി ആലോചിച്ചു. അവൻ വഴിയിൽ പോയിട്ടു് ഒരു കുഴി കുത്തി അതിന്റെ മീതെ കുറെ മുള്ളു വെച്ചു് ഇലയിട്ടു മൂടി. കുറച്ചു കഴിഞ്ഞപ്പോൾ ഒരാൾ ആ വഴിക്കു വന്നു ; അയാൾ ആ കുഴിയിൽ വീണു. "ഹേയ്! ഇതു് ഏതു ഗുരുത്വം കെട്ടവനാണു് ഇങ്ങിനെ ചെയ്തതു്" എന്നു് അയാൾ ചോദിച്ചു. അങ്ങനെയെങ്കിലും ഒരു പേരു പേരില്ലാത്തവനപോലും കിട്ടുമെന്നുള്ളതിൽ സംശയമില്ല. പക്ഷെ ഒരുകായ്മുണ്ടു്. അങ്ങിനെയുള്ള പേരു് കിട്ടിയാൽ പോരാ. ചെയ്യേണ്ട മാതിരിയിൽ ചെയ്തിട്ടു് ആ പേരു കിട്ടണം. ഈ ബിൽ കൊണ്ടു വരുന്നതിനു മുമ്പുതന്നെ പാട്ടിയോടു് ആലോചിച്ചിട്ടില്ലെന്നുള്ളതു വ്യക്തമാണു്. ബഹുമാനപ്പെട്ട ഉപ്പുണിത്തുറ മെമ്പരുടെ പ്രസംഗംതന്നെ അതിനു തെളിവാണു്. ഈ ബില്ലിനെ ഞാൻ ഒഴിച്ചു മറ്റാരും ഒരുപക്ഷെ എതുക്കുകയില്ലായിരിക്കാം. മറ്റു ചിലർ എതുത്തിട്ടുള്ള ഈ മന്ത്രിസ്ഥാനം അവർക്കു കിട്ടാത്തതുകൊണ്ടോ മറ്റോ ആണോ എന്നു് അറിഞ്ഞുകൂടാ. എ

[Mr. C. N. Ittiravi Nambudiri]

നിക്ക് ആവക സ്ഥാനം ഒന്നും ആവശ്യമില്ല. മന്ത്രിസ്ഥാനത്തിന്ന വേണ്ടിയല്ലാ ഞാൻ ഇ തിനെ എതുക്കുന്നതു്. എനിക്ക സ്വയബുദ്ധിയുള്ള കാലംവരെ ഞാൻ അതിനു് ആശിക്കുക യില്ല. അഥവാ ഞാൻ അങ്ങിനെ ആശിക്കുകയാണെങ്കിൽ എന്നെ മെൻറൽ ആസ്പത്രിയി ലേക്ക കൊണ്ടുപോകേണ്ടതായിട്ടവരും അത്ര വിഷമം പിടിച്ച ഒരേപ്പാടാണു് അതു്. ഇനി ഇതിനെപ്പററി കൂടുതലായിട്ട സംസാരിക്കണമെന്ന ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ഈ ബില്ലിനെ എതുത്തു സംസാരിച്ചിട്ടുള്ള കാര്യങ്ങളും യാതൊരു വ്യക്തിയേയും ആക്ഷേപി ക്കുവാൻ വേണ്ടി പറഞ്ഞതാണെന്നു് ആരും ധരിക്കരുതെന്നു് ഒരപേക്ഷയുണ്ടു്. ഞാൻ ഈ ബില്ലിനെ എതുക്കുന്നു. ഇത്രമാത്രം പറഞ്ഞുകൊണ്ടു് എൻെറ പ്രസംഗം അവസാനിപ്പിച്ചു കൊള്ളുന്നു.

മിസ്റ്റർ സി. എസ്സ്. പണിക്കർ: പ്രസിഡണ്ടു്, സർ, സാവ്ത്രികമായിരിക്കുന്ന വാദ പ്രതിവാദത്തിനു് വിഷയമായിട്ടുള്ള ഈ ബില്ലിനെ അനുകൂലിക്കുന്നതിനാണു് ഞാൻ എഴ ന്നേറ്റനിൽക്കുന്നതു്. ഈ ബില്ലിനെ എതുത്തിരിക്കുന്ന എതുപക്ഷത്തേയോ, അതിലെ വ്യ ക്തികളുടേയോ, ആത്മാർത്ഥതയിൽ എനിക്ക ലേശംപോലും സംശയം തോന്നുവാൻ വഴികാ ണുന്നില്ല. എന്നതന്നെയല്ല, ഈ ബില്ലിനെക്കുറിച്ചു് പ്രതിപാദിക്കുന്നതിനുവേണ്ടി ഒരാമു ഖം എന്ന രീതിയിൽ തുടക്കുണിത്തുറ മെമ്പർ മിസ്റ്റർ നാരായണമേനോൻ മദ്യനിരോധന ത്തിൻെറ ആവശ്യകതയേയും, അതുകൊണ്ടു് പൊതുജനങ്ങൾക്കു് ഉണ്ടായിത്തീരുന്ന ഗുണ ത്തേയും മറ്റും പ്രസ്താവിച്ചപ്പോൾ അതിനെ ചോദ്യംചെയ്ത മിസ്റ്റർ കോഡന്തരുടെയും ആ ത്മാർത്ഥതയെപോലും ഞാൻ വകവച്ചു കൊടുക്കുന്നുണ്ടു്. ഈ ബില്ലിനെ എതുത്തിരിക്കുന്ന ജന്മിമെമ്പറുടെ ഹൃദയാന്തർഭാഗത്തിൽനിന്നു് പൊട്ടി പുറപ്പെട്ടിട്ടുള്ള വാഗ്ധോരണികളിൽ അട ങ്ങിയിരിക്കുന്ന വികാരാവേശങ്ങളേയും എനിക്ക മനസ്സിലാക്കുവാൻ കഴിയും. ഈ ബി ല്ലിൻെറ വിമർശനാവസരത്തിൽ ഞാൻ യഥാർത്ഥത്തിൽ കൊച്ചി രാജ്യത്തിൽതന്നെയാണൊ സ്ഥിതിചെയ്യുന്നതെന്ന ശങ്കയാണു് എനിക്ക തോന്നിയതു്. എന്താണെന്നുവെച്ചാൽ ഈ രാ ജ്യത്തിലെ ഭൂരിപക്ഷം ജനങ്ങളുടേയും നന്മയ്ക്കു് വിഘാതമായിട്ടുള്ള ഒരു ബില്ലാണെന്നുള്ളരീ തിയിലാണു് പലരും ഇതിനെ എതുക്കുവാനായി ചില ന്യായവാദങ്ങൾ കൊണ്ടുവന്നിട്ടുള്ള തു്. മുവ്വായിരത്തിൽപരം ഉരുപ്പിക സകല ചിലവുംകഴിച്ചു് കൊച്ചിരാജ്യത്തിലെ കൃഷിവല ന്മാക്കു് ആദായമുണ്ടാകുമെന്നു് അവർ പറഞ്ഞുകേട്ടപ്പോൾ കൊച്ചിരാജ്യത്തിലെ കർഷക ൻെറ ആ ഉന്നതനിലയെക്കുറിച്ചു് ഞാൻ വിസ്മയപ്പെട്ടുപോയി. യഥാർത്ഥത്തിൽ കർഷകൻെറ രക്ഷയ്ക്കുവേണ്ടി ഇന്നത്തെ ഗവമ്മെണ്ടു് എന്തെങ്കിലും പ്രവൃത്തിച്ചിട്ടുണ്ടോയെന്നും, കൊച്ചിരാ ജ്യത്തിലെ ജനങ്ങളുടെ പൊതുനന്മയ്ക്കുവേണ്ടി ബഡ്ജററിൽ എന്തെങ്കിലും ഉണ്ടോയെന്നും, അ ങ്ങിനെയുണ്ടെങ്കിൽ ഈ ബില്ലിനെ സ്വാഗതം ചെയ്യാമെന്നും കേൾക്കുകയുണ്ടായി. എന്നാൽ ഇന്നത്തെ ബഡ്ജററിനെ കൂലങ്കുമായി പരിശോധിച്ചുനോക്കുകയാണെങ്കിൽ അതിലെപല ജ നങ്ങളും പൊതുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചു് ഉണ്ടാക്കിയതാണെന്ന മനസ്സിലാക്കുവാൻ സാധിക്കും. എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ സബാസ്റ്റ്യൻ കേരകർഷകക്കു് ഇന്നത്തെ ഗ വമ്മെണ്ടു് വല്ലതും പ്രവത്തിച്ചിട്ടുണ്ടോയെന്നു് ചോദിക്കുകയുണ്ടായി. കേരകർഷകരുടേയും, കടലോരനിവാസികളുടേയും ക്ഷേമത്തിനുവേണ്ടി തീരപ്രദേശങ്ങളിൽ ഫ്രോയിൻസ്സിട്ട കേര വൃക്ഷങ്ങളേയും തദ്ദേശനിവാസികളേയും കടലാക്രമണത്തിൽനിന്നും രക്ഷിക്കുവാനുള്ള ഒരു പദ്ധതിയല്ലെ ഗവമ്മെണ്ടു് സ്വീകരിച്ചിട്ടുള്ളതെന്നു് ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളു ന്നു. അതേമാതിരിതന്നെ ഇന്നു് കാർഷികോല്പന്നങ്ങളുടെ വില നിയന്ത്രിച്ചു; അതിനു ശ രിയായിട്ടുള്ള സ്റ്റോക്കും, കണക്കുകളും ഇല്ലെന്നുള്ള രീതിയിൽ പ്രതിപാദിച്ചുപോയാൽ എ ങ്ങിനെയാണു് ആ കാര്യങ്ങൾ നടക്കുകയെന്നു് ഞാൻ ചോദിക്കുന്നു? കാർഷികോല്പന്നങ്ങ ളിൽ ഏതെല്ലാം ഇനങ്ങളാണു് നിയന്ത്രിച്ചിട്ടുള്ളതെന്നു് ഞാൻ ചോദിക്കുന്നു? നെല്ലുകഴി ഞ്ഞാൽ ബാക്കിയുള്ള സാധനങ്ങൾ നിയന്ത്രണത്തിനു് വിധേയമായിട്ടില്ലെന്നു് വരുമ്പോൾ കാർഷിക ഉല്പന്നങ്ങളുടെ നിയന്ത്രണം ഉണ്ടെന്നുള്ള പേരിൽ ഈ ബില്ലിനെ എതുക്ക വാൻ യാതൊരു അടിസ്ഥാനവുമില്ലെന്നാണു് എനിക്ക പറയുവാനുള്ളതു്. ഇനി ഈ ബില്ലു് ആദായനികുതി ബില്ലിൽ ഉൾപ്പെടുത്തിയതിൻെറ പ്രസക്തിയില്ലായ്മയും ചിലർ പ്രസ്താ വിക്കുകയുണ്ടായി. അഗ്രിക്കൾച്ചറൽ ഇൻകംടാക്സ്സ് എന്ന തലക്കെട്ടിൽ ഉള്ള ഒന്നായതുകൊ ണ്ടു് അതു് ഇൻകംടാക്സ്സ് എന്നുള്ളതിൻെറ ഒരു ഭേദഗതിയല്ലാതെ ഇതിൽ മറെറാന്നും സംശ യിക്കുവാനില്ല. രണ്ടു ബില്ലുകളെക്കൊണ്ടും ഉദ്ദേശിക്കുന്നതു് ഒന്നാണെന്നുള്ളതുകൊണ്ടു് തത്തു ല്ല്യമായ പേരു കൊടുക്കുകയെന്നുള്ളതു് സ്വാഭാവികമാണു്. ഇന്നു് നിരവധി ഉദ്യോഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾതന്നെ കൂടുതൽ നിയമനം ആവശ്യപ്പെടുന്നതിനുവേണ്ടിയാണ്—അതായതു് ഈ ബില്ലു് പ്രവർത്തിയിൽ കൊണ്ടുവരുന്നതിനു് കൂടുതൽ ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കേണ്ടിവരും എന്നുംമറ്റുമുള്ള ബാലിശമായ അഭിപ്രായ പ്രകടനങ്ങൾക്കു് ഇവിടെ ലേശംപോലും പ്രസക്തിയില്ല. ഈ ബില്ലിനെസംബന്ധിച്ചു് "തവാഭ്യർത്ഥം, മമാഭ്യർത്ഥം" എന്ന തത്വമെങ്കിലും സ്വീകരിച്ചുകൂടെ എന്നു് ബഹുമാനപ്പെട്ട ജന്മി മെമ്പർ പ്രസ്താവിച്ചിട്ടുള്ള സംഗതിയേയും, അതായതു് നിങ്ങൾക്കു് പകൃതി ഞങ്ങൾക്കു് പകൃതി എന്നുള്ള സംഗതിയും ഞാൻ ഓർമ്മിക്കുന്നുണ്ടു്. എനിക്കു് ഈമാതിരി വീക്ഷണഗതിയുള്ള ആളുകളോടു് ചോദിക്കുവാനുള്ളതു് യഥാർത്ഥകൃഷിവലന്മാർ നട്ടെല്ലുപൊട്ടി രക്തം വിയർപ്പാക്കി പ്രയത്നിച്ചുണ്ടാക്കിയിരിക്കുന്ന വിളവു് പങ്കുവെക്കേണ്ട സ്ഥിതിയിൽ ഈ ജന്മിമാർ മുൻപറഞ്ഞ മനസ്ഥിതി ഉപയോഗിക്കാവുണ്ടോ എന്നാണു്. ആ അവസരത്തിൽ അവർ ഗവർമ്മെണ്ടു് നിർദ്ദേശിച്ചിട്ടുള്ള ശതമാനത്തേക്കാൾ എത്രയോ വലിയ ഒന്നാണു് മാനദണ്ഡമാക്കുന്നതു്. ഈ ബില്ലിൽ വേണ്ടത്തക്ക ഭേദഗതികൾ ചെയ്യുവാൻ ഒരു വിദഗ്ദ്ധകമ്മിറ്റിയുടെ അഭിപ്രായത്തിനു് ഒരിക്കലും ഗവർമ്മെണ്ടു് തടസ്സമായിട്ടു നില്ക്കുകയില്ലെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഈ നിയമസഭയിൽ ഏതുവിഷയത്തെസംബന്ധിച്ചും വാദപ്രതിവാദം ഉണ്ടാകാവുണ്ടു്. അതുകൊണ്ടാണു് ഇങ്ങിനെയുള്ളകാര്യങ്ങൾക്കു് ഒരു വിദഗ്ദ്ധകമ്മിറ്റിയെ വെക്കാവുള്ളതു്. ഞാൻ കൂടുതലായിട്ടൊന്നും പറയേണ്ടതാണെന്നു് ഉദ്ദേശിക്കുന്നില്ല. എന്താണെന്നുവെച്ചാൽ ഈ അവസരത്തിൽ ബില്ലിലെ ഓരോ ക്ലോസ്സിനെക്കുറിച്ചും പ്രത്യേകം പ്രത്യേകം പറയേണ്ടതായ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഞാൻ ഈ ബില്ലിനെ പരിപൂർണ്ണമായിട്ടു് സ്വാഗതം ചെയ്യുകയും ഈ സഭ ഇതിനെ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്യുമെന്നുള്ള ഉദ്ദേശത്തോടുകൂടി എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: സർ, ഈ ബിൽ വലിയ ഒരു വാദവിഷയമായിട്ടുണ്ടു്. ജന്മിമെംബർ, തോട്ടക്കാരുടെ മെംബർ, കച്ചവടക്കാരുടെ മെംബർ മുതലായിപലരും, കൃഷിക്കാരുടേയും തൊഴിലാളികളുടെയും പ്രാതിനിദ്ധ്യമവകാശപ്പെടുന്ന മറ്റു ചിലരും ഈ ബിൽ ഇവിടെ കൊണ്ടുവരാൻ പാടില്ലെന്നുപറയുകയുണ്ടായി.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: കൊണ്ടുവരുവാൻ പാടില്ലെന്നല്ല, അതു നല്ലതായിട്ടില്ലെന്നു്.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ ബിൽ oppose ചെയ്യുമ്പോൾ ഞാൻ അങ്ങിനെയാണു് ധരിച്ചതു്. അതു ശരിയല്ലെങ്കിൽ തിരുത്താം. അങ്ങിനെ നന്നായില്ലെന്നുപറയുന്ന ഈ ബിൽ ഒരു ലക്ഷം കൃഷിക്കാരെ ബാധിക്കുന്ന ഒരു നിയമമാണെന്നു ഇവിടെ പറയുകയുണ്ടായി. എന്നാൽ ജന്മിമെംബർ പറയുകയുണ്ടായി, വളരെ ഉച്ചം ആളുകളേ—കൊച്ചി രാജ്യത്തിലുള്ള ജന്മികളെമാത്രമേ—ഈ നിയമം ബാധിക്കയുള്ളുവെന്നു്. ഇതു ജന്മികളുടെ മരണനിയമമാണെന്നു അദ്ദേഹം പറയുന്നു. ജന്മിതസമ്പ്രദായത്തിൽനിന്നു ഈ നാട്ടുകാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന അഴിമതികളിൽനിന്നു ഒരു വിമോചനമുണ്ടാകാനായി, ഈ നാട്ടിലെ ഇന്നത്തെ ഭരണം നിലനിറുത്തിക്കൊണ്ടുപോകുവാനായി, ഈ നാട്ടിലെ കർഷകരിൽനിന്നും തൊഴിലാളികളിൽനിന്നും മറ്റു സാധാരണജനങ്ങളിൽനിന്നും direct ആയിട്ടല്ലെങ്കിൽ indirect ആയിട്ടു ലക്ഷോപലക്ഷം ഉറുപ്പിക പിരിച്ചെടുക്കുമ്പോൾ, അവരുടെ കഷ്ടതകളിൽനിന്നു അവക്കൊരാശ്വാസം നൽകാനായി, അവക്കുവേണ്ടി എന്തെങ്കിലും ചിലതുചെയ്യുന്നതിനുവേണ്ടി, ജന്മികളുടേയും അതുപോലെ ആവശ്യത്തിലധികം മിച്ചം കെട്ടിവെയ്ക്കുന്ന മറ്റുള്ളവരുടേയും അടുക്കൽനിന്നു, എന്തെങ്കിലും ഒരു സംഖ്യ പിരിച്ചെടുക്കുന്നതിൽ, അതിനെ പാവപ്പെട്ടവരുടെ പേരിൽ എതുക്കുന്നതിന്റെ അർത്ഥം മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഈ രാജ്യത്തിലെ സാധാരണ ജനങ്ങൾക്കുവേണ്ടിയുള്ള നല്ലപദ്ധതികൾ നടപ്പിൽവരുത്തുന്നതിനായി, ഈ രാജ്യത്തിലെ ഭരണം നടത്തുന്ന സംയുക്തകക്ഷിയുടെ പരിശ്രമഫലമായി കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണിതു്. ഇതിനുമൻപുതന്നെ ജന്മികൾ വെമ്പാട്ടുകുടിയാന്മാരെ പറമ്പുകളിൽനിന്നൊഴിപ്പിക്കുന്നതിനെ തടയുന്നതായ നടപടികളും, കുടികിടപ്പുകാരെ ഇവർ ഇരുവരും കൂടിപൊളിപ്പിച്ചു വഴിയാധാരമാക്കുന്ന സമ്പ്രദായത്തേയും നമ്മുടെ രാജ്യത്തിൽ സംയുക്തകക്ഷിഭരണകാലത്തു വിളംബരംമൂലം നിർത്തലാക്കിയിട്ടുണ്ടു്. ഭരണം ശരിക്കുനടക്കണമെങ്കിൽ പണംകൂടാതെ നിവൃത്തിയില്ല. അതു ഏറ്റവും സുഗമമായവിധത്തിൽ പിരിച്ചെടുക്കുവാൻ സൌകര്യമുള്ളവരിൽനിന്നും ഈ രാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങളുടെ ഐശ്വര്യത്തിനും ക്ഷേമത്തിനുംവേണ്ടി പിരിച്ചെടുക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Jacob]

മ്പോൾ എന്താണതിൽ തെറ്റ എന്നു ഞാൻ ചോദിക്കുന്നു. ഒരു ബഹുമാനപ്പെട്ട മെംബർ ഇന്നലെ ചോദിക്കുന്നതുകേട്ട അഗ്രിക്കൾച്ചറൽ ടാക്സ് ഇന്നുവരെയും ഒഴിച്ചുനിർത്തിയിരുന്നു; ഇപ്പോൾ അതു വീണ്ടും ഞങ്ങളുടെ തലയിൽവെച്ചുകെട്ടുവാൻ പോകുകയാണൊ എന്ന്. ഇതുവരെ എന്തുകൊണ്ടാണു ഈ ടാക്സ് ഒഴിവാക്കിനിർത്തിയിരുന്നതു് എന്നുള്ള ഒരു ചോദ്യത്തിനുസമാധാനം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതു, ജന്മി സമ്പ്രദായവും, മതലാളിത്വ സമ്പ്രദായവും, നിലനിറുത്താൻവേണ്ടിമാത്രം പരിശ്രമിച്ചുകൊണ്ടിരുന്ന ഒരു ഭരണസമ്പ്രദായം നിലനിന്നിരുന്നതുകൊണ്ടാണെന്നു ഞാൻ ഉറപ്പായി പറയുന്നു. അതുകൊണ്ടാണു ഇത്തരം ടാക്സ്കൾ ഇവിടെയുണ്ടാകാതെയിരുന്നതു്. ഈ രാജ്യത്തിന്റെ ഭരണത്തിനുവേണ്ടി സാധാരണജനങ്ങളിൽനിന്നു പിരിച്ചെടുക്കുന്ന വമ്പിച്ച തുകയുടെ കണക്കുനോക്കുമ്പോൾ, ഈ നിയമപ്രകാരം ജന്മികളുടേയും അതുപോലെയുള്ള ഉയർന്ന സ്ഥാനങ്ങളുടെയും കയ്യിൽനിന്നു പിരിച്ചെടുക്കുവാൻ തീരുമാനിക്കുന്ന ഈ തുക, വളരെ തുഛമാണെന്നും, അതുകൊണ്ടു, അതനുവദനീയമാണെന്നും അതിനെതിർപ്പുണ്ടാകാൻ പാടില്ലാത്തതാണെന്നും കാണാവുന്നതാണെന്നു ഞാൻ ഈ സഭയെ ഉൽബോധിപ്പിക്കുന്നു.

ചിലർക്കു ഈ ബിൽമൂലമുള്ള മറ്റൊരു വിഷമം ഈ നിയമം അടുത്തപടി പാസാകുകയാണെങ്കിൽ ഫ ഫ വ-ലെ കണക്കെടുക്കുമ്പോൾ—സാധാരണ കച്ചവടസ്ഥലങ്ങളിൽ കാണുന്നവിധം എപ്പോഴും നഷ്ടംകാണുന്നവിധത്തിലുള്ള കണക്കുകൾ—ഇങ്ങിനെ ഒരു ടാക്സേഷൻ വരുമെന്നു നിശ്ചയമില്ലാതെയിരുന്നതുകൊണ്ടു് നഷ്ടം കാണിക്കുന്ന കണക്കുകളുണ്ടാക്കാൻ സാധിച്ചിട്ടില്ല എന്നായിരിക്കും. അതുകൊണ്ടു അവർക്കു അത്തരം കണക്കുകളുണ്ടാക്കുന്നതിനുള്ള സമയം കിട്ടണമെന്നാഗ്രഹിക്കുന്ന ജന്മികളും മറ്റും ഉണ്ടായിരിക്കാം.

Mr. P. Govinda Menon *(Minister for Food and Eduation):* May I, Sir, try to correct an impression with respect to one point. The provision of the Bill is not that out of the income of 1122 tax may be paid in 1123. The tax is for the year 1123, and for fixing the tax payable by each assessee, the income in the previous year is taken into consideration.

Mr.President: That is the usual practice in income tax also.

Mr. P. Govinda Menon *(Minister for Food and Educcation):* That is the usual practice in income tax collection. Since one or two Hon'ble Mambers made references to this provision, I intervene in this debate to explain the position.

മിസ്റ്റർ സി. എൻ. ഇട്ടിതിരവിനമ്പൂതിരി: ആദായമുണ്ടായതെത്ര എന്നു കണക്കാക്കിട്ടു ടാക്സ് നിശ്ചയിക്കയല്ലെ നല്ലതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫ ഫ വ-ലാണു നികുതി കൊടുക്കേണ്ടതു്. തുച്ഛയ്യു ഇത്രപൈ എന്നു തിട്ടപ്പെടുത്തീട്ടുണ്ടു്. ഒരാൾ എത്ര രൂപയിന്മേലാണു നികുതികൊടുക്കേണ്ടതെന്നു നിശ്ചയിക്കുന്നതിനു അയാളുടെ ആദായം കണക്കാക്കണം. അതു കൊല്ലാവസാനത്തിലെ കഴിയുകയുള്ളു. ഫ ഫവ-ൽ ഇൻകംടാക്സ് പിരിക്കണമെങ്കിൽ ഫ ഫവ-ലെ ആദായമെത്രയെന്നു കണക്കാക്കി അതനുസരിച്ചാണു പിരിക്കുക.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഫ ഫവ-ലെ ഇൻകം കുറയുകയാണെങ്കിൽ ഫ ഫവ-ൽ പിരിച്ചെടുത്ത സംഖ്യ ഫ വ ര-ൽ കിട്ടുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല ഫ ഫവ-ൽ ആദായം കുറവാണെങ്കിൽ ഫ ഫവ-ൽ ഫ ഫവ-ലേക്കാൾ കുറഞ്ഞ സംഖ്യയേ കൊടുക്കേണ്ടതുള്ളു.

മിസ്റ്റർ പി. കെ. ഡീവർ: ഫ ഫ വ-ലെ കണക്കനുസരിച്ചു ഫ ഫവ-ലെ നികുതി പിരിക്കുന്നുവെന്നു പറഞ്ഞുവല്ലൊ. ഫ ഫവ-ലെ ആദായം ഫ ഫവ-ലേതിൽ കുറവാണെങ്കിലോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അപ്പോൾ ഫ ഫവ ര-ൽ നികുതി കുറയും.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഫ ഫവ-ലെ ആദായം കണക്കാക്കി ഫ ഫവ-ൽ പിരിക്കുന്ന നികുതി കഴിഞ്ഞകൊല്ലത്തെ അല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല. കഴിഞ്ഞകൊല്ലത്തെ ആദായം കണക്കാക്കുന്നതു അടുത്തകൊല്ലത്തെ നികുതി നിശ്ചയിക്കുന്നതിനാണു്. ഫ ഫ വ-ലെ ആദായം കണക്കാക്കി ഫ ഫവ-ലെ നികുതി നിശ്ചയിക്കും. ഫ ഫവ-ലെ ആദായം കണക്കാക്കി അതനുസരിച്ചു സംഖ്യ ഫ ഫ വ ര-ൽ നികുതി പിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: എന്തിനാണ അടുത്തകൊല്ലമെന്ന വെയ്ക്കുന്നത്? ഫെബ്രുവരിയിലെ നികുതി ഫെബ്രുവരിൽതന്നെ കൊടുക്കാൻ തയ്യാറാണ്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻകം ടാക്സ് നിയമമനുസരിച്ചു അങ്ങിനെയാണ വെയ്യാവു.

Mr. President: That point is cleared, I think.

മിസ്റ്റർ പി. ടി. ജേക്കബ്: ഇപ്പോൾ സംശയം തീർന്നിരിക്കുമെന്ന വിശ്വസിക്കുന്നു.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: സംശയം തീർന്നിട്ടില്ല.

മിസ്റ്റർ പി. ടി. ജേക്കബ്: എന്നെ സംബന്ധിച്ചിടത്തോളം തീർന്നിട്ടുണ്ട്. നാട്ടുകാരുടെ ആവശ്യങ്ങൾക്കുവേണ്ടി പണമുണ്ടാക്കേണ്ട അവസരങ്ങൾ വരുമ്പോൾ നിലവിലുള്ള ടാക്സേഷൻ നിയമങ്ങളെ ഭേദപ്പെടുത്തിയെങ്കിൽ അങ്ങിനെ, അല്ലാ, പുതിയനിയമങ്ങൾ നടപ്പിൽ വരുത്തേണമെന്നു കാണുകയാണെങ്കിൽ അങ്ങിനെ, വേണ്ടതു അതായതു കാലങ്ങളിൽചെയ്യണമെന്ന അഭിപ്രായക്കാരാണു ഞങ്ങൾ. ജന്മിമെമ്പർ പറയുകയുണ്ടായി ഈ ബിൽ ഒരു തട്ടിപ്പറി നിയമമാണെന്നു്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: പണമുള്ള ആളുകളിൽനിന്നു പണമില്ലാത്ത ആളുകൾക്കു വേണ്ടി പിരിച്ചെടുക്കുന്നുവെന്നാണ പറഞ്ഞതു്.

മിസ്റ്റർ പി. ടി. ജേക്കബ്: അപ്പോൾ അങ്ങിനെയുള്ള ഒരു നിയമമാണിതു്. ഈ നാട്ടിലെ പാവപ്പെട്ട ആളുകളുടെ ആവശ്യങ്ങൾക്കായി അങ്ങിനെ ഒരു തട്ടിപ്പറി നടത്തുകയാണു്. പക്ഷെ അതുമുതന്നെ തട്ടിയെടുത്തുവെച്ചിരിക്കുന്നവരിൽ നിന്നാണെന്നുള്ളതുകൊണ്ടു അവർക്കതിൽ യാതൊരു ദോഷവും വരാനില്ല; അവർക്കു യാതൊരു സങ്കടത്തിന്നും വഴിയില്ലെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ ഇങ്ങിനെ ഒരു നിയമം കൊണ്ടുവന്നിരിക്കുന്നതു ഈ നാടിന്റെ പൊതുവായ ആവശ്യത്തിനുവേണ്ടിയല്ല എന്നൽഘോഷിക്കുമ്പോൾ എനിക്കതിൽ അതിശയിക്കാനല്ലാതെ നിവൃത്തിയില്ല. ആ അഭിപ്രായത്തിന്റെ പിന്നിൽ ആരുടെ പ്രാതിനിദ്ധ്യമാണുള്ളതെന്നു മനസ്സിലാകുന്നില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ജന്മിയുടെയും പ്രാതിനിദ്ധ്യം വഹിച്ചുകൊണ്ടല്ലെ ചോദിക്കുന്നതു"?

മിസ്റ്റർ പി. ടി. ജേക്കബ്: ജന്മി പേരും ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടാണു വന്നിരിക്കുന്നതു്. ജന്മികളെ പ്രതിനിധീകരിച്ചുകൊണ്ടു ജന്മി മെമ്പറും, തോട്ടക്കാരെ പ്രതിനിധീകരിച്ചുകൊണ്ടു തോട്ടക്കാരുടെ മെമ്പറും, കച്ചവടക്കാരെ പ്രതിനിധീകരിച്ചുകൊണ്ടു കോമേഴ്സ്മെമ്പറും, ഇങ്ങിനെ ഓരോ മണ്ഡലത്തിലേയും ജനങ്ങളെ പ്രതിനിധികരിച്ചു മറ്റു പ്രതിനിധികളും ഇവിടെ ഹാജരായിട്ടുണ്ടു്. അങ്ങിനെ ജനങ്ങളോടു ഉത്തരവാദപ്പെട്ട ഒരു സഭയാണിതു്. ഈ രാജ്യത്തിലെ കാര്യങ്ങൾ പ്രതിവാദിക്കാൻ കൂടിയിരിക്കുന്ന ഒരു സഭയാണിതു്.

തിരുവിതാംകൂറിൽഎന്റെ അറിവിൽ പെട്ടിടത്തോളം ന, ം ം ംരൂപ എന്ന ഒരുനിബന്ധനതന്നെ ഇല്ല. എല്ലാ കൃഷിക്കാരേയും ബാധിക്കുന്ന ഒരു നിയമമാണ അവിടെയുള്ളതു്. ഈ ബില്ലാകട്ടെ ഈ രാജ്യത്തിലെ ചെറുതരം കൃഷിക്കാരെ ഒരുതരത്തിലും ഉപദ്രവിക്കാത്തവിധത്തിൽ ഒരു തരത്തിലും അവരുടെ വളർച്ചക്കു തടസ്സമാകാത്തതരത്തിലും ചെറുതരം കൃഷിക്കാരെ ഒഴിവാക്കികൊണ്ടുള്ള ഒന്നാണു്. എന്നാൽ ബഹുമാനപ്പെട്ട ജന്മി മെമ്പറുടെ സ്വന്തം നിലയിൽ അദ്ദേഹത്തിനു വലിയ നഷ്ടംവരുന്ന ഒരു ബില്ലാണിതു്. പക്ഷെ നാട്ടിന്റെ ഐശ്വര്യത്തിനും നമുക്കുകിട്ടുവാൻ പോകുന്ന പുതിയഭരണസമ്പ്രദായത്തിന്റെ നിലനില്പിനും വേണ്ടി എതിർപ്പുകൂടാതെ ഔദാര്യപൂർവ്വം ഏകയോഗമായി ഈ കാര്യത്തിൽ സഹകരിച്ചു പ്രവൃത്തിക്കണമെന്നാണ എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരോടും എനിക്കു പറയുവാനുള്ളതു്. സല്പം ടാക്സ്വന്ന ഉടനെ നാട്ടിലെ കച്ചവടമൊക്കെപോയി എന്നാണ പറയുന്നതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പോയിട്ടില്ലെന്നാണൊ പറയുന്നതു"?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ടി. ജേക്കബ്ബ്: പോകുമെന്ന ആക്ഷം തെറ്റിദ്ധാരണയില്ല. സാധാരണക്കാരൻ കൊടുക്കേണ്ടതായിവന്ന വില്പനനികുതി നടപ്പിൽ വരുത്തിയപ്പോഴും പോലും അതിനെ പ്രതിഷേധിച്ചു ഓടുന്ന കച്ചവടക്കാർ, അവരെനേരിട്ടു ബാധിക്കുന്ന ഒരുനിയമം വരുമ്പോൾ അതിനെ എതുക്കാതെ ഇരിക്കയില്ലെന്ന എല്ലാവക്ഷം അറിയാം. സാധാരണക്കാരായ ജനങ്ങൾ ഉണർന്നുകഴിഞ്ഞു. അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാനായി അവരാൽ തിരഞ്ഞെടുക്കപ്പെട്ട അവരുടെ പ്രതിനിധികൾക്കു ഉത്തരവാദിത്വമുണ്ട്. അവർ ഇങ്ങിനെയുള്ള നിയമങ്ങൾ കൊണ്ടുവരാൻ എന്നും ശ്രമിക്കും. അതിന്റെ നാന്ദിമാത്രമാണ ഈ പുതിയബിൽ. ഈ ബിൽ, സൂര്യൻ കഠിനമായി അലറുന്ന സമുദ്രത്തെ വകവെയ്ക്കാതെ അതിൽനിന്നു വെള്ളം ആവിയാക്കി എടുത്തു തിരിയെ വെള്ളമാക്കി ആവശ്യമുള്ള സ്ഥലങ്ങളിൽ മഴപെയ്യിക്കുന്നപോലെയുള്ള ഒന്നാണു എന്നു പറയുകയുണ്ടായി. പക്ഷെ, കടലിൽനിന്നു നീരാവിയെടുക്കുമ്പോൾ കടൽ എത്രമാത്രം ക്ഷോഭിച്ചു ഈകാണാകുന്ന കര പ്രദേശം മുഴുവൻ അടിച്ചു തകർക്കുമെന്നു ഗർജ്ജിക്കുന്നതു കേട്ടിട്ടുപോലും വകവെയ്ക്കാതെ വെള്ളമില്ലെങ്കിൽ സസ്യലതാദികൾ വളരാതെ നാടു നശിച്ചുപോകും എന്നതുകൊണ്ടു തന്റെ പ്രവൃത്തിശരിക്കു നടത്തണം എന്നുതോന്നുമാറു സൂര്യൻ കടലിന്റെ ക്ഷോഭത്തെ വകവെയ്ക്കാതെ വെള്ളമെടുത്തു മഴ പെയ്യിക്കുന്നു. അങ്ങിനെ സൂര്യൻ തന്റെ ചുമതല നിർവ്വഹിക്കുന്നതുപോലെ ഈ നാടിന്റെ നന്മയ്ക്കായി ഇന്നത്തെ ഗവണ്മെണ്ടു കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ എല്ലാവരും ഏകയോഗമായി അംഗീകരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഉപസംഹരിക്കുന്നു.

മിസ്റ്റർ പി. കെ. പോറ്റി: സർ, ഈ ബില്ലിനെപ്പറ്റി പലരും പ്രസംഗിച്ചു കഴിഞ്ഞു. പറഞ്ഞുകഴിഞ്ഞ ആ കാര്യങ്ങൾതന്നെ വീണ്ടും പറയേണ്ട ആവശ്യമില്ല. പ്രത്യക്ഷമായ കാരണങ്ങളെ രണ്ടും മൂന്നും പ്രാവശ്യം പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. അതിന്റെ സാങ്കേതികമായ ആവശ്യങ്ങളെ കുറിച്ചാണ എനിക്കു ഒന്നുകൂടി പറയുവാനുള്ളതു.

വാസ്തവത്തിൽ ഈ ബിൽ എന്റെ ഉദ്ദേശത്തിൽ ജന്മികളുടെ നിലനില്പിനെ കൂടുതൽ ഉറപ്പിക്കുന്ന ഒന്നാണെന്നാണു. ഈ ബിൽ മൂലം അവരുടെ സുഖസൌകര്യാദികളെ കൂടുതൽ വർദ്ധിപ്പിക്കാനുതകുമെന്നാണു ഞാൻ പറയുന്നതു. ഇതിനെക്കുറിച്ചെതിർക്കുന്ന ആളുകൾ ഒരു കാര്യം ആലോചിക്കേണ്ടതുണ്ടു.

"വട്ടമുള്ളൊരു കുളമെങ്കിലും ജലം വന്നു
കെട്ടിനില്ക്കുമ്പോൾ തീരം പൊട്ടി വാന്നൊക്കെപ്പോകും
ഓവുവെച്ചതിൽകൂടി വാർത്തുവാർത്തിരുന്നാകിൽ
പോകയില്ലതിലുള്ള വെള്ളമെന്നറിഞ്ഞാലും"

മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെ നിഷ്ക്രിയമായി നിന്നുകൊണ്ടു നിരീക്ഷിക്കുന്നതിനു ആക്ഷം എവിടെയും സാദ്ധ്യമായിട്ടില്ലെന്നു ഈ ബില്ലിനെ എതുക്കുന്നവർ ആലോചിക്കേണ്ടതാണു. ഒരു സ്ഥിതിസമത്വസുന്ദരമായ ലോകത്തെ വീക്ഷണം ചെയ്തുകൊണ്ടു നില്ക്കുന്ന ഈ കാലഘട്ടത്തിൽ ജന്മിമാർ കുറെക്കൂടി ഔദാര്യപൂർവ്വം വീക്ഷിക്കുന്നില്ലെങ്കിൽ ഭാവിയിൽ എല്ലാം സമത്വത്തിൽ വരാൻ പോകുന്ന ആ അവസ്ഥയെ കുറച്ചു കാലത്തേക്കെങ്കിലും നീട്ടികൊണ്ടുപോകാൻ സാദ്ധ്യമാകയില്ലെന്നു അറിയേണ്ടതാണ്. അതു അടുത്തു സംഭവിക്കാതെയിരിക്കാൻ കുറച്ചുകാലത്തേക്കെങ്കിലും നീട്ടികൊണ്ടുപോകാൻ സാധുക്കളുടെ ആവശ്യങ്ങൾക്കുവേണ്ടി ഒരു ചെറിയ തുക ആദായത്തിൽനിന്നു ചിലവു ചെയ്യുക എന്നുള്ളതു വലിയ വിരോധമുള്ള കാര്യമല്ല. പിന്നെ ഒരു ബഡ്ഡറ്. അതു കടംബഡ്ഡറായാൽ ഉണ്ടാകുന്ന വരവിൽ ചിലവിനങ്ങളൊതുക്കി മിച്ചംവെക്കുന്ന ഒരു പതിവു സാധാരണയാണു. എന്നാൽ ഒരു ഗവണ്മെൻറാകുമ്പോൾ സാധാരണ ജനങ്ങൾക്കു ദോഷമില്ലാത്ത ചില നികുതികളേർപ്പെടുത്തി പൊതുവാവശ്യത്തിനു പണമുണ്ടാക്കേണ്ടതാണു. അങ്ങിനെയുള്ള നിയമമുണ്ടാക്കാത്തപക്ഷം ഒരു ഗവണ്മെണ്ടിനു ഭരണം നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല. ആ നിലയിൽ വലിയ ജന്മികളിൽനിന്നു നികുതി പിരിച്ചു സാധാരണ ജനങ്ങളുടെ ആവശ്യങ്ങൾക്കു പരിഹാരം കാണുന്നതിനു ഉണ്ടാക്കീട്ടുള്ള ഈ നിയമം തെറ്റാണെന്നു പറയാൻ നിവൃത്തിയില്ല.

പക്ഷെ, ചില സംഗതികളിൽ എനിക്കു അഭിപ്രായ വ്യത്യാസമില്ലാതെയില്ല. നികുതിദായകന്മാരിൽനിന്നും ജന്മികളിൽനിന്നും നികുതി പിരിച്ചെടുക്കുമ്പോൾ കൃഷി വികസനത്തിനുവേണ്ടി ഗവണ്മെണ്ടു ചെയ്യേണ്ട കാര്യങ്ങളൊക്കെ ഗവണ്മെണ്ടു യഥാകാലങ്ങളിൽ ചെ

LIBRARY ARCHIVES Kerala Legislative Assembly

യുകൊണ്ടിരിക്കുന്നുണ്ടോ എന്ന കാര്യം ആലോചിക്കേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ, കൃഷിവികസനകാര്യങ്ങളിൽ ഗവണ്മെണ്ടു് അധികം ശ്രദ്ധിച്ചിട്ടില്ലെന്ന ഒരു ധാരണ ജനങ്ങളിലുണ്ടായിട്ടുണ്ടു്. അതു തെറ്റോ ശരിയോ എന്നു ഞാൻ പറയുന്നില്ല. ഫുഡ് വകുപ്പിനെപ്പറ്റിയുള്ള ചില കാര്യങ്ങളെ കുറിച്ചുള്ള പ്രതിപാദനാവസരത്തിൽ മന്ത്രിമാർ പറഞ്ഞു; കൃഷിവികസനത്തെപ്പറ്റിയുള്ള ഒരു സെക്ഷൻ അതിൽ ആവിർഭവിക്കുന്നില്ല: അതുകൊണ്ടു് ആ കാര്യത്തെകുറിച്ചുള്ള പ്രതിപാദനത്തിലല്ല, നമ്മൾ ഇടപെട്ടിരിക്കുന്നതെന്നു്. എനിക്കു പറയാനുള്ളതു കൊച്ചിരാജ്യം ഭക്ഷണസംബന്ധമായി സ്വയം പര്യാപ്തമല്ലാത്തതിനാൽ പരിപൂർണ്ണമായ കൃഷിവികസനപദ്ധതിയാണു് ഉണ്ടാക്കേണ്ടിയിരുന്നതെന്നു്. പരേതനായ ശ്രീ ശങ്കരമേനോന്റെ സാമ്പത്തിക സർവ്വെ റിപ്പോർട്ടിൽ നമ്മുടെ ൪൫½ ചതുരശ്ര മയിൽ കാടുള്ളതിൽ ൯൯, ൦൦൦ ഏക്കറോളം താഴ്ന്ന പ്രദേശങ്ങളുണ്ടെന്നും അവ നെൽകൃഷിക്കു പറ്റിയവയാണെന്നും പറഞ്ഞിട്ടുണ്ടു്. അങ്ങിനെയുള്ള സ്ഥലങ്ങൾ നെൽകൃഷിക്കു പറ്റിയ തരത്തിലുള്ളതാക്കിത്തീർക്കുവാൻ ജലസേചനപദ്ധതികളുണ്ടാക്കിയിരുന്നെങ്കിൽ—ചാലക്കുടി ഇറിഗേഷൻ പദ്ധതിപ്രകാരം ൫൯, ൪൦൦ ഏക്കറോളം സ്ഥലത്തു കൃഷിവർദ്ധിപ്പിക്കാമെന്നു പറഞ്ഞിരിക്കുന്നതുപോലെ—ഇവിടെ ആവശ്യമുള്ള അരി ഇവിടെ ഉണ്ടാക്കാൻ കഴിയുമായിരുന്നില്ലെ എന്നു ഞാൻ ചോദിക്കുന്നു. അതുകൊണ്ടു്, ജന്മികളിൽനിന്നു എത്രയധികം നെല്ലെടുത്താലും അവർക്കു കോട്ടംതട്ടാത്ത തരത്തിൽ കൂടുതൽ സ്ഥലങ്ങളിൽ ഇരിപ്പു നിലങ്ങളാക്കി മാറ്റത്തക്ക വികസനപദ്ധതികൾ ഗവണ്മെണ്ടു നടപ്പാക്കേണ്ടതായിരുന്നു; അതു ചെയ്തിരുന്നെങ്കിൽ ഈ കാർഷികാദായ നികുതി ബില്ലിനെ കർഷകരുടെ പേരിൽ ഇവിടെ ആരും എതിർക്കാൻ ധൈര്യപ്പെടുകയില്ലായിരുന്നു.

ബഹുമാനപ്പെട്ട ജന്മിമെമ്പർ അവർകൾ പറഞ്ഞ ഒരു സംഗതിയോടു് ഞാൻ യോജിക്കുന്നുണ്ടു്. ഇവിടെയുള്ള ഉദ്യോഗങ്ങളിൽ ആളുകൾ വളരെ വർദ്ധിച്ചതുകൊണ്ടു്, ജോലിയൊന്നും ഉണ്ടാകാത്തവിധത്തിൽ അത്രയധികം വമ്പിച്ച ഒരു നില വന്നിട്ടുണ്ടു്. ചിലവു വർദ്ധിക്കുന്ന സമയത്തു് അതിനു് പുതിയ നികുതി എന്ന പദ്ധതിയുണ്ടാക്കുന്നതുപോലെ അതിരുമിച്ചുവരുന്ന അനാവശ്യചിലവുകളെ നിയന്ത്രിക്കുന്നതായാൽ ഇവിടെ വേണ്ട പണം ഉണ്ടാകുമെന്നാണു് എന്റെ വിശ്വാസം. അതിലേക്കു് ഗവണ്മെണ്ടു വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണു്. അടുത്തകാലത്തു പോലും ഇവിടെ എത്രയോ അനാവശ്യമായ ഉദ്യോഗങ്ങൾ സൃഷ്ടിച്ചിട്ടുണ്ടു്. ഉദ്യോഗങ്ങൾക്കുവേണ്ടി, ആളെ നിയമിക്കുകയല്ല, ആളുകൾക്കുവേണ്ടി ഇവിടെ ഉദ്യോഗങ്ങൾ സൃഷ്ടിക്കുകയാണു് ചെയ്യുന്നതു്. ഞാൻ പറയുന്നതു് യഥാർത്ഥമായ സംഗതികൾ മാത്രമാണു്. സംഗതികൾ വ്യക്തമായി പറയുന്നതുകൊണ്ടു് യാതൊരു തെറ്റുമില്ല. ഇങ്ങിനെയുള്ള കാര്യങ്ങളിൽ ക്യാബിനറ്റും, ഗവണ്മെണ്ടും ശ്രദ്ധാലുക്കളാകുമെന്നു ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. ഇതിനെപ്പറ്റി കൂടുതൽ പറയേണ്ടതായിട്ടില്ല. ജന്മികൾക്കു പരിഭ്രമിക്കാനുള്ള കാര്യമൊന്നും ഇതിലില്ല. ബണ്ടിട്ടു കെട്ടി നിർത്തിയിരിക്കുന്ന വെള്ളം ചെറിയ ഒരു ദ്വാരം വെക്കുകയാണെങ്കിൽ കുറെശ്ശെ മാത്രമെ പോവുകയുള്ളു. എന്നാൽ ഓവില്ലാത്തപക്ഷം ബണ്ടു് പൊട്ടുന്നു പൊട്ടിയാൽ ഊക്കോടുകൂടി വെള്ളം പുറത്തേക്കു ചാടും. ഒന്നുമില്ലാത്ത ആളുകൾ എത്രകാലം മനോവേദനയോടുകൂടി കഴിഞ്ഞുകൂടും? അവരുടെ മനോവേദന ശക്തിയായാൽ ഒരു സമീകരണ പ്രസ്ഥാനത്തിന്നു് അവർ ഒരുമ്പെട്ടേക്കാം. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പന്മാർ എല്ലാവരും പരിപൂർണ്ണമായി അനുകൂലിച്ചു ഈ ബിൽ നടപ്പാക്കുന്നതിനു് ശ്രമിക്കണമെന്നു ഞാൻ പറയുന്നു. ഇതിലെ കാര്യങ്ങൾ സിലക്ടു് കമ്മറ്റിയിൽ വെച്ചു് ചിന്തിച്ചു്, എല്ലാവർക്കും സൌകര്യമായ നിലയിൽ കൊണ്ടുപോകത്തക്കവണ്ണം വേണ്ട ഭേദഗതികൾ ചെയ്യണം. ഇതിൽ കൂടുതലായി ഇതിനെപ്പറ്റി എനിക്കൊന്നും പറയുവാനില്ല.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Mr. President, in the light of the discussion thus far had may I get some information from the Government of the day?

Mr. President: Yes.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I should like to know, Sir, whether in the first place, the Government is agreeable for sending the Bill to a Select Committee? Secondly whether the Government will be pleased to give an undertaking on the floor of this House, that if this measure goes into the Statute Book whatever income is derived from that will be earmarked specifically for doing ameliorative things to the hard-hit agriculturists of the land. On these two points I would like Sir, to get elucidation.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon *(Minister for Food and Education):* In view of the several criticisms offered on the floor of this House about the detailed provisions of the Bill the Government will only be too willing to have the mattar considered by a Select Committe. As regards the second point, the Hon'ble Member himself knows that the net income derived from tax can only go to general Revenues and if he wants to satisfy himself such of the items of expenditure as go to ameliorate the condition of the agriculturists may be notionally considered.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: മിസ്റ്റർ പ്രസിഡണ്ട്, സർ, ഞാൻ ബില്ലിനെ കുറിച്ചുള്ള വാദപ്രതിവാദത്തിൽ പങ്കെടുക്കണമെന്നു തീരെ ഉദ്ദേശിച്ചിരുന്നില്ല. ഇങ്ങിനെയുള്ള ഒരു ബിൽ ഇവിടെ ആവശ്യമാണു, അതു ഇവിടെ നടപ്പിൽ വരുത്തേണ്ടതാണു എന്നു കാണിച്ചുകൊണ്ടു ഒരു പ്രമേയംതന്നെ ഞാൻ രണ്ടുമാസത്തിനു മുമ്പേ അയച്ചിരുന്നു. എന്നാൽ ഈ ബിൽ ഇവിടെവന്നു കഴിഞ്ഞപ്പോൾ ഞാൻ ആവശ്യപ്പെട്ടത് സാധിച്ചു. ഇനി ഇതിനെക്കുറിച്ചുള്ള കാര്യങ്ങൾ വിദഗ്ധന്മാരായിട്ടുള്ളവർ ആലോചിച്ചു തീരുമാനിച്ചുകൊള്ളുമെന്നുള്ള വിചാരത്തോടുകൂടി, ഈ വാദപ്രതിവാദത്തിൽ പങ്കെടുക്കണമെന്നു ഞാൻ തീരെ വിചാരിച്ചിരുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട ജന്മിമെമ്പറുടെ പ്രസംഗം കഴിഞ്ഞപ്പോൾ, ഒരു ജീവകാരുണ്യബോധത്തോടുകൂടിയെങ്കിലും, ഒന്നു രണ്ടു വാക്കു ഇവിടെ പറയാതിരുന്നാൽ, അതു ഒരു മഹാപരാധമായി തീരുമെന്നുള്ള വിശ്വാസത്തോടുകൂടിയാണു ഞാൻ രണ്ടുവാക്കു പറയാൻ ഉദ്ദേശിക്കുന്നതു. ബഹുമാനപ്പെട്ട ജന്മിമെമ്പർ, ഉള്ളു നീറിക്കൊണ്ടു വളരെ ഭയനീയമായ സ്വരത്തിൽ, എന്നെ കൊല്ലുവാൻപോകുന്ന ഈ നിയമത്തെ കുറിച്ചു, ഒരു മണിക്കൂർ എങ്കിലും പ്രസംഗിച്ചു മരിയ്ക്കാൻ ആവശ്യപ്പെട്ടപ്പോൾ ആ മരണത്തിനുമുമ്പു, ഒരന്ത്യകൂദാശനല്കി, ആത്മാവിനു ശാന്തി തേടുന്നതിനു, രണ്ടുതുള്ളി ഗംഗാജലമെങ്കിലും എന്റെ വകയായിരിയ്ക്കട്ടെ എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഇതു പറയുന്നതു. ആ "രണ്ടുതുള്ളി ഗംഗാജലം" എന്താണെന്നു ഞാൻ ഇപ്പോൾ പറയാം. സർ, ബഹുമാനപ്പെട്ട ജന്മിമെമ്പർ ഇവിടെ പറയുകയുണ്ടായി, ഫ്രീ കൊല്ലംമുമ്പുതന്നെ ഈ ബില്ലിലെ തത്വങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള ഒരു ബിൽ ഇവിടെ അവതരിപ്പിയ്ക്കാൻ കൊണ്ടുവന്നു; എന്നാൽ അന്നത്തെ ഗവണ്മെണ്ടു അതിനെ എതിർത്തതുകൊണ്ടു, അതു അവതരിപ്പിയ്ക്കാൻ സാധിച്ചില്ല, അതിൽ വളരെ അധികം സങ്കടമുണ്ടു എന്നു. അങ്ങിനെ സങ്കടമുള്ള ബഹുമാനപ്പെട്ടമെമ്പർ, ഫ്രീ കൊല്ലം കഴിഞ്ഞശേഷം, അദ്ദേഹത്തിന്റെ ഉദ്ദേശംസാധിപ്പിയ്ക്കാൻ ഇന്നത്തെ ഗവണ്മെണ്ടു മുതിർന്നപ്പോൾ, അതിനെ അഭിനന്ദിക്കുകയും സ്വാഗതംചെയ്യുകയുമായിരുന്നില്ലേ, അദ്ദേഹം ചെയ്യേണ്ടിയിരുന്നതു? പക്ഷേ, ബഹുമാനപ്പെട്ടവടക്കാഞ്ചേരി മെമ്പർസദാസമയത്തും വളരെ അത്ഗർഭമായി പറയാറുള്ളതുപോലെ "Government of the day" ആയതുകൊണ്ടാണോ ഈ നിയമംകൊണ്ടുവന്നപ്പോൾ, എതിർത്തതു എന്നു ഞാൻ സംശയിക്കുന്നു. സർ, ഈ ബിൽ ആക്ടായി കഴിഞ്ഞാൽ, നാട്ടിലെ പാവപ്പെട്ട കൃഷിയ്ക്കാരുടെ വയറത്തു ഒരടിയാണു, അവക്കു വളരെ കഷ്ടങ്ങളും, അരിഷ്ടങ്ങളും ദുരിതങ്ങളും ആയിരിക്കും ഉണ്ടാകുക, എന്നു പ്രതിപക്ഷത്തുള്ള പല മെമ്പറന്മാരും പറയുകയുണ്ടായി. ഞാൻ അതിൽ ആശ്ചര്യപ്പെട്ടുപോയി. നൂറിലധികം രൂപാ, വരുമാനമുള്ള കൃഷിക്കാരെ മാത്രമേ ഈ ബിൽ ബാധിക്കുകയുള്ളു. അങ്ങിനെയുള്ള കൃഷിയ്ക്കാർ കൊച്ചിരാജ്യത്തുണ്ടോ, എന്നാണു ഞാൻ ചോദിക്കുന്നതു? എന്നാൽ കർഷകൻ എന്ന വാക്കിന്നു തെറ്റായി അർത്ഥം കല്പിച്ചു ദുർവ്യാഖ്യാനം ചെയ്തു ജന്മിമാർ തങ്ങളും കർഷകന്മാരാണെന്നു പറയുകയാണെങ്കിൽ, ഞാനതു വകവെച്ചുകൊടുക്കുവാൻ തയ്യാറില്ല. വീട്ടിലെ ആവശ്യത്തിന്നു വേണ്ടി, ഒന്നോ രണ്ടോ, ഏക്കർ സ്ഥലം കന്നു പൂട്ടി, കൃഷി നടത്തിച്ചു എന്നു വരാം. അല്ലെങ്കിൽ, ആയിരപ്പറ പുഞ്ച പാട്ടത്തിന്നു നടത്തിച്ചു എന്നു വരാം, വാരത്തിന്നുകൊടുത്തു എന്നും വരാം. അങ്ങിനേയുള്ളവരാണു കർഷകന്മാരെന്നു നടിക്കുന്നതു എങ്കിൽ അതിൽ ചിരിക്കുവാനെ വകയുള്ളു. ഇങ്ങിനേയുള്ളവർ, ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, ഭൂമിയിൽനിന്നു കർഷകൻ നട്ടെല്ലു മറിഞ്ഞു ഉണ്ടാക്കുന്ന നെല്ലു മുഴുവൻ, ഇരുന്ന ഇരിപ്പിൽ വാങ്ങിക്കുന്നവരാണു. എന്നാൽ ഞാൻ പറയും, കിടന്നകിടപ്പിലാണു അവർ വാങ്ങിക്കുന്നതു എന്നു (ചിരി). അങ്ങിനേയുള്ള ക്വാറൻ ജന്മിമാരാണു ഇന്നിതിനെ എതിർക്കുന്നതു. വാസ്തവത്തിൽ ജന്മിവ്യവസ്ഥയും, മുതലാളിവ്യവസ്ഥയും ഒരു പോലെയാണു. ഉദാഹരണം പറയുകയാണെങ്കിൽ, ബഹുമാനപ്പെട്ട കോമേഴ്സു മെമ്പറുടേയും, ജന്മിമെമ്പറുടേയും, സാമ്പത്തിക സമ്പാദ്യപദ്ധതി നോക്കുകയാണെങ്കിൽ, ഒന്നുതന്നെയാണു. വലിയ എസ്റ്റേറ്റ് മാനേജർ എന്ന വിധത്തിലാണു ഞാൻ വലിയ ജന്മികളെ കണക്കാക്കുന്നതു. അതെ

LIBRARY ARCHIVES Kerala Legislative Assembly

ല്ലാം കഷ്ടപ്പെട്ട പണിയെടുത്താലും, അതിലെ സിംഹഭാഗവും, നാടുവഴിയും, പേരേഡും, തണ്ടപ്പേരും മാത്രം മറിച്ചുനോക്കി വാങ്ങിക്കുന്നവരാണു് ഇവർ. എന്നാൽ അതിൽനിന്നും, നാലണയോ, ഒറണയോ, പൊതു ഫണ്ടിലേയ്ക്കു് അതായതു രാജ്യത്തിലെ സകല ജനങ്ങളുടേയും ഉന്നമനത്തിന്നും, ഗുണത്തിന്നുംവേണ്ടി, ചിലവാക്കേണ്ട ഉദ്ദേശത്തോടുകൂടി, ഒരു സംഖ്യ നികുതി പിരിയ്ക്കുന്നതിനു് മുതിരുമ്പോൾ, ചന്ദ്രഹാസമിളക്കുന്നതു കാണുമ്പോൾ, എന്താണു് പറയേണ്ടതു് എന്നു പോലും എനിയ്ക്കു തോന്നുന്നില്ല. ജന്മികളുടെയും കച്ചവടക്കാരുടേയും വരവിന്മേൽ, സൂപ്പർ ടാക്സും, ഇങ്കംടാക്സും ചുമത്തുന്നതുപോലെ തന്നെയാണ ഇങ്ങിനെയുള്ള ടാക്സും ചുമത്തുന്നതു്. അതിന്റെപേർ മാറി എന്നു മാത്രമേയുള്ളു. ഇങ്ങിനെ ഓരോടാക്സും കൊണ്ടുവരുന്നു എന്നുള്ളതുമല്ലാതെ, കർഷക പ്രതിനിധ്യം വഹിച്ചുകൊണ്ടു് ഇവിടെവന്ന കൃഷിയ്ക്കുവേണ്ടി എന്തു ചെയ്തു എന്നു് പലപ്രാവശ്യങ്ങളും ഇവിടെ ചോദിക്കുകയുണ്ടായി. അവക്കു് വേണ്ടി എന്തു ചെയ്തു എന്നുള്ളതിനു് ശരിയായ മറുപടി ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അവർകളും ഇവിടെ ഒരിയ്ക്കൽ പറയുകയുണ്ടായി. കർഷകക്കു പ്രത്യേകിച്ചു, ഈ ചുരുങ്ങിയ കാലത്തിന്നുള്ളിൽ, എന്തുചെയ്തു എന്നുള്ളതു നമുക്കെല്ലാവക്കും അറിയാവുന്നതാണു്. വെമ്പാട്ടുക്കാക്കു് അവരുടെ ഭൂമിയിന്മേൽ സ്ഥിരാവകാശം കിട്ടിയതു ചില്ലറകാര്യമാണോ? അതുപോലെ കർഷകതൊഴിലാളികൾക്കു് സ്ഥിരമായ കുടികിടപ്പവകാശം കിട്ടിയതു ചില്ലറക്കാര്യമാണോ? എന്നാൽ കർഷകക്കു് ഒന്നും ചെയ്തിട്ടില്ലായെന്നു പറയണം, എന്നും അതു പറയണം എന്നാണു ഞാൻ പറയുന്നതു്. പക്ഷെ, ചെയ്തിട്ടില്ലായെന്നു പറഞ്ഞു്, അവരുടെ പ്രാതിനിധ്യമില്ലാതെ, അവക്കുള്ള കഷ്ടപ്പാടുകൾ പറഞ്ഞുകൊണ്ടു്, അതിൽ നിന്നും മുതലെടുത്തു്, ഗവണ്മെണ്ടിനെ വിമർശിക്കുവാൻ മുതിരുന്നതു കുറച്ചുസാഹസമല്ലേ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

ബഹുമാനപ്പെട്ട ജന്മിമെമ്പർ മറ്റൊന്നു പറയുകയുണ്ടായി. വലിയജന്മിമാരും, മുതലാളികളും വളരെയധികം ധനം കൂമ്പാരമായികൂട്ടി അതിനെ സുരക്ഷിതമായി വെക്കാൻ മാത്രമായിട്ടാണു ജീവിച്ചിരിക്കുന്നതു് എന്നും അതുകൊണ്ടു അവരേയും പാവങ്ങളാക്കിത്തീർത്തു അല്പപ്പട്ടിണിക്കാരായ പാവപ്പെട്ടവരെയും ആ നിലയിലേക്കു കൊണ്ടുവരാനാണു് ഗവണ്മെണ്ടുദ്ദേശിക്കുന്നതെന്നും തുറന്നു പറയാൻ പാടില്ലേ എന്നദ്ദേഹം ചോദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞ വാചകത്തിൽ അല്ലെങ്കിലും, വളരെ വ്യക്തമായ ഭാഷയിൽ ഞാൻ പറയുന്നു, ജനകീയമായ അടിസ്ഥാനമെന്താണു്, അതിന്റെ ഉദ്ദേശമെന്താണു എന്നുള്ളതു മനസ്സിലാക്കാതെയാണു ബഹുമാനപ്പെട്ട മെമ്പർ ഒരു പ്രസക്തിയുമില്ലാത്ത ഒരു ചോദ്യം ഇവിടെ ചോദിച്ചതു് എന്നു്. വലിയ അന്തരങ്ങൾ ഇല്ലാതാക്കി, സാമ്പത്തികവും, സാമുദായികമായ അടിസ്ഥാനത്തിന്മേൽ സമതുലനമായ, ക്ഷേമകരമായ, ഒരു ഭരണ വ്യവസ്ഥയല്ലേ, ഇവിടെ സ്ഥാപിയ്ക്കുവാൻ നാം ഉദ്ദേശിക്കുന്നതു് എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. അങ്ങിനെ നാം സർവ്വജനങ്ങളുടെയും, അഭിലാഷം നടപ്പാക്കാനല്ലേ, ഇവിടെ ഇരിക്കുന്നതു്?. ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വത്തെക്കുറിച്ചു്, ബഹുമാനപ്പെട്ട ജന്മിമെമ്പർക്കു്, വലുതായ എതിർപ്പൊന്നും ഉള്ളതായി എനിയ്ക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. അതു ഗൌരവമായി ചിന്തിയ്ക്കേണ്ടതെന്നും ഇതിലുള്ളതായി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നു് എനിയ്ക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല.

എന്നാൽ ബഹുമാനപ്പെട്ട ജന്മിമെമ്പർ വെറൊരുകാര്യംപറഞ്ഞു. അതുന്യായമാണെന്നു് എനിയ്ക്കുംതോന്നി. അതിനെക്കുറിച്ചാലോചിച്ചപ്പോൾ, തീച്ചയായും, ബഹുമാനപ്പെട്ട ജന്മിമെമ്പരോടു് യോജിയ്ക്കേണ്ടതാണു്എന്റെ ധർമ്മമെന്നു ഞാൻ കരുതുന്നു. അദ്ദേഹം ഉള്ളിൽ തട്ടിയ സ്വരത്തിൽ പറയുകയുണ്ടായി, ഉദ്യോഗസ്ഥന്മാക്കും തൊഴിലാളികൾക്കും, ശമ്പളം പറ്റുന്നവരെല്ലാവക്കും, സാധനങ്ങളുടെ വില വർദ്ധിച്ച സന്ദർഭത്തിൽ ഡിയർനസ്സ്അലവൻസ്സ് എന്ന പേരിൽ ഒരു സംഖ്യ കൊടുത്തു എന്നു്. അത്തരത്തിൽ എങ്കിലുമൊന്നു് ഈ ൩,൦൦൦-ത്തിന്മേൽ കൊള്ളിച്ചില്ലല്ലൊ എന്നു് പരാതി അദ്ദേഹം ഇവിടെ പറയുകയുണ്ടായി. എനിക്കും അതു് ന്യായമാണെന്നു തോന്നി. ൪൦൦ രൂപാ ശമ്പളക്കാരനു് ഒരു ഡിയർനസ്സ് അലവൻസ്സ് കൊടുക്കുന്നുണ്ടു്. ൧൦൦ രൂപാ ശമ്പളക്കാരനും ഒരു ഡിയർനസ്സ് അലവൻസ്സ് കൊടുക്കുന്നുണ്ടു്. സാധനങ്ങളുടെ വിലവർദ്ധനവനുസരിച്ചാണു് അവക്കിങ്ങനെ ഒരു സംഖ്യ കൊടുക്കുന്നതു്. ആ വിധത്തിൽ, ഈ മൂവായിരത്തിന്മേലും, എന്തെങ്കിലും ഒന്നു് കൊള്ളിക്കണമെന്നുള്ള അദ്ദേഹത്തിന്റെ വാദത്തോടു ഞാൻ യോജിക്കുകയും, അങ്ങിനെ കാരുണ്യത്തിന്റെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

[Choudh ry G. S. Dhara Singh]

ഒരു നല്ല കൃത്യം ചെയ്യാൻ ഗവമ്മെണ്ടിന് ദയവുണ്ടാകണമെന്നു് അദ്ദേഹത്തിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതാണു് അന്ത്യശ്വാസം വലിക്കുന്ന ജന്മിതപ്രഭുവർഗ്ഗത്തിനു് എനിക്കു നല്കുവാനുള്ള രണ്ടുതുള്ളി ഗംഗാജലം! ബഹുമാനപ്പെട്ട ജന്മി മെമ്പർ ഇനിയെങ്കിലും ആത്മശാന്തിയോടെ നിവ്വാണമടയട്ടെ!! (ചിരി).

മിസ്റ്റർ എം. ഐ. പോൾ: സർ, ഈ ബില്ലിനെ സംബന്ധിച്ചു്, അനുകൂലിച്ചും പ്രതികൂലിച്ചും ധാരാളം അഭിപ്രായപ്രകടനങ്ങളും ഇവിടെ നടന്നുകഴിഞ്ഞു. ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നുണ്ടെങ്കിലും, ഈ ബില്ലിനെ സംബന്ധിച്ചു്—അതായതു ഈ ബിൽ സെലക്ട് കമ്മിറ്റിക്കു വെക്കുമെന്നുള്ള വിശ്വാസത്തോടുകൂടി—മേലാൽ പ്രവർത്തിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചു്, അതെ നമ്മുടെ ഗവമ്മെണ്ടു ചെയ്യേണ്ടതായിട്ടുള്ള ചില ചുമതലകളെ സംബന്ധിച്ചു് പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. ഇവിടെ നടന്ന അഭിപ്രായപ്രകടനങ്ങളെപ്പറ്റി വിമർശിക്കണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. എന്റെ ബഡ്ഡറ്റ് വിമർശനത്തിൽ ഞാൻ ഇവിടെ പറഞ്ഞു, ഇവിടത്തെ കൃഷിയും, വ്യവസായവും മുമ്പോട്ടു കൊണ്ടുപോകുവാനൊ, വർദ്ധിപ്പിക്കുവാനൊ നമ്മുടെ ഗവമ്മെണ്ടു് യാതൊരു സ്കീമും തയ്യാറാക്കീട്ടില്ലെന്നു്. അതു് ഇന്നും ഞാൻ ധൈര്യസമേതം പറയുന്നു. ഏതൊരു പരിഷ്കൃതഗവമ്മെണ്ടും ഭരണത്തിൽ വരുമ്പോൾ ജനകീയ താല്പര്യങ്ങളെ മുൻനിറുത്തിക്കൊണ്ടു് വ്യവസായത്തേയും കൃഷിയേയും പോഷിപ്പിക്കത്തക്കവിധത്തിലുള്ള സ്കീം (Schemes) കൊണ്ടുവരുകയും, അതു് പ്രായോഗികമായ തരത്തിൽ, പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യും. അതേവിധത്തിൽ നമ്മുടെ ഗവമ്മെണ്ടിന്നും,— ഇന്നത്തെ ഭരണരീതി പലവിധത്തിലും പരിഷ്കരിച്ചു, നാം പൂർണ്ണോത്തരവാദഭരണത്തിന്റെ അടുക്കൽ എത്തിക്കഴിഞ്ഞിരിക്കുന്ന ഈ സ്ഥിതിയിൽ വ്യവസായത്തേയും, കൃഷിയേയും പോഷിപ്പിക്കേണ്ട ചുമതലയുണ്ടു്. ഇതിന്നു് ഞാൻ ഒരു ഉദാഹരണം പറഞ്ഞുകൊള്ളട്ടെ. എന്റെ രാജ്യത്തു് അധികമായ കൃഷിയില്ല. ഗവമ്മെണ്ടിന്റെ സഹായവും അവിടെ വളരെ കാര്യമായി ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ എന്റെ നിയോജനമണ്ഡലത്തിൽപ്പെട്ട വെള്ളാരപ്പിള്ളിയിൽ കഴിഞ്ഞ കൊല്ലം ഗവമ്മെണ്ടിന്റെ ദൃഷ്ടി പതിയാതെ ഇരുന്നതുകൊണ്ടു് പുഞ്ചകൃഷി നഷ്ടപ്പെട്ടുപോയി എന്നു് എനിക്കു അറിവുകിട്ടി. ഏതാണ്ടു് ൨,൦൦൦ പറ നെല്ലു് ഗവമ്മെണ്ടിലേക്കു കിട്ടേണ്ടതു് നശിച്ചുപോയതായി എനിക്കറിയാൻ സാധിച്ചു. ഇതു മൻക്കുട്ടി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തിയെങ്കിലും ഗവമ്മെണ്ടു് അതിന്നു യാതൊന്നും ചെയ്തില്ല. ഇവിടത്തെ മന്ത്രിസഭരണം കയ്യേറ്റതോടുകൂടി, അവർക്കു് കൃഷിക്കാരെ സഹായിക്കത്തക്കവിധത്തിലുള്ള ചില നിർദ്ദേശങ്ങളും കൊടുത്തിരുന്നു. പക്ഷെ, ഗവമ്മെണ്ടു് അതുപ്രകാരം പ്രവർത്തിച്ചില്ലായെന്നു് എനിക്കു പറയാതിരിക്കാൻ നിവർത്തിയില്ല. അതിന്റെ ഫലമായിട്ടാണു് ഇവിടെ ഭക്ഷണക്ഷാമം ഇത്ര ഗൌരവമായതു് എന്നു പറയാതെ നിവർത്തിയില്ല.

Mr. President: How is it connected with the Bill ?

Mr. M. I. Paul *(Narakkal)*: I said that in my speech I will give some instructions to the administration regarding this Bill.

Mr. President: Is this your instruction?

മിസ്റ്റർ എം. ഐ. പോൾ: ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിയമത്തെ, കൃഷിക്കാരും, കച്ചവടക്കാരും, മറ്റു പലരും വളരെ ശക്തിയായി എതിർക്കുന്നുണ്ടെങ്കിൽ എനിക്കവരോടു് പറയാനുള്ളതു് ഒരു വാക്കു മാത്രമാണു്. ഇന്നു സകല ചിലവും കഴിച്ചു്, ൫,൦൦൦ രൂപയിൽ കൂടുതൽ, ആദായമുള്ളവർക്കുമാത്രമേ ഈ നിയമം ബാധകമാവുകയുള്ളൂ എന്നു് ഞാൻ അവരോടു പറയുന്നു. അങ്ങിനെയുള്ളവർ കൊച്ചിരാജ്യത്തു് വളരെ കുറവാണു. അവർക്കും ഇതുകൊണ്ടു വലുതായ നഷ്ടമൊന്നും ഉണ്ടാകാനില്ല. ആ സ്ഥിതിയ്ക്കു് ഈ ബില്ലുകൊണ്ടു്, ഉണ്ടാകുമെന്നുദ്ദേശിക്കുന്ന വ്യ ലക്ഷത്തിൽ ചിലപ്പോൾ രൂപാ നമ്മുടെ ഗവമ്മെണ്ടു് കൃഷിക്കാർക്കുവേണ്ടി ചിലവുചെയ്യുകയാണെങ്കിൽ, അല്ലാ, ഇതിലും പതിന്മടങ്ങു് അവർക്കുവേണ്ടി ചിലവുചെയ്യാൽ ഇതിലുംകൂടുതൽ നികുതി ചുമത്തുവാൻ വിരോധമില്ലാ എന്നു കൃഷിക്കാർതന്നെ നിവേദനംകൂടി ഗവമ്മെണ്ടിന്റെ അടുക്കൽ കൊണ്ടുവരുന്നതിനു് ഇടയാകുമെന്നാണു് ഞാൻ പറയുന്നതു്. ഗവമ്മെണ്ടു് ഇങ്ങിനേയുള്ള ദുർനയം ഇനിമേലിലും നടത്തിക്കൊണ്ടുപോയാൽ, ഇങ്ങിനെയുള്ള എഴുപ്പുകളുണ്ടാകും. അങ്ങിനേയുള്ള എ

LIBRARY ARCHIVES Kerala Legislative Assembly

തിർപ്പുകൾ ഉണ്ടാകാതെ ഇരിക്കുവാൻവേണ്ടി ഗവണ്മെണ്ടിന്റെ നയം ഒന്ന വ്യതാസപ്പെട്ട ത്തി കൃഷിയേയും, വ്യവസായത്തേയും പരിപോഷിക്കത്തക്കവണ്ണം പ്രവത്തിക്കണം എന്ന ഗ വർമ്മെണ്ടിനെ ഞാൻ ഉപദേശിച്ചുകൊള്ളുന്നു.

ഫ ഫ ഫ-ലെ വരവിനെസംബന്ധിച്ച് ഉണ്ടായിട്ടുള്ള ആദായത്തിന്മേൽ ഈ നിയ മം ബാധകമാക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി അവർകൾ പറയുകയുണ്ടായി. പ ക്ഷെ, എതിർപക്ഷത്തുനിന്നുള്ള അഭിപ്രായത്തിൽ, ഫ ഫ ന-ലെ ആദായത്തിന്മേൽമാത്രം ബാധകമാക്കിയാൽ മതിയെന്നാണ്. ഇങ്ങിനേയുള്ള രണ്ടഭിപ്രായക്കാരേയും, ഏതെങ്കിലും തരത്തിൽ യോജിപ്പിക്കുന്നതിന്ന് സെലക്ററ കമ്മിററി വേണ്ടതരത്തിൽ തീരുമാനം ചെയ്ത്, അവരുടെ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് എനിക്കപേക്ഷിക്കുവാനുള്ളത്. ഏതായാ ലും ഗവണ്മെണ്ട് അവരുടെ ചുമതല വേണ്ടവിധം ഭാവിയിൽ ചെയ്യുമെന്നുള്ള വിശ്വാസ ത്തോടുകൂടി ഞാൻ ഈ ബില്ലിനെ അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണക്കവുണ്ടൻ: സർ, അഗ്രികൾച്ചറൽ ആദായത്തിന്ന് നി കുതി ചുമത്തുന്നതു് ഈയവസരത്തിൽ തീരെ ശരിയല്ല.

കൃഷിക്കാരുടെയിടയിൽ, തീരെ കണക്കുവെക്കുന്ന ഒരു സമ്പ്രദായമില്ല. ഒട്ടധികം ആ ളുകൾക്ക്, കണക്കെഴുതുന്നതിനുള്ള വിദ്യാഭ്യാസവും ഇല്ലാത്തതാണ്. എന്റെ നിയോജ കമണ്ഡലത്തിൽ, അധികം ആളുകൾക്ക് കണക്കുവെക്കുന്നതിനുള്ള വിദ്യാഭ്യാസംതന്നെ ഇ ല്ലാത്തതാണ്. അങ്ങിനെയിരിക്കെ നികുതി ചുമത്തുന്നതിൽ, ഉദ്യോഗസ്ഥന്മാരുടെ മൊ ത്തത്തിലുള്ള തീരുമാനത്തിന്ന് വഴിപ്പെടേണ്ടതായിട്ടാണ് കർഷകന്ന വന്നുകൂടുക.

കൃഷിയിൽനിന്നുള്ള ആദായത്തിന്ന് ഒരു ക്ലിപ്തവുമില്ലാത്തതും, ഓരോ കൊല്ലത്തിലും, ഓരോതരത്തിൽ മഴയേയും മറ്റു കാലവ്യത്യാസങ്ങളേയും, ആശ്രയിച്ചു്. പല വ്യത്യാസ ത്തിൽ ആദായമുണ്ടാകും. അതായതു കൊല്ലങ്ങളിലെ ആദായം എത്രയാണെന്ന് തെളിവു കൊടുക്കുന്നതിന്നും സാദ്ധ്യമല്ല. അതിനാൽ കൃഷിയാദായത്തിന്ന് നികുതി ചുമത്തുന്നതിൽ പല കഷ്ടപ്പാടുകൾക്കും ഇടവരുന്നതാകുന്നു.

കൃഷിക്കാർക്ക് അത്യാവശ്യമായ യാതൊരു ജലസേചനപദ്ധതികളും സർക്കാരിൽനി ന്ന് ചെയ്തുകൊടുത്തിട്ടില്ല. കായ്മായ യാതൊരാനുകൂല്യങ്ങൾ ചെയ്യാതിരിക്കെ ഇപ്പോൾ കൃഷി ആദായത്തിന്ന്, നികുതി ചുമത്തത്തക്കതല്ല.

കൂടാതെ ഞങ്ങളുടെ താലൂക്കുകളിൽ കായ്മായ ഉല്പന്നം നെല്ലാണ്. നെല്ലിന്ന് പറ ക്ക് ഒരുരൂപാ ആറണവീതമേ വിലവരുന്നുള്ളു. ഇപ്പോഴത്തെ കാലസ്ഥിതിയിൽ ചുരുങ്ങിയ ത് ഉഴുപ്പികയോളം ചിലവിട്ടാൽതന്നെ ഒരുപറ നെല്ലുണ്ടാകുന്നതിന്ന് സാദ്ധ്യപ്പെട്ട തല്ല. അങ്ങിനെ വില കുറവിനാൽ വലുതായ ഒരു നഷ്ടം സഹിച്ചുകൊണ്ടിരിയ്ക്കെ, പു തിയതായ ഒരു നികുതി ചുമത്തുന്നതു് ന്യായമല്ല.

അടുത്തകാലത്താണ് സെയിൽ ടാക്സും വാഹനനികുതിയും നടപ്പിൽ വരുത്തിയ ത്. കൃഷിയിൽനിന്നുണ്ടാകുന്ന സാധനങ്ങൾ വില്ക്കുമ്പോൾ ഈ നികുതിനിമിത്തം വിലകു റവു് വന്നുകൂടുന്നുണ്ട്. കച്ചവടക്കാർ ഈ നികുതി നിമിത്തം സാധനങ്ങൾക്ക് കുറച്ചുവി ലയേ ഇപ്പോൾ വയ്ക്കുന്നുള്ളു. (ചില സാധനങ്ങൾ നിലക്കടല കാട്ടൻ, ചാമ, റാഗി, നാ ളികേരം).

അതുപോലെ വാഹന നികുതിയും കർഷകനെ പ്രത്യേകമായി ബാധിക്കുന്നു. കർഷ കന്റെ വാഹനങ്ങളിൽ, കൃഷിയാവശ്യത്തിന്ന് ഉപയോഗിക്കുന്നവ പ്രത്യേകിച്ചും, കർഷ കൻ താമസിക്കുന്ന വില്ലേജിൽമാത്രം ഉപയോഗിക്കുന്നവയാണ്. അതിനാൽ ചുങ്കം കൊടു ക്കേണ്ടിവരുന്ന സമയങ്ങൾ വളരെ ചുരുക്കമായിരിക്കുന്നു. എന്നാൽ ഇപ്പോൾ സകലവി ധ വാഹനങ്ങൾക്കും നികുതികൊടുക്കേണ്ടതായി വന്നിരിക്കുന്നു. അതിനാൽ ഇങ്ങിനെ കൃഷിയാദായത്തിന്ന നികുതി കൊണ്ടുവരുവാൻ പാടുള്ളതല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഞാൻ ഈ ബില്ലിനെ സന്തോഷത്തോടുകൂടി സ്വാഗതംചെയ്തുകൊള്ളുന്നു. ബഹുമാനപ്പെട്ട ജന്മി മെമ്പർ ഈ ബില്ലിനെ അനുകൂലിച്ച പ്പോൾതന്നെ നമുക്ക് നല്ലപോലെ മനസ്സിലാക്കാൻ സാധിച്ചു, ഈ ബിൽകൊണ്ട് ആക്കാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Velayudhan]

ണം ഗ്രണം സിദ്ധിക്കുവാൻ പോകുന്നതു് എന്നു്. വാസ്തവത്തിൽ ജന്മിമെമ്പർ അനുകൂലിച്ചു കൊണ്ടായിരുന്നു പ്രസംഗിച്ചിരുന്നതു എങ്കിൽ തീർച്ചയായും ഈ ബില്ലിലെ ഉള്ളടക്കം നോക്കാതെതന്നെ എതിർക്കുമായിരുന്നു. അങ്ങിനെയുള്ള ഒരു പാരമ്പര്യമാണു് നമ്മുടെ ജന്മിമെമ്പർ ഈ കൌൺസിലിനകത്തും, ബാക്കിയുള്ള ജന്മിമാർ കൌൺസിലിനു പുറത്തും സൃഷ്ടിച്ചിട്ടുള്ളതു്. സാധാരണയായി ലോകത്തിൽ സാധുക്കളായ തൊഴിലാളികളും, കൃഷിക്കാരും ഒരുഭാഗം. മുതലാളികളും, ജന്മികളും ദൈവത്തിന്റെ പേരുംപറഞ്ഞു പുരോഹിതന്മാരും ഇങ്ങിനെ രണ്ടു വിഭാഗങ്ങളാണു് ഉള്ളതു്. ആദ്യം പറഞ്ഞവർ കഷ്ടത അനുഭവിക്കുന്നവരും ഏറ്റവും വലിയ ത്യാഗികളുമാണു്. മറ്റവരുടെ കാര്യം പറയുകയാണെങ്കിൽ, ലോകചരിത്രംതന്നെ പരിശോധിച്ചു നോക്കുന്നതായാൽ നമുക്കു മനസ്സിലാക്കുവാൻ സാധിക്കും, ഈശ്വരന്റെ പേർ പറഞ്ഞുകൊണ്ടു് പുരോഹിതന്മാർ ഏറ്റവും വലിയ കലാപവും, യുദ്ധവും മറ്റും നടത്തീട്ടുള്ളവരാണു് എന്നു്. ജന്മികളും മുതലാളിമാരും സൃഷ്ടിച്ചിട്ടുള്ള മർദ്ദിതനയത്തെപ്പറ്റി പറയേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട ജന്മിമെമ്പറുടെ പ്രസംഗം കേട്ടപ്പോൾ ഇങ്ങിനെയുള്ള സകല താല്പര്യക്കാരുടേയും ആവശ്യങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടാണൊ ഇത്രയും വലിയ നെടുനീളൻ പ്രസംഗം ചെയ്തതെന്നു എനിക്കു തോന്നിപ്പോയി. ഈ കാരണംകൊണ്ടുതന്നെയാണു്, ഈ ബില്ലിനെഏറ്റവും ശക്തിയായിഞാൻ അനുകൂലിക്കുന്നതു്. സമതാസുന്ദരവും സുരഭിലസുന്ദരവുംപരിപാവനവുമായ, സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായ ഒരന്തരീക്ഷം സൃഷ്ടിക്കലാണു് സോഷ്യലിസ്റ്റു് പാർട്ടിയുടെ ഉദ്ദേശംതന്നെ. ഏതാമാസം മുമ്പുവരേയും, ഈ മന്ത്രിസഭ ഭരണം കയ്യേല്ക്കുന്നതിനു പിമ്പു് ഇന്നുവരേയും ഈ കൌൺസിലിനകത്തു് നടന്നിട്ടുള്ള വാദപ്രതിവാദങ്ങളും നോക്കുകയാണെങ്കിൽ, മുഖ്യമുള്ള എല്ലാവർക്കും മനസ്സിലാക്കുവാൻ സാധിക്കും, ഏറ്റവും പുരോഗമനമായ വിധത്തിലുള്ള ഒരു ബില്ലാണു് ഇന്നു ഇവിടെ കൊണ്ടുവന്നിട്ടുള്ളതു് എന്നു്. പ്രതിപക്ഷത്തുനിന്നു് ഇതിനു എത്രതന്നെ എതിർപ്പുണ്ടായാലുംശരി എന്തെല്ലാം പ്രകടനങ്ങളും നടത്തിയാലുംശരി, എത്രതന്നെ ത്യാഗംചെയ്തുകൊണ്ടുംകഷ്ടത അനുഭവിച്ചും ഇതു പാസ്സാക്കാനുള്ള ശക്തി ഞങ്ങൾക്കുണ്ടെന്നു് ഈ ബില്ലിന്റെ അവസാനത്തിൽ ഞങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നതാകുന്നു. ആ ഭാഗത്തുകാർ ഇതിനെ സംബന്ധിച്ചു് എതിർത്തപ്പോൾ അത്ഥശൂന്യമായ, യാതൊരു തരത്തിലും ഗൌരവമില്ലാത്തതായ അനാവശ്യതർക്കങ്ങളായിരുന്ന മുന്നോട്ടു ഉന്നയിച്ചുകൊണ്ടിരുന്നതു്.

Mr. President: Order, Order. The House stands adjourned.

The House adjourned at 5 p.m.

P. NARAYANA SWAMI

Secretary

APPENDIX I

(Please see Answer to question No. 169)

List of Gentlemen to whom permits have been issued in 1122 to purchase new cars

1. Chief Engineer for State use for 10 cars.
2. Executive Engineer, Machanical and Electrical Division for State use for 9 cars.
3. Dr. A. K. Menon, Civil Surgeon, Trichur.
4. Mr. A. G. Milne, Administrative Officer, Cochin Habour.
5. H. H. Ravi Varma Thampuran, 55th Prince, Ernakulam.
6. Mr. P. Nilakanta Menon, Retired Chief Justice.
7. Mr. K. T. Koshi, Puisne Judge, Ernakulam.
8. Mr. N. O. Inasu, Engineering Contractor, Trichur.

LIBRARY ARCHIVES Kerala Legislative Assembly